REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം

# ചിത്രവാരിക

25th VRISCHIGOM 1110

10th DECEMBER 1934.



അമേരിക്കൻസഞ്ചാരം കഴിഞ്ഞു് ഇംഗ്ലണ്ടിൽ മടങ്ങി എത്തിയിരിക്കുന്ന ബ്രിട്ടീഷ് ലാൺടെന്നിസ്സ് അംഗങ്ങൾ.
ഇടത്തുനിന്നും— 1. മിസ്സ് ഫ്രഡാജേംസ്, 2. മിസ്സ് ബെറി നട്ടാൾ, 3. മിസ്സ് കേ സ്റ്റാമേഴ്സ്
U. P. S.

VOL. VII. NO. 14

Price As. 2. വില ൨ ണ.

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

സ്തോത്രഗ്രന്ഥങ്ങൾ.

## നാരായണീയം.

ഭാഷാവ്യാഖ്യാനസഹിതം.

മഹാവിഷ്ണുവിന്റെ വിവിധാവതാരലീലകളെ വൎണ്ണിക്കുന്നതും കാവ്യഗുണസമ്പൂൎണ്ണതകൊണ്ട് ഏതു ഗ്രന്ഥത്തോടും കിടപിടിക്കത്തക്കതും, ഘടനാസൌഷ്ഠവംകൊണ്ട് അവൎണ്ണ്യമായ ആദരാതിശയത്തെ ജനിപ്പിക്കുന്നതും, സൎവ്വോപരി അത്യന്തം ഭക്തിരസമധുരവും ഭക്താഗ്രേസരനായ കവിയുടെ യഥാൎത്ഥമായ ആത്മസാക്ഷാൽകാരത്തിന്റെ വിജയവൈജയന്തിയും ആയ ശ്രീമന്നാരായണീയം വിശദലളിതവും സരളമധുരവുമായ വ്യാഖ്യാനസഹിതം മലയാളികളുടെ മുന്നിൽ അവതരിപ്പിച്ചിരിക്കുന്നു. "രോഗം നിങ്ങാൻ എന്തുവേണം? മഹാദുഃഖം തീരാൻ എന്തുവേണം? മുക്തിക്കു മാൎഗ്ഗം ഏതൊന്നാണ്? ശ്രീനാരായണീയം പാരായണം ചെയ്യണം" വില അണ 12.

## സംക്ഷിപ്തഭാരതം.

ലക്ഷത്തിൽപരം ഗ്രന്ഥമുള്ള മഹാഭാരതം എന്ന ദിവ്യഗ്രന്ഥം ഓരോ ദിവസവും മുഴുവൻ വായിച്ചുതീൎക്കുവാൻ ആൎക്കും സാധിക്കുന്നതല്ലല്ലോ. ആകയാൽ ഭാരതകഥ മുഴുവൻ സംഗ്രഹിച്ചു ശ്രീവേദവ്യാസൻ നിൎമ്മിച്ച 'സംക്ഷിപ്തഭാരതം' എന്ന ചെറുഗ്രന്ഥം—ഏതാനും ശ്ലോകങ്ങളിൽ ആ ഇതിഹാസത്തെ സംഗ്രഹിച്ചിരിക്കുന്ന പുണ്യഗ്രന്ഥം—വ്യാഖ്യാനസഹിതം പ്രസിദ്ധീകരിച്ചിരിക്കുന്നു. സംസ്കൃതജ്ഞാനമില്ലാത്തവൎക്കുപോലും നിത്യപാരായണത്തിനു സുഗമമാക്കിത്തീൎത്തിരിക്കുന്ന ഈ അനൎഘരത്നത്തിനു വില അണ 8.

## ദേവീമാഹാത്മ്യസംഗ്രഹം

സവ്യാഖ്യാനം.

ഒരു പ്രാചീന സംസ്കൃതകൃതി.

പഴയ താളിയോലഗ്രന്ഥത്തിൽനിന്നും പകൎത്തി വിശദമായ വ്യാഖ്യാനത്തോടുകൂടി അച്ചടിച്ച് ഇതാ പ്രസിദ്ധം ചെയ്തിരിക്കുന്നു. 'ദേവീമാഹാത്മ്യ'ത്തിന്റെ വൈശിഷ്ട്യം സുപ്രസിദ്ധമാണല്ലോ. ദേവീഭക്തന്മാൎക്കു ഇതു വിശേഷിച്ചും ആവശ്യമാണ്. വില അണ 2.

## സ്തോത്രരത്നാകരം.

വ്യാഖ്യാനസഹിതം.

ഭക്തിരസപ്രധാനവും സാഹിത്യഗുണപരിപുഷ്ടവും ആയി ഏകകാലത്തു ശോഭിക്കുന്ന ഒരു ഉത്തമഗ്രന്ഥം ഈശ്വരൻ എന്ന ആശയത്തിന് എന്തെല്ലാം അൎത്ഥവ്യത്യാസം കാലചക്രഭ്രമണത്തിനിടയിൽ വന്നുപോയിട്ടുണ്ടെങ്കിലും ഒരു ഹിന്ദുവിനു ഭക്തിബാഹുല്യംകൊണ്ടു തന്റെ ഹൃദയത്തെ ഒരുദിവസമെങ്കിലും സേചനം ചെയ്യാതിരിക്കുവാൻ സാധിക്കുന്നില്ല. ആകയാൽ സ്തോത്രങ്ങൾ എന്നും ആദരണീയങ്ങളായിരിക്കയേയുള്ളു എന്നു സധൈൎയ്യം പറയാം. വ്യാഖ്യാനത്തിന്റെ മാധുൎയ്യവും ഭക്തിരസപ്രകൎഷവും അനുഭവിച്ചറിയാവുന്നതാകയാൽ വൎണ്ണിക്കുന്നില്ല. അത്യാകൎഷകമായി ബയന്റുചെയ്തിട്ടുള്ളതും മുന്നൂറോളം പേജുകളുള്ളതും ആയ ഈ പുസ്തകത്തിനു വില രൂപാ 1 മാത്രം.

## ശ്രീഗുരുഗീത.

മംഗളം, ന്യാസങ്ങൾ, ധ്യാനം, ഇവയോടുകൂടിയതും, ഉമാമഹേശ്വരസംവാദരൂപവും, ഗുരുമാഹാത്മ്യം, ഗുരുവാക്യവിവരണം, പിണ്ഡം, പദം, രൂപം, രൂപാതീതം മുതലായവയുടെ വ്യാഖ്യാനങ്ങൾ അടങ്ങിയിരിക്കുന്നതും, ഗുഹ്യാൽ ഗുഹ്യതരവും ആയ ഈ ഗുരുഗീത ഹിന്ദുക്കളായ മലയാളികൾ നിത്യപാരായണം ചെയ്യേണ്ടതാണ്. വില അണ 4

## സൌന്ദൎയ്യലഹരി.

അത്യുത്തമമായ ഒരു സ്തോത്രഗ്രന്ഥം.

ഭക്തിരസം വഴിഞ്ഞൊഴുകുന്ന ഈ കൃതി ആദിശങ്കരാചാൎയ്യഗുരുപാദവിരചിതമായ നൂറു പ്രൗഢപദ്യങ്ങൾ അടങ്ങിയിട്ടുള്ള ഒന്നാണ്. ആദ്യത്തെ ൪൧ പദ്യങ്ങൾക്കു ആനന്ദലഹരിയെന്നും ശേഷമുള്ള ൫൯ പദ്യങ്ങൾക്കു സൗന്ദൎയ്യലഹരിയെന്നും നാമങ്ങൾ സുപ്രശസ്തങ്ങളാണ്. ആനന്ദവാഗ്ദേവിയാൽ സമാശ്ലിഷ്ടനായി, സ്വതന്ത്രസ്വതന്ത്രനായി വിദ്വൽജ്ജനസമാരാധ്യനായിരുന്ന ആ ലോകഗുരു ലോകോപകാരാൎത്ഥം സംസ്കൃതത്തിൽ രചിച്ചിരുന്ന ഈ സ്തോത്രത്തെ അന്വയം, അൎത്ഥം, വ്യാഖ്യാനം ഈ ക്രമത്തിനുള്ള സരളമായ വ്യാഖ്യാനസഹിതം ഇതാ പ്രസിദ്ധംചെയ്തിരിക്കുന്നു. വില 6 ണ മാത്രം.

## കൃഷ്ണഗാഥ.

പണ്ഡിതാഗ്രേസരനായ ശ്രീമാൻ പി. കെ. നാരായണപിള്ള അവൎകളുടെ സമഗ്രമായ നിരൂപണത്തോടുകൂടിയ ഈ ഗ്രന്ഥം സാഹിത്യപ്രണയികൾക്കും വിശിഷ്യാ അദ്ധ്യാപകാദ്ധ്യേതാക്കന്മാൎക്കും അതിവിശിഷ്ടമായ ഒരനുഗ്രഹമാണ്. ഇംഗ്ലീഷു മുതലായ പരിഷ്കൃതസാഹിത്യസാമ്രാജ്യങ്ങളിൽ പ്രാചീനകൃതികളെപ്പറ്റിയുള്ള നിരൂപണങ്ങളിൽ കവി, കാലം, കഥാവസ്തുവിന്റെ ആഗമം മുതലായ വാദവിഷയങ്ങളുടെ കൂലങ്കഷമായ പരിശോധനയുൾപ്പെടുന്ന സമഗ്രവും സുദീൎഘവുമായ ഇതിലെ നിരൂപണം ആ രീതിയെ അവലംബിച്ചുകൊണ്ടു പ്രൗഢമായ അവതാരികാരൂപത്തിൽ പ്രശോഭിക്കുന്നു. കവി, കാലം മുതലായവയെപ്പറ്റിയുള്ള ചൎച്ച, കഥാവസ്തുവിന്റെ വിവരണം, കവിതയുടെ ഗുണങ്ങൾ എന്നീ വിഷയങ്ങളും പ്രസംഗവശാൽ കവിതയെന്നതിനെപ്പറ്റിത്തന്നെ ഒരു വിചിന്തനവും ഈ അവതാരികയിൽ ഉൾപ്പെടുന്നു. അവിടവിടെയുള്ള പല പാഠഭേദങ്ങളും ഫുട്ട്നോട്ടുരീതിയിൽ ചേൎത്തിട്ടുണ്ട്. മധുരകോമളകാന്തപദാവലികൊണ്ട് ആപാദചൂഡം രമണീയമായ കൈരളിയുടെ ഈ ദിവ്യസമ്പത്തിനെപ്പറ്റി ഒരു വിവരണം ആവശ്യമേയില്ല. നല്ല മേനിക്കടലാസിൽ അച്ചടിച്ചു ഭംഗിയായി ബയന്റുചെയ്തിട്ടുള്ളതിന്

വില 1 രൂ. 4 ണ.

മേനിക്കടലാസിൽ 1 രൂ. 8 ണ.

കൂടാതെ ഭാഗവതം, ഭാരതം, രാമായണം ആദിയായ കിളിപ്പാട്ടുകൾ, പലമാതിരിയിലുള്ള ഗദ്യപുസ്തകങ്ങൾ, സംഗീതനാടകങ്ങൾ, ഊഞ്ഞാൽപ്പാട്ടുകൾ, തുള്ളൽക്കഥകൾ, ആട്ടക്കഥകൾ മുതലായ എല്ലാ പുസ്തകങ്ങളും വില്പനയ്ക്കു എപ്പോഴും തയ്യാറുണ്ട്. കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ ക്യാററ്ലോഗിന് അപേക്ഷിക്കുക

# മലയാളരാജ്യം

ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ വൃശ്ചികം ൨൭-ാംനു- തിങ്കളാഴ്ച. | ലക്കം ൧൪.


മിസ് സുബേദബാനു.



ഒരു പ്രസിദ്ധ താരം.

# ഒരു ഭീമപ്രതിമ.

ലോകത്തെ സപ്തമഹാത്ഭുതങ്ങളിൽ ഒന്നു് അത്യന്തം ഭീമമായ ഒരു ഓട്ടുപ്രതിമയായിരുന്നു. ആയിരുന്നു എന്നു പറഞ്ഞതിൽനിന്നുതന്നെ ഇന്നു അതു അവശേഷിക്കുന്നില്ലെന്നു വ്യക്തമായി. വിശ്വസിക്കാൻ വിഷമമായ ഒരു വലിപ്പമാണു ഇതിനുണ്ടായിരുന്നതു് ക്രിസ്ത്വബ്ദാരംഭത്തിനു രണ്ടു ശതവർഷം മുമ്പുതന്നെ ഈ ലോഹവിഗ്രഹം സ്ഥാനത്തുനിന്നു ഇളകി വീണുപോയി. അതിന്റെ യാതൊരു അംശംപോലും ഇന്നു ശേഷിക്കുന്നില്ല. ധനാഗ്രഹത്താൽ മനുഷ്യൻ അതിനെ ഖണ്ഡംഖണ്ഡമായി വിററഴിച്ചു. ഇന്നത്തെ ശില്പകലാവല്ലഭന്മാർക്കു നിർമ്മിക്കുവാൻ സാധിക്കാത്തവിധത്തിലുള്ള മഹാപരിമാണവും ശില്പകൌശലവുമാണു് പ്രസ്തുതവിഗ്രഹത്തെ അത്ഭുതങ്ങളുടെ കൂട്ടത്തിലുൾപ്പെടുത്തിയതു്.

ഗ്രീസിനും ഏഷ്യാമൈനറിനും മദ്ധ്യേ ചെറുതും വലുതുമായി അനേകം ദ്വീപങ്ങൾ സ്ഥിതിചെയ്യുന്നുണ്ടു്. അവയിൽ സാമാന്യം വലിപ്പമുള്ളതും ഏഷ്യാമൈനറിനോടു സമീപിച്ചുകിടക്കുന്നതും ആയ ഒരു ദ്വീപമാണു റോഡ്സ്. ഏജിയൻ ദ്വീപസഞ്ചയമെന്നറിയപ്പെടുന്ന ഈ ദ്വീപുകൾ ഒരുകാലത്തു നാഗരികതയിലും സംസ്കാരത്തിലും മുന്നണിയിൽ നില്ക്കുന്ന ഭൂഭാഗങ്ങളായി പ്രശോഭിച്ചിരുന്നു. അവയിൽ റോഡ്സ് സർവ്വപ്രാധാന്യം വഹിക്കയും ചെയ്തിരുന്നു. റോഡ്സിലെ അധിഷ്ഠാനദേവതയായി ജനങ്ങൾ ആരാധിച്ചുവന്ന സൂര്യദേവന്റെ (ഹീലിയോസ്, അപ്പോളൊ എന്നെല്ലാം ഈ ദേവനു പേരുകളുണ്ടു്) ഒരു ഭീമവിഗ്രഹമാണു കൊളോസസ്സ്. ഇതിന്റെ നിർമ്മിതി ക്രിസ്തുവിനു മുന്നൂറോളം സംവത്സരം മുമ്പാണു നടന്നിട്ടുള്ളതു്. പ്രതിമ സ്ഥാപിച്ചിരുന്ന സ്ഥലംതന്നെ ഏതാണെന്നു ഖണ്ഡിച്ചുപറയുവാൻ വേണ്ട ലക്ഷ്യങ്ങൾ ഇന്നില്ല. ഇങ്ങനെയൊരു പ്രതിമയുണ്ടായിരുന്നു എന്നുള്ളതിനു തക്കതായ ചരിത്രലക്ഷ്യങ്ങൾ ഉണ്ടുതാനും. ക്രിസ്ത്വബ്ദാരംഭത്തിനിപ്പുറം ആദ്യശതകത്തിൽ ഏജിയൻദ്വീപുകൾ സന്ദർശിച്ച റോമൻചരിത്രകാരനായ പ്ലിനി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "റോഡ്സിൽ സ്ഥാപിക്കപ്പെട്ടിരുന്ന അതിഭീമപ്രമാണമായ സൂര്യപ്രതിമ അത്യന്തം അത്ഭുതാവഹമായ ഒന്നാണു്. ഒരു ലിൻഡ്യനായ ചാറിസ് ആണു് ഇതിന്റെ നിർമ്മാതാവു്. എഴുപതു 'ക്യൂബിററ്സ്' ആണു വിഗ്രഹത്തിന്റെ പൊക്കം. സ്ഥാപിച്ചു് അൻപത്താറുവർഷം കഴിഞ്ഞപ്പോൾ ഉണ്ടായ ഒരു ഭൂകമ്പം ഈ മഹാപ്രതിമയെ നിലംപതിപ്പിച്ചു. ഇപ്പോൾ അതു കിടക്കുന്ന കിടപ്പിൽതന്നെ അതു നമ്മെ വിസ്മയാധീനരാക്കുകയും, നമ്മുടെ കല്പനാശക്തിയെ അതിമാത്രം വ്യാപരിപ്പിക്കുകയും ചെയ്യുന്നുണ്ടു്. പ്രതിമയുടെ തള്ളവിരലിനെ ഒന്നു സമാശ്ലേഷിക്കുന്നതിനു ഏതൊരു മനുഷ്യന്റെയും ഭുജാന്തരാളം മതിയാകുന്നതല്ല. വിരലുകൾതന്നെ മററു ഏതൊരു പ്രതിമയേയുംകാൾ വലുതാണു്. പ്രതിമയിൽനിന്നു കൈകാലുകൾ അകററിയിരിക്കുന്ന സ്ഥാനങ്ങൾ കണ്ടാൽ വായും പിളർന്നിരിക്കുന്ന മഹാഗഹ്വരങ്ങളാണെന്നു തോന്നും. ആ ഗഹ്വരങ്ങളുടെയുള്ളിൽ അനേകം വലിയ ശിലാഖണ്ഡങ്ങൾ കാണ്മാനുണ്ടു്. ഉള്ളിൽ ഇത്തരം ശൈലഖണ്ഡങ്ങൾ നിറച്ചാണു ഈ വിഗ്രഹത്തെ യഥാസ്ഥാനത്തു നിർത്തുകയെന്നതു് നിർമ്മാതാക്കൾ സാധിച്ചതു.

കൊളോസസ്സിനെപ്പററി അനേകവിധത്തിലുള്ള ഐതിഹ്യങ്ങളാണു പ്രചരിച്ചുവന്നിട്ടുള്ളതു്. ഭാരതീയപുരാണങ്ങളിൽ ഒരു മലയിൽ തലയും വേറേ ഒരു മലയിൽ കാലും വച്ചുകൊണ്ടു അർജ്ജുനന്റെ പുത്രനായ ഇരാവാൻ ശയിക്കപതിവായിരുന്നു എന്നും മലകളുടെ നടുവേയുള്ള വഴിയിൽക്കൂടി ഗതാഗതം ചെയ്യേണ്ട ആവശ്യം നേരിടുന്നവർ ഇരാവാന്റെ കാലുകൾക്കിടയിൽക്കൂടി കടന്നുപോകയാണു ചെയ്തുവന്നിരുന്നതെന്നും ഒരിക്കൽ അഭിമന്യുവും ഘടോൽകചനുംകൂടി അതിലെ സഞ്ചരിക്കാനിടവന്നപ്പോൾ ഇങ്ങനെ കാലിനടിയിൽക്കൂടി പോകുന്നതു ക്ഷത്രിയോചിതമല്ലെന്നു കാണുകയാൽ ഇരാവാനുമായി യുദ്ധം ചെയ്യാനിടവന്നു എന്നും ഒടുവിൽ വീരനായകന്മാരായ ഇരുപക്ഷക്കാരും പരസ്പരം ആളറിഞ്ഞു സഹോദരവാത്സല്യം കൊണ്ടാടി എന്നും മററും ഒരു കഥയുള്ളതായി കേട്ടിട്ടുണ്ടു്. ഏതാണ്ടു അപ്രകാരമാണു് ഈ മഹാപ്രതിമയുടെ നില്പിനെപ്പററിയും പറഞ്ഞുവന്നതു. റോഡ്സിന്റെ വടക്കുകിഴക്കരികിൽ ഉള്ള ഒരു തുറമുഖത്തിങ്കലാണു ആ പ്രതിമ സ്ഥാപിച്ചിരുന്നതെന്നും അതിന്റെ അടിയിൽക്കൂടിയല്ലാതെ കപ്പലുകൾക്കു ഗതാഗതം ചെയ്യാൻ നിവൃത്തിയില്ലാത്ത വിധത്തിൽ കാലുകൾ അത്ര അകററിയാണു പണി ചെയ്തു നിർത്തിയിരുന്നതെന്നും പറയപ്പെടുന്നു. ഈ വിശ്വാസത്തെ ആസ്പദമാക്കിയും മഹാപരിമാണത്തെക്കുറിക്കുന്നതായിട്ടും 'കൊളോസ്സൽ' എന്ന ഒരു പദംതന്നെ സാഹിത്യസമ്മതമായിത്തീർന്നിട്ടുണ്ടു്. ഐതിഹ്യങ്ങൾ എങ്ങനെയിരുന്നാലും പ്രതിമയുടെ യഥാർത്ഥസ്ഥാനത്തെക്കുറിച്ചുള്ള വിശ്വാസയോഗ്യങ്ങളായ ചരിത്രസഹായകലക്ഷ്യങ്ങൾ കേവലം ശൂന്യപ്രായങ്ങളാണു. പുരാതനഗ്രന്ഥകാരന്മാരുംതന്നെ പ്രസ്തുതപ്രതിമയെ തുറമുഖത്തിന്റെ ഇരുകരകളിൽ കാലുകൾ വച്ചിരിക്കുന്ന നിൽപിൽ വർണ്ണിച്ചുകാണുന്നില്ല. ഒരു ഗ്രീക്കുശില്പി ഒരു ദേവന്റെ വിഗ്രഹത്തെ അങ്ങനെ ലാഘവബുദ്ധിയോടും കലാബുദ്ധികൂടാതെയും സ്ഥാപിക്കുമെന്നു വിചാരിക്കുന്നതും സാഹസമാണു്. കൈകൾ ഉയർത്തിപ്പിടിച്ചും ദിഗംബരരൂപത്തിലും കാലുകൾ അടുപ്പിച്ചുവച്ചും ഉള്ള നിലയിലാണു് ഈ പ്രതിമ ആദ്യം സ്ഥാപിക്കപ്പെട്ടിരുന്നതെന്നാണു് പൊതുവെ അംഗീകൃതമായുള്ള അഭിപ്രായം.

പ്രതിമയുടെ പൊക്കത്തെപ്പററി പ്ലിനി എന്ന ചരിത്രകാരന്റെ കണക്കുകൾ വിശ്വാസയോഗ്യമായി സ്വീകരിക്കാവുന്നതാണു്. മററു ചരിത്രകാരന്മാരും ആ അഭിപ്രായത്തെ അനുകൂലിച്ചിട്ടുണ്ടു്. എഴുപതു 'ക്യൂബിററു' എന്നുള്ളതു ഏകദേശം 105 അടിക്കു തുല്യമാണു് ഇപ്രകാരം പതിനെട്ടോ ഇരുപതോ ആൾ പൊക്കത്തിൽ നിർമ്മിച്ചിരുന്ന ഈ വിഗ്രഹത്തിന്റെ ഭീമപരിമാണം ഊഹ്യമാണല്ലോ. ഓട്ടുകൊണ്ടു ഓരോ അംശവും വാർത്തെടുത്തു ചേർത്തു നൌകാശയത്തിന്റെ പ്രാന്തത്തിൽ സ്ഥാപിച്ചിരുന്ന പൊക്കമേറിയ അടിത്തറമേൽ മെല്ലെമെല്ലെ ഉയർത്തിനിർത്തുകയാണു ചെയ്തിരുന്നതെന്നും ഊഹിക്കാം. ഈ വലിയ ഭാരം മുഴുവനും താങ്ങത്തക്കവണ്ണം വിഗ്രഹത്തിന്റെ കാലുകൾക്കു ബലവും ഉറപ്പും തൂക്കവും ഉണ്ടായിരിക്കണമെന്നുള്ളതും വ്യക്തമാണല്ലോ. ആകയാൽ കാലുകളായി പണിതുണ്ടാക്കിയ ഭീമങ്ങളായ ലോഹനാളങ്ങൾക്കുള്ളിൽ അതിവിദഗ്ദ്ധമായ ശില്പകൗശലം സാധിച്ചിരുന്നു. ഗുഹാസദൃശങ്ങളായ പാദനാളങ്ങളിൽ ശൈലഖണ്ഡങ്ങൾ കണ്ടതായി പ്ലിനി പ്രസ്താവിച്ചിരിക്കുന്നതു ഈ ഘട്ടത്തിൽ ഓർമ്മിക്കേണ്ടതാണു്. പ്രതിമ ആദ്യം നിന്നിരുന്ന നിലയിൽ കാൽമുതൽ ശിരസ്സുവരെ അതിവിചിത്രമായ ഒരു സോപാനപരമ്പര ഉണ്ടായിരുന്നു എന്നും പ്രതിമയുടെ കണ്ണുകളുടെ സ്ഥാനത്തു ഘടിപ്പിച്ചിരുന്ന ദീപങ്ങൾ ഒരു ദീപസ്തംഭത്തിന്റെ ജോലി നിർവ്വഹിച്ചിരുന്നു എന്നും പ്രബലമായി വിശ്വസിക്കപ്പെടുന്നുണ്ടു്. പ്രതിമ ആദ്യം നിന്നിരുന്ന സ്ഥാനം ഏതെന്നു നിർവിവാദമായി തെളിയിക്കുന്ന ലക്ഷ്യങ്ങൾ ഒന്നുംതന്നെ ഇല്ലതാനും.

ഈ പ്രതിമ ലോകത്തെ ഏററവും വലിയ 'മനുഷ്യപ്രതിമ'യായിരുന്നു എന്നു മാത്രമല്ല, അതു സർവ്വലക്ഷണങ്ങളും തികഞ്ഞ ഏററവും പൂർണ്ണമായ ഒരു മഹാശില്പംതന്നെയായിരുന്നു എന്നുമാണു അതിനെ കാണ്മാൻഭാഗ്യമുണ്ടായിരുന്നവർ ഉൽഘോഷിച്ചിട്ടുള്ളതു്. ഇപ്രകാരം അതു മനുഷ്യാകൃതിയിൽ മനുഷ്യൻ നിർമ്മിച്ചിട്ടുള്ള പ്രതിമകളിൽ അളവിലും പൂർണ്ണതയിലും പ്രഥമസ്ഥാനം വഹിച്ചിരുന്നു. ഇത്തരം വിഷയങ്ങളിൽ പുരാതനഗ്രീക്കുകാർ അതികുശലമായ നിരൂപണസാമർത്ഥ്യത്തോടുകൂടിയവരായിരുന്നു എന്നും ഓർക്കേണ്ടതാണു്. ഇപ്രകാരമെല്ലാമിരുന്നാലും ഈ പ്രതിമയുടെ നിർമ്മിതി സാധിച്ച ശില്പവിദഗ്ദ്ധനായ ചേറിസ് തന്റെ ജോലി മിക്കവാറും പൂർണ്ണമായപ്പോൾ എന്തോ ഒരു തെററു കണ്ടുപിടിപ്പാനിടയായെന്നും അത്യന്തമായ ഇച്ഛാഭംഗംനിമിത്തം ആത്മഹത്യ ചെയ്തു എന്നും ഒരു കഥ പരന്നിട്ടുണ്ടു്. ആ പ്രമാദം എന്തായിരുന്നു എന്നോ ഏതു പ്രകാരമാണു് അതു കടന്നുകൂടിയതെന്നോ നിർണ്ണയിക്കുന്നതിനു തക്കുന്ന കഥകളൊന്നും പ്രചരിച്ചിട്ടുമില്ല. അതു ഗൌരവമേറിയ ഒരു പ്രമാദമായിരിക്കാനിടയില്ലെന്നു ഊഹിക്കുവാൻ അന്നത്തെ

ശില്പചാതുരിയും നിരൂപണകൗശലവും മതിയായ കാരണങ്ങളാണ്.

ഈ പ്രതിമ നിർമ്മിക്കുന്നതിനുള്ള കാരണങ്ങളെന്തായിരുന്നു എന്നന്വേഷിക്കുന്നതും രസാവഹമാണ്. ഇന്നു റോഡ്സ് ദ്വീപം വലിയ ധനപുഷ്ടിയൊന്നുമില്ലാത്ത ജനങ്ങളാൽ അധിവസിക്കപ്പെടുന്ന ഒരു അപ്രധാന ഭൂഭാഗം മാത്രമാണ്. കാലാവസ്ഥയനുസരിച്ചുള്ള പുരോഗതി ജനങ്ങളെ അനുഗ്രഹിക്കുന്നുമില്ലായിരിക്കാം. എന്നാൽ ഇതിൽനിന്നു കേവലം വ്യത്യാസപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്ന് അതു ലോകകാര്യങ്ങളിൽ അതിപ്രധാനമായ ഒരു ഭാഗംതന്നെ നിർവ്വഹിച്ചുപോന്നിരുന്നു. പ്രസ്തുത ദ്വീപത്തിൻെറ പ്രതാപങ്ങൾക്കു ഗണ്യമായ ഹാനിയുണ്ടായിത്തുടങ്ങിയതു പതിനാറാം നൂററാണ്ടിലെ ടർക്കിഷ് ആക്രമണകാലത്താണെന്നു ചരിത്രകാരന്മാർ പറയുന്നു. ഈ ദ്വീപത്തിൻെറ ആദിമചരിത്രം അവ്യക്തമാണെങ്കിലും ഹോമറിൻെറ കാലത്തിനുഎത്രയോ മുമ്പുതന്നെ അതു ഉച്ചമായ ഒരു പരിഷ്കാരദശയെ പ്രാപിച്ചിരുന്നു. ക്രീററ് എന്ന ദ്വീപത്തിലെ നിവാസികളിൽനിന്നു ഉൽഗമിച്ച സംസ്കാരരശ്മികൾ റോഡ്സിനെ വഴിയാംവണ്ണം ശോഭിപ്പിച്ചു; ആ സംസ്കാരത്തിൻെറ വാഴ്ചക്കാലത്തു റോഡ്സുകാരുടെ ക്ഷേമൈശ്വര്യങ്ങൾ സ്തുത്യർഹമാംവണ്ണം പുലർന്നിരുന്നു. ലോഹവേലകളിൽ അവരുടെ അന്യാദൃശപാടവം അനേകശതവർഷകാലത്തേക്കു യൂഫ്രെട്ടീസുമുതൽ നൈൽ വരെ അക്ഷീണപ്രശംസയ്ക്കു പാത്രമായിരുന്നു എന്നു മി ജെ എ. ബ്രെൻഡൻ പ്രസ്താവിക്കുന്നു. 'ക്രീററി'ൻെറ പ്രതാപങ്ങൾക്കു ഹാനി തട്ടിയതോടുകൂടി യവനന്മാർ റോഡ്സിൽ കുടിയേറി പാർത്തുതുടങ്ങി. അവർ അവിടെ 'ഏതൻസി'നെപ്പോലും തോല്പിക്കുന്ന ഒരു വലിയ തുറമുഖവും ഒരു മഹാനഗരവും പണിതുതീർത്തു. അതു റോഡ്സിൻെറ വടക്കുകിഴക്കേ കോണിലായിരുന്നു. ഇന്ന് ആ തുറമുഖം നികന്നുപോയി. ഈ സമുദ്രതീരമഹാനഗരത്തെ തലസ്ഥാനമാക്കി നാവികന്മാരും കച്ചവടക്കാരും ആയിരുന്ന റോഡ്സ് നിവാസികൾ അനേകവർഷകാലം ഏജിയൻപ്രദേശങ്ങളിലെ ഏററവും ധനികരായ ഒരു ജനതതിയായി ശോഭിച്ചു. ഇപ്രകാരം അനുദിനം വർദ്ധമാനമായിത്തീർന്ന അവരുടെ ഐശ്വര്യഗരിമ അയൽരാജക്കാരിൽ അത്യധികമായ അസൂയ ഉളവാക്കി. സ്പാർട്ടായുടേയും ഏതൻസിൻെറയും മേൽക്കോയ്മയ്ക്ക് അവർ കാലാന്തരത്താൽ മാറിമാറി കീഴടങ്ങേണ്ടതായും വന്നുകൂടി എങ്കിലും റോഡ്സ്നിവാസികളുടെ കപ്പലുകൾ മദ്ധ്യധരണ്യാഴി (മെഡിററേനിയൻ കടൽ)യലെ പ്രധാന ശക്തിയായിത്തന്നെ തുടർന്നുപോരികയും അവരുടെ ഐശ്വര്യാവസ്ഥ ഒരുവിധത്തിൽ നിലനിന്നുപോരികയും ചെയ്തിരുന്നു. ആദ്യം 'കേരിയാ'രാജാവായ മൌസോലസും അനന്തരം പേർഷ്യാക്കാരും റോഡ്സ്ദ്വീപത്തെ ജയിച്ചു കീഴടക്കി. ബി. സി. 340-ൽ അലക്സാണ്ടർമഹാരാജാവു പേർഷ്യാക്കാരിൽനിന്നു ഈ ദ്വീപിനെ മോചിപ്പിച്ചു. അലക്സാണ്ടറിൻെറ മരണത്തോടുകൂടി റോഡ്സിനു വീണ്ടും സ്വാതന്ത്ര്യം സിദ്ധിക്കയും ചെയ്തു. ഈ സ്വാതന്ത്ര്യലാഭത്തെ തുടർന്നു റോഡ്സിൻെറ ശുക്രദശ ഉച്ചഭാവത്തിലെത്തി. മദ്ധ്യധരണ്യാഴിയിലെ കച്ചവടത്തിൻെറ മുഖ്യകേന്ദ്രം അലക്സാണ്ടറിയാ ആയിരുന്നു എങ്കിലും പൌരസ്ത്യദേശങ്ങളിലെസമ്പത്തുകൾ അവിടങ്ങളിൽ കൊണ്ടുവന്നു വിതരണംചെയ്തതു റോഡ്സുകാരുടെ കപ്പലുകളായിരുന്നു. ഈജിപ്തിലും മററും തെക്കൻപ്രദേശങ്ങളിലുംനിന്നു വ്യാപാരസാധനങ്ങൾ കൊണ്ടുവന്നിരുന്നതും പ്രസ്തുത കപ്പലുകൾ തന്നെയായിരുന്നു.

അലക്സാണ്ടറിൻെറ കീഴിൽ സേവനം നടത്തിവന്നിരുന്ന സേനാനായകൻ ടോളമി ഈജിപ്തിലെ രാജാവായി തീർന്നതിനുശേഷം മുമ്പു ഒരു സഹസേനാധിപനായിരുന്ന ആൻറിഗോണസ് എന്ന മാസിഡോൺ രാജാവുമായി യുദ്ധത്തിലേപ്പെടേണ്ടിവന്നു. ബി. സി. 312-ലായിരുന്നു ഇവരുടെ മത്സരങ്ങൾ തീവ്രമായ യുദ്ധമായി കലാശിച്ചതു്- സ്വന്തതാല്പര്യങ്ങളെ രക്ഷിക്കുന്നതിനു ടോളമിയുടെ പക്ഷത്തുചേർന്നു നിൽക്കയാണു വേണ്ടതെന്നു റോഡ്സുകാർ തീരുമാനിച്ചു. അവർ ടോളമിക്കുവേണ്ടി ധൈര്യസമേതം പോരാടുകയും ചെയ്തു അവരുടെ നാവികസേനയുടെ വീര്യപരാക്രമങ്ങളുടെ ഫലമായി മാസിഡോണിയാക്കാർ നിശ്ശേഷം പരാജിതരായി. ആൻറിഗോണസ്സിനു റോഡ്സുകാരിൽ കഠിനവിദ്വേഷം തോന്നി. അവരെ തക്കതായ വിധത്തിൽ ശിക്ഷിക്കണമെന്ന ദൃഢപ്രതിജ്ഞയോടുകൂടി ആ രാജാവു കണക്കില്ലാത്ത സൈന്യങ്ങളെ സംഭരിച്ചു. ബി. സി 307-ൽ ആൻറിഗോണസ്സിൻെറ പുത്രനായ ഡെമിട്രിയസ്സിൻെറ നേതൃത്വത്തിൽ ഒരു മഹാസൈന്യം റോഡ്സിനെ വളഞ്ഞു. മുന്നൂററിഎഴുപതു പടക്കപ്പലുകളും നാല്പതിനായിരം ഭടന്മാരും അതിശക്തങ്ങളായ നിരോധനായുധങ്ങളും ഡെമിട്രിയസ്സിൻെറ യുദ്ധസന്നാഹത്തിലടങ്ങിയിരുന്നതായിട്ടാണു പറയപ്പെട്ടിരിക്കുന്നതു്. മാസിഡോണിയൻ മഹാസേന റോഡ്സിലെ നിവാസികളേക്കാൾ എണ്ണത്തിൽ കൂടുതലായിരുന്നു എന്നു പറയുമ്പോൾ യുദ്ധോദ്യമത്തിൻെറ ഒരു നല്ല ചിത്രം ലഭിക്കുന്നതാണ്. ഇത്ര വിപുലവും ഭയങ്കരവുമായ ശത്രുനിര റോഡ്സ്വാസികളെ ഒരു ക്ഷണനേരത്തേക്കു ഭയവിഹ്വലരാക്കാതിരുന്നില്ല.

അധൈര്യത്തിനു വശംവദരാകാതെ അവർ തങ്ങളുടെ മഹാനഗരത്തെ രക്ഷിക്കുന്നതിനു വേണ്ടതെല്ലാം നിർവ്വഹിച്ചു പന്ത്രണ്ടു ദീർഘമാസങ്ങൾ അവർ ശത്രുക്കളുടെ നിരന്തരാക്രമണങ്ങളെ വിജയപൂർവ്വം നിരോധിച്ചു നിൽക്കയും ചെയ്തു. അടിമകളെപ്പോലും ആയുധം ധരിപ്പിച്ചു യുദ്ധസന്നദ്ധരാക്കിയെന്നും യുദ്ധത്തിൽ വിജയം സിദ്ധിക്കുന്നപക്ഷം അവൎക്കു സ്വാതന്ത്ര്യം നൽകുന്നതാണെന്നു വാഗ്ദാനം ചെയ്തിരുന്നു എന്നുംകാണുന്നു. സ്ത്രീജനങ്ങൾ രാവും പകലും യുദ്ധസാമഗ്രികൾ നിർമ്മിക്കുന്നതിലും സൈന്യസംബന്ധമായ മററു സഹായങ്ങൾ ചെയ്യുന്നതിലും ഉത്സാഹത്തോടെ വ്യാപരിച്ചു അവർ തങ്ങളുടെ വാർകുന്തളഭാരത്തെ വില്ലുകൾക്കു ഞാണായി ഉപയോഗിച്ചുകൊള്ളുവാനു സ്വമനസ്സാലെ മുറിച്ചുകൊടുത്തുപോൽ. നഗരദുർഗ്ഗങ്ങൾ കേടുപോക്കുന്നതിനും ഉറപ്പിക്കുന്നതിനും ആയി ദേവാലയങ്ങൾപോലും പൊളിച്ചു കല്ലുകൾ എടുക്കുകയുണ്ടായി ഡെമിട്രിയസ്സ് അനുദിനമെന്നപോലെ വിജയലക്ഷ്യത്തെ സമീപിക്കയായിരുന്നു. നഗരരക്ഷയിൽ വ്യാപൃതരായിരുന്ന രാജ്യഭക്തിവിവശരായ യോദ്ധാക്കൾക്കു ദീർഘകാലം ഇങ്ങിനെ തടുത്തു നില്ക്കാൻ സാധിക്കുന്നതല്ലെന്നും പരാജയം നിശ്ചയമാണെന്നും തോന്നിത്തുടങ്ങി. പുറമേനിന്നു സഹായം വന്നുചേരാത്തപക്ഷം തങ്ങളുടെ നാശം ആസന്നമായിരിക്കുന്നു എന്നും അവൎക്കു ബോധമായി അപ്രകാരമുള്ള സഹായം ഒടുവിൽ വന്നുചേർന്നു റോഡ്സ്നിവാസികൾ മുമ്പു ചെയ്തിട്ടുള്ള ഉപകാരത്തെ നന്ദിപൂർവ്വം സ്മരിച്ചിരുന്ന ടോളമി ഒരു നാവികസേനയുമായി യുദ്ധരംഗത്തിലെത്തി മാസിഡോണിയാക്കാരുമായി ഇടഞ്ഞു. യുദ്ധത്തിൽ മാസിഡോണിയാക്കാർ പരാജിതരായി മടങ്ങുകയാണു വേണ്ടിവന്നതു്. രക്ഷകൻ എന്ന നാമത്തിൽ ടോളമിയെ റോഡ്സുകാർ വാഴ്ത്തി. ആസന്നമായിരുന്ന സ്വാതന്ത്ര്യനാശത്തിൽ തങ്ങൾക്കുണ്ടായ രക്ഷയുടെ സ്മരണക്കായി റോഡ്സുകാർ രാജ്യത്തിലെ അധിഷ്ഠാനദേവതയായിരുന്ന സൂര്യദേവൻെറ മഹാപ്രതിമ സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതാണു കൊളോസസ്സിൻെറ ഉത്ഭവചരിത്രം.

അലക്സാണ്ടർമഹാരാജാവു തൻെറ പ്രതിമ നിർമ്മിക്കുന്നതിനുള്ള പ്രത്യേകാധികാരം ഒരേ ഒരു ശില്പിക്കു മാത്രമേ നൽകിയിരുന്നുള്ളു. ലിസ്സിപ്പസ് എന്ന ഈ ശില്പകലാവിദഗ്ദ്ധൻെറ പ്രിയശിഷ്യനായ ചാറിസിനെയാണു കൊളോസസ്സ് നിർമ്മിക്കുവാൻ നിശ്ചയിച്ചതു്. റോഡ്സുകാർ പിടിച്ചടക്കിയിരുന്ന ഡെമിട്രിയസ്സിൻെറ യുദ്ധയന്ത്രങ്ങളിൽനിന്നാണു പ്രതിമയ്ക്കു വേണ്ട ലോഹം സമ്പാദിച്ചതെന്നും പ്രത്യേകം പറയേണ്ടതായിട്ടുണ്ടു്.

ഇപ്രകാരം ഒരു മഹാവിജയത്തിൻെറ സ്മരണയെ നിലനിർത്തുവാനുള്ള ഉത്സാഹാതിരേകത്തോടുകൂടി നിർമ്മിച്ചു സ്ഥാപിച്ച ഈ മഹാപ്രതിമ അധികകാലം യഥാസ്ഥാനത്തു നിൽക്കുവാൻ ഇടവന്നില്ല എന്നു മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. ബി. സി. 224 ൽ റോഡ്സിൽ ഒരു വലിയ ഭൂകമ്പം ഉണ്ടായി. മഹാപ്രതിമ നിലംപതിച്ചു തുറമുഖതീരത്തിലുള്ള പാറകളിൽ വന്നുവീണ പ്രതിമയ്ക്കു പല കേടുകളും പററി. അനേകവർഷം അതു ആ കിടപ്പിൽതന്നെ കിടന്നിരുന്നു. അംഗഭംഗപ്പെട്ടുകിടക്കുന്ന ഒരു മഹാരാക്ഷസൻെറനിലയിലാണു പ്ലിനി ഇതിനെ ദർശിച്ചതു്. പ്രതിമയെ പൂർവ്വസ്ഥാനത്തു പ്രതിഷ്ഠിക്കുവാൻ അനേകം ശ്രമങ്ങൾ നടന്നു ഗ്രീസ്സിലേയും ഈജിപ്തിലേയും അതിവിദഗ്ദ്ധന്മാരായ അനേകം എൻജിനിയറന്മാർ ഈ പുനഃപ്രതിഷ്ഠയ്ക്കുവേണ്ടി ശ്രമങ്ങൾനടത്തി. അവരുടെ യത്നങ്ങൾ വിഫലമായതേയുള്ളു- എ- ഡി. ഏഴാം ശതകത്തിൽ റോഡ്സ്ദ്വീപം അറേബ്യക്കാരുടെ കൈവശം വന്നുചേർന്നപ്പോൾ പ്രതിമയിൽ അന്നു ശേഷിച്ചിരുന്ന ലോഹാംശങ്ങളെ എല്ലാം അവർ ഒരു യഹൂദനു വററു. തൊള്ളായിരം ഒട്ടകങ്ങളുടെ പുറത്തു കയററിയാണ് ഈ ഓട്ട് ആ യഹൂദൻ ആ സ്ഥലത്തുനിന്നു കൊണ്ടുപോയതു്.

# കേരളവനിതകളും നാടകവേദിയും.

കെ. രാമകൃഷ്ണപിള്ള ബി. എ.

അഭിനവങ്ങളായ സാഹിത്യപ്രസ്ഥാനങ്ങളെ സ്വാഗതംചെയ്യുന്നതിനുള്ള അഭിരുചി ആധുനികകേരളീയരിൽ അഭൂതപൂർവ്വമാംവിധം ദൃശ്യമാകുന്നുണ്ട്. എന്നാൽ അവയുടെ യഥാർത്ഥപോഷണത്തിന്നു പര്യാപ്തമായ ഹൃദയവിശാലത നാം പ്രദർശിപ്പിക്കുന്നുണ്ടോ എന്ന വസ്തുത സംശയഗ്രസ്തമാകുന്നു. നാടകസാഹിത്യത്തെ സംബന്ധിച്ചിടത്തോളം തികച്ചും സങ്കുചിതമായ മനോഭാവംതന്നെയാണ് നാം കൈക്കൊണ്ടിരിക്കുന്നത്.

പരിപൂർണ്ണഭാസുരമായ ഒരു മഹാഭാവിയുടെ അരുണോദയമായി ആധുനികഗദ്യനാടകങ്ങളെ പരിഗണിക്കാവുന്നതാണ്. ഇതിവൃത്തസ്വീകരണത്തിലും പ്രതിപാദനസമ്പ്രദായത്തിലും ഇന്നത്തെ നാടകനിർമ്മാതാക്കൾ പ്രദർശിപ്പിച്ചുവരുന്ന യാഥാസ്ഥിതികമനസ്ഥിതി കാണുമ്പോൾ ഈ സുപ്രഭാതവും ഇരുളിന്റെ കരാളവക്ത്രത്തിൽ തന്നെ നിലകൊള്ളുന്നു എന്ന് തോന്നിപ്പോകുന്നു. പ്രാചീനമായ ചരിത്രകഥകളും അതിപ്രാചീനമായ പുരാണകഥകളും കേട്ടുകേട്ട് ചെവി തഴമ്പിച്ചിട്ടും, കണ്ണിനും കരളിനും ഇതേവരെ നമുക്ക തൃപ്തിവന്നിട്ടില്ല. ഒരേ ചരിത്രകഥാപാത്രത്തെ നായകസ്ഥാനത്തു നിർത്തി ഒന്നിലധികം നാടകങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ട്. പുരാണപുരുഷന്മാരെ ചുററിപ്പടർന്നുണ്ടാവുന്ന ഗ്രന്ഥങ്ങളുടെ എണ്ണവും കുറവല്ല. ഇതേ ഇതിവൃത്തങ്ങളെ ആശ്രയിച്ച് വിവിധരൂപത്തിൽ ഇതിനുമുമ്പ് ഭാഷയിൽ അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥങ്ങളോളം സ്വാധീനശക്തി ഇദാനീന്തനഗ്രന്ഥങ്ങൾക്കില്ലെന്നു പറയേണ്ടിയിരിക്കുന്നു നവയുഗത്തിന്റെ മുദ്രകൾ വല്ലതും പ്രസ്തുത കൃതികളിൽ പതിഞ്ഞിട്ടുണ്ടോ എന്ന വിചാരണയിലും വലിയ ആശയ്ക്കു വഴി കാണുന്നില്ല. ഈ സങ്കുചിതമനോഭാവം കലാകാരന്മാരുടെ സാഹിത്യനിർമ്മാണശക്തിയേയും, സഹൃദയന്മാരുടെ സാഹിത്യാസ്വാദനശക്തിയേയും സാരമായി ക്ഷയിപ്പിച്ചിട്ടുമുണ്ട്. ഇതരസാഹിത്യങ്ങളുടെ പുരോഗതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ യാഥാസ്ഥിതികത്വം കേരളകലകളിൽ ചങ്ങലവെയ്ക്കുകയാണ് ചെയ്തിരിക്കുന്നത് എന്നു കാണുവാൻ കഴിയും.

നാടകകലയെ മോചിപ്പിക്കുന്ന വിഷയത്തിൽ കേരളവനിതകൾക്കുള്ള കർത്തവ്യത്തെപ്പററി കാര്യമായി ചിന്തിക്കുവാനുള്ള കാലം അത്യാസന്നമായിരിക്കുന്നു എന്നുപറഞ്ഞാൽ മതിയാകുകയില്ല കർത്തവ്യാനുഷ്ഠാനത്തിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു സ്ത്രീസമുദായം നാടകനിർമ്മാണവിഷയത്തിൽ പരാങ്മുഖത്വമാണ് കൈക്കൊണ്ടിരിക്കുന്നത് എന്നു ഇതരസാഹിത്യചരിത്രങ്ങൾ ശരിപ്പെടുത്തുന്നുണ്ട്. ഇക്കാര്യത്തിൽ കേരളീയവനിതകൾ തുല്യസ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു എന്നു സൂചിപ്പിക്കുന്നത് പരിഹാസത്തോടുകൂടിയല്ല. പക്ഷെ, നാടകവേദിയെസംബന്ധിച്ചിടത്തോളം അവർ അവരുടെ തിരസ്കൃതമായ നിലകൊള്ളുകയാണ് ചെയ്യുന്നത്. അവർ പരിഷ്കൃതകളാണ്; ബുദ്ധിമതികളാണ്; പാവനമായ പാരമ്പര്യസമ്പത്തുള്ളവരാണ്; സ്വാവകാശസമ്പാദനാർത്ഥം അത്യധീരം പോരാടുന്നവരുമാണ്. എങ്കിലും നാടകവേദിയിലേക്കു കാലെടുത്തുവെയ്ക്കാനുള്ള കാലത്തിന്റെ നിശ്ശബ്ദശാസനത്തെ അവർ ചെവിക്കൊള്ളുന്നില്ലല്ലോ എന്നുള്ളത് പരിതാപകരമായ വസ്തുതയാകുന്നു.

മറെറല്ലാ ജീവിതരംഗങ്ങളിലും പ്രവേശിച്ചു സ്വധർമ്മം നിർവ്വഹിക്കുന്നതിനും സ്വവ്യക്തിത്വം സ്ഥാപിക്കുന്നതിനും മനഃസാന്നിദ്ധ്യമുള്ള കേരളവനിതകൾക്ക് നാടകരംഗത്തു പ്രത്യക്ഷപ്പെടുവാൻ മനക്കരുത്തില്ല എന്നു വിശ്വസിപ്പാൻ നിവൃത്തിയില്ല അഭിനയചാതുര്യത്തിലുള്ള ആത്മവിശ്വാസക്കുറവാണ് അവരെ അണിയറയ്ക്കുള്ളിൽനിന്നുപോലും അകററി മാററിയതു് എന്നു വിചാരിച്ചാശ്വസിപ്പാനും നിർവ്വാഹമില്ല. സ്ത്രീവേഷം കെട്ടുന്ന പുരുഷന്റെ പരുഷസ്വരം കേട്ടും, പരിഹാസജനകമായ രൂപം കണ്ടും മനസ്സു മുട്ടി സ്വയം അകന്നു മാറിയിരിക്കുകയാണോ! അഥവാ യാഥാസ്ഥിതികനേത്രങ്ങളുടെ രൂക്ഷനോട്ടം അവരെ ഭയപ്പെടുത്തുന്നതുകൊണ്ടു് ആയിരിക്കുമോ? എന്തായാലും ശരി, അവരുടെ അസാന്നിദ്ധ്യം നാടകകലയെ നാടകകലയല്ലാതാക്കിത്തീർത്തിട്ടുണ്ട്

ജീവിതം നാടകമോ, നാടകം ജീവിതമോ എന്തായാലും വേണ്ടില്ല, ഇവ രണ്ടിന്റെ അതിപ്രധാനഘടകങ്ങളാണ് സ്ത്രീകൾ. അവരെക്കൂടാതെയുള്ള കലാപ്രകടനം അപൂർണ്ണമായിരിക്കുകയേ ഉള്ളൂ. അഭിനയചതുരകളായ സ്ത്രീകളുണ്ടായിരിക്കെ അവരുടെ വേഷംകെട്ടി പുരുഷന്മാർ രംഗത്തു വരുന്ന വിലക്ഷണസമ്പ്രദായം ഈ പരിഷ്കാരകാലത്ത് കേരളത്തിൽമാത്രമേ നിലനിന്നുവരുന്നുള്ളു കഥകളിയാണ് ഈ നശിച്ച സമ്പ്രദായത്തെ താരാട്ടി താലോലിച്ചു വളർത്തിയതു ഒരേഒരുരാത്രികൊണ്ടു് ഈ "പുരുഷസ്ത്രീ"കൾ നാടകകലയേയും സ്ത്രീപ്രകൃതിയേയും ബഹുസഹസ്രംപ്രാവശ്യം, നിഷ്കരുണം നിഹനിക്കുന്ന കാഴ്ച നിത്യമെന്നോണം നാം കാണുന്നുണ്ടല്ലോ. ഗൃഹസദസ്സുകളിൽ ഈ വേഷക്കാർ പ്രത്യക്ഷപ്പെടുമ്പോൾ കാണപ്പെടുന്ന വേഷവിധാനവിശേഷം, ഉത്സവരംഗത്തിൽ രംഗപ്രവേശംചെയ്യുന്ന ഡംബരപ്രിയരായ വനിതാമണികളെ ലജ്ജിപ്പിക്കുന്നതാണ് പരുഷസ്വരം, കോപാക്രാന്തകളായ സ്ത്രീകളെപ്പോലും ഭയപ്പെടുത്തുന്നവയാണ്. ഇക്കൂട്ടരുടെ ഓരോ ചലനവും സ്ത്രീകളുടെ കരളിനെ തരളിതമാക്കുന്നതാണ് ഹൃദയങ്ങളുടെ അകൽച്ച ദക്ഷിണോത്തരധ്രുവങ്ങളെ അതിലംഘിക്കുന്നതുമാണ് ഈവിധ ഇന്നത്തെ പുരുഷസ്ത്രീകളും യഥാർത്ഥസ്ത്രീകളുംതമ്മിൽ നട്ടുച്ചയും നിശാമദ്ധ്യവുംപോലുള്ള അന്തരമുണ്ട്. അത്യന്തം തന്മയത്വത്തോടെ ആദ്യന്തം അഭിനയകലാകൗശലം പ്രദർശിപ്പിക്കുന്ന 'സ്ത്രീനട'ന്മാരെ കാണുമ്പോഴും ഈ വ്യത്യാസം അസ്മദീയഹൃദയങ്ങളിൽ ഉദിച്ചുയർന്നുപോകുന്നു ഇന്നത്തെ നാടകവേദിയെ യഥാർത്ഥത്തിൽനിന്നും അകററിനിർത്തിയിരിക്കുന്നതു, അതിൽനിന്നു് അതിദൂരം അകന്നിരിക്കുന്ന സ്ത്രീകളാകുന്നു. അതുകൊണ്ടാണ് അവരുടെ അസാന്നിദ്ധ്യം നാടകവേദിയെ അസ്തപ്രഭമാക്കുന്നുവെന്നു ഞാൻ ആവർത്തിച്ചുപറയുന്നതു്.

കേരളീയസ്ത്രീകൾക്കു ഇക്കാര്യത്തിൽമാതൃകാപാഠം ആവശ്യമുണ്ടെങ്കിൽ കടൽകടന്നു് അപ്പുറം പോകണമെന്നില്ല കാണാവുന്ന അകലത്തിൽതന്നെയാണ് ബംഗാളിലേയും മഹാരാഷ്ട്രത്തിലേയും വനിതാമണികൾ രംഗപ്രവേശംചെയ്തുനിൽക്കുന്നതു്. ഭാരതസ്ത്രീകൾക്ക് അനുകരണീയം മാർഗ്ഗദർശകമാകുമാറു് ജീവിതനാടകത്തിലെ മഹനീയമായ ഒരു രംഗം ജയിലിനുള്ളിൽ കിടന്നു് അഭിനയിക്കുന്ന കമലാദേവി ചതോപാദ്ധ്യായ നാടകരംഗത്തിൽ ജീവിതത്തിന്റെ വിവിധരൂപം അവലംബിച്ചു് അവതരിച്ചിട്ടുണ്ട്. കുലീനയായ മറെറാരു മഹിളാമണിയാണ് എണാക്ഷി രാമറാവു. സരോജിനിദേവിയുടെ ഒരു സഹോദരി ഉത്തരേന്ത്യയിലെങ്ങും പ്രശസ്തിസമ്പാദിച്ചിട്ടുള്ള വേറൊരു അനുഗൃഹീതനടിയാണ്. നളിനി

---

മുന്തുറടൺ, ഉദ്ദേശം ആറേമുക്കാൽലക്ഷം റാത്തലായിരുന്നു, ഇതിന്റെ തൂക്കമെന്നും പ്രത്യേകം പ്രസ്താവ്യമാണ്.

ത്തററിൽചില പ്പനം അടി പൊക്കത്തിൽ ഒരു മനുഷ്യപ്രതിമ സംപൂർണ്ണമായ ഘടനയോടുകൂടി നിർമ്മിക്കയെന്നതും ലോഹഭാഗങ്ങൾക്കുതന്നെ ഏഴുലക്ഷത്തിൽപരം റാത്തലിൽകവിഞ്ഞ തൂക്കംവരുന്ന ഇതിനെ യഥാസ്ഥാനം പൊക്കിനിർത്തുകയെന്നതും അത്ഭുതകരമായ ഒരു കാര്യമാണെന്നു സമ്മതിക്കേണ്ടതല്ലേ? ഇതിനുപുറമെ, ഉള്ളിലെ സോപാനങ്ങളും കണ്ണുകളുടെ സ്ഥാനത്തെ ദീപവും അത്ഭുതത്തെ ഉളവാക്കുന്നു. പൂർവ്വസ്ഥാനത്തു പ്രതിഷ്ഠിക്കാൻ അനന്തരകാലത്തെ മഹാവിദഗ്ദ്ധന്മാർക്ക സാധിച്ചില്ലെന്ന ഏകവസ്തുതതന്നെ ഇതിന്റെ അത്ഭുതമാഹാത്മ്യത്തെ പ്രഖ്യാപനംചെയ്യുന്നു.

# കാണാത്തകാഴ്ച.

(ബങ്കാളിയിൽനിന്നും)

തൈക്കാട്ട ചന്ദ്രശേഖരൻനായർ.

"തിങ്കളേ! താഴോട്ടുവാവാ, യെന്നോമലിൻ
തങ്കനേർനെററിയിലുമ്മവയ്ക്കു!"

തന്മടിത്തട്ടിൽക്കിടത്തിപ്പെൺകുഞ്ഞി-
വെൺമതികാൺകവേ, യമ്മയോതി; [നെ
ക്രൂരിരുൾനീങ്ങി, യന്തുഹമാംവാസന്ത
സൗരഭ്യലേശമവിടെവീശി;
മാന്തോപ്പിനേകാന്തച്ഛായയിൽരാക്കിളി
സന്തോഷഗാനാമൃതംപൊഴിച്ചു;
ദൂരത്തൊരുകാവൽമാടത്തിൽസംതൃപ്തി
ധാരപോൽക്കർഷകപ്പാട്ടിളകി.

പൈതലെലാളിച്ചുംകൊണ്ടിറയത്തിളം-
മാതാവുതാനേമറന്നുമേവി,
മാധുര്യനിസ്വനംപൊങ്ങുകയാണപ്പോൾ
സാധ്വിതൻകണ്ഠത്തിൽനിന്നീവിധം:
"തിങ്കളേ! താഴോട്ടുവാവാ, യെന്നോമലിൻ
തങ്കനേർനെററിയിലുമ്മവയ്ക്കു!"

ആകാശപ്പൂനിലാവേകുമഴകിനെ
യാകെ, യവളൊന്നുനോക്കി, പ്പിന്നെ
തൻകരതാരിലിരിക്കുമിഹലോക
പ്പൊൻകാന്തിപുഞ്ജത്തിൽകണ്ണയച്ചു!
എന്നിട്ടുമല്പവുമിണ്ടുവിളകാതെ
നിന്നനിശ്ശബ്ദത, യത്ഭുതംമേ!

കൊഞ്ചിപ്പലവുരു, പിഞ്ചുകുമാരിയാൾ
തേഞ്ചൊരിഞ്ഞമ്മ പറഞ്ഞവാക്യം
"തിങ്കളേ! താഴോട്ടുവാവാ, യെന്നോമലിൻ
തങ്കനേർനെററിയിലുമ്മവയ്ക്കു!"
പുഞ്ചിരിതൂകിജനയിത്രി, സൗഹൃദ
സഞ്ചിതയായിതുജ്യോത്സ്നികയും!
ഞാൻ, കവി, പൈതലിൻമാതൃകാന്തൻ, പി
ലിക്കാഴ്ചകണ്ടുപതുങ്ങിനിന്നു!! [നി-



തിരുവനന്തപുരത്തു വാർസ്വ്ലിസ്മെമ്മോറിയൽസ്റ്റാറ്റ്യുവിന്റെ പണിനടക്കുന്നതു്.

മാതാരങ്ങളിൽ സജീവജ്യോതിസ്സുകളായി പ്രശോഭിക്കുന്ന മിസ്സ്, ഗോഹർ തുടങ്ങിയ അഭ്യസ്തവിദ്യരുംഭാരതീയർതന്നെയാണല്ലോ. തമിഴനാടകസാഹിത്യത്തിലെ വിലക്ഷണ രീതികൾ ആസ്വദിക്കുകയും ആദരിക്കുകയും ചെയ്യുന്ന കേരളവനിതകൾക്കു, പ്രസ്തുതനാടകവേദിയിൽനിന്നും അനുകരണീയോഗ്യകളായ സ്ത്രീകളെ കണ്ടുപിടിക്കുവാൻ കഴിയും. മഹാരാഷ്ട്രനാടകസാഹിത്ത്യത്തിനും ബംഗാളിനാടകസാഹിത്യനും അഭൂതപൂർവമായ അഭിവൃദ്ധിയുണ്ടായതും സ്ത്രീകളുടെ സഹകരണംകൊണ്ടാണെന്ന വസ്തുതയും സ്മരണീയമാണു്

ഇന്നു് നിലവിലിരിക്കുന്ന നശിച്ച സമ്പ്രദായം ഇഴഞ്ഞുപോരുന്ന വഴികളിൽക്കൂടിയാണു കേരളസ്ത്രീകൾനാടകവേദിയിലേക്കു യാത്രയാരംഭിച്ചതു്. സ്ത്രീകളാൽ അപൂർവ്വമായി അഭിനയിക്കപ്പെടുന്ന നാടകങ്ങളിൽ പുരുഷവേഷം കെട്ടിവരുന്നതു് സ്ത്രീകളാണു്. പുരുഷസമുദായത്തിനോടു ചെയ്യുന്ന പകവീട്ടലായിട്ടല്ല പുതുമയുള്ള കൗതുകരംഗമായിമാത്രമെ ഇതിനെ പലരും വിചാരിക്കുന്നുള്ളൂ. നാം യഥാർത്ഥസ്ത്രീയേയും യഥാർത്ഥപുരുഷനേയും നശിപ്പിച്ചു കലാഹത്യചെയ്യുമ്പോൾ കാലം നമ്മെ എത്രമാത്രം പിന്നിലേക്കു തള്ളിപ്പായിക്കുന്നുഎന്നു് നാം ചിന്തിക്കുന്നേയില്ല. അതുകൊണ്ടു ഈ അപരിഷ്കൃതസമ്പ്രദായം കൈവെടിയേണ്ടകാലം കഴിഞ്ഞിരിക്കുന്നു.

കേരളസ്ത്രീകൾ കേരളനാടകവേദിയിൽ പ്രത്യക്ഷപ്പെടുകതന്നെവേണം. സംസ്കാരസമ്പന്നന്മാരായ കലാകാരന്മാരുമൊത്തു രംഗപ്രവേശം ചെയ്യുവാൻ സംസ്കാരസമ്പന്നകളും കലാവാസനയുംഉള്ള വനിതാമണികൾ തയ്യാറാവണം. നാടകസാഹിത്യവും അഭിനയകലയും അന്നുമുതല്ക്കേ ഊർജ്ജസ്വലമായി വളരുകയുള്ളൂ. കേരളനാടകസാഹിത്യത്തിനു വിശ്വസാഹിത്യത്തിൽ അർഹിക്കുന്ന സ്ഥാനം കരഗതമാവണമെങ്കിൽ സ്ത്രീകൾ നാടകകലയെ ഹൃദയംഗമമായി സ്നേഹിക്കണം. അതിന്റെ പോഷണത്തിനായി നിഷ്കളങ്കസേവനംനിർവഹിക്കണം.

യാഥാസ്ഥിതികഹൃദയത്തിൽ അടിയുറച്ചിരിക്കുന്ന 'നശിച്ചസന്മാർഗ്ഗബോധം'എന്ന കാലപാശംകൊണ്ടു കലാവതികളായ കേരളസ്ത്രീകളെ ചുററിയിട്ടുണ്ടു്എന്ന വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. മാതൃകയെന്നോണം ഇദംപ്രഥമമായി അഭ്യസ്തവിദ്യനായ നടനമൊന്നിച്ചു നാടകവേദിയിലേക്കു വരുന്ന ആ മഹിളാമണിയെ യാഥാസ്ഥിതികർ ശകാരവർഷംകൊണ്ടു് അഭിഷേകംചെയ്യും. യഥാർത്ഥമായ കലാസേവനംചെയ്യുന്ന ആ മാതൃകാവനിതയുടെനേരെ അനേകാക്ഷേപശരങ്ങൾ 'അനുരീതികൾ' അയക്കും. ഈ അനുഭവം ഇദംപ്രഥമമായിഏതൊരുജീവിതസരണിയിൽ പ്രവേശിക്കുന്ന സ്ത്രീകളും അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. അനുഭവിച്ചുവരുന്നുമുണ്ടു്. എന്നാൽ അസൂയാകലുഷവും അത്യന്തം സംകുചിതവുംആയ അത്തരം ഹൃദയങ്ങളിൽനിന്നും ഉയർന്നെഴുന്നേല്ക്കുന്ന അപവാദങ്ങളെ തൃണസമാനം കരുതി "അരങ്ങേററം"നടത്തുവാനുള്ള തന്റേടം കേരളവനിതകളിൽ ചിലർക്കെങ്കിലും ഉണ്ടായിരിക്കുമെന്നാണു് എന്റെ വിശ്വാസം.

ജീവചരിത്രം.

# ഫ്റാൻകായിമില്ലെറ്റ്.

## പ്രസിദ്ധനായ ഒരു ചിത്രകാരൻ.

(ഇടപ്പള്ളി ആർ. രാഘവൻപിള്ള)

1

"കലാപരമായ ജീവിതം ആനന്ദപ്രദമായ ഒന്നല്ല. അതു് ഒരു സമരമാണ്......"

ഒരു കലാപ്രണയിയുടെ ജീവിതത്തിൽ ആനന്ദം മാത്രമല്ല അനുഭവമാകുന്നതെന്നും വിവിധങ്ങളായ പല ദുർഘടഘട്ടങ്ങളേയും അയാൾക്കു് തരണംചെയ്യേണ്ടിവരുമെന്നുമല്ലേ മേൽക്കാണിച്ച മഹദ്വാക്യത്തിൽനിന്നുംഅർത്ഥമാക്കേണ്ടതു്? ഒരു കലാകാരൻ–കവിത, ചിത്രമെഴുത്തു്, സംഗീതം, ഏതായാലും കൊള്ളാം—അവനവനിൽ കുടികൊള്ളുന്ന ആ വാസനാവൈഭവത്തെ പരിപൂർണ്ണവിജയത്തിൽ കലാശിപ്പിക്കണമെങ്കിൽ തിച്ച്യയായും അയാൾ വിഷമതരമായ ഒരു ജീവിതം നയിക്കണം. ഇതാണു് മഹാത്മാക്കളുടെ ജീവചരിത്രം ലോകത്തെ പഠിപ്പിക്കുന്ന ഒരു തത്വം. കീർത്തിയേയോ ധനത്തേയോ അയാൾ ലക്ഷ്യമാക്കരുതു്. സ്വന്തസുഖാസുഖങ്ങളെ അയാൾ വിസ്മരിക്കണം. പ്രത്യേകതരമായ ഒരു പ്രവൃത്തിയെ സൃഷ്ടിയിൽതന്നെ അയാളിൽ നിക്ഷേപിച്ചിട്ടുണ്ടു്. അവനെക്കൂടാതെ ലോകത്തിനു അറിയാൻ സാധിക്കാത്ത ചിലതിനെ പുറത്തു പ്രകാശിപ്പിക്കയാണു് അവൻെറ കർത്തവ്യം.

ഈ ലേഖനത്തിനു വിഷയമായിരിക്കുന്ന മഹാത്മാവു് ഒരു ചിത്രകാരനാണു്. തനിക്കു് യഥാർത്ഥമാണെന്നും സുന്ദരമാണെന്നും ബോദ്ധ്യപ്പെടുന്ന വസ്തുക്കളെ മാത്രമേ താൻ ചിത്രീകരിക്കയുള്ളുവെന്ന ഒരു ദൃഢവ്രതം അദ്ദേഹത്തിനുണ്ടായിരുന്നു. തൻമൂലം അത്തരം ചിത്രങ്ങളെ വിക്രയംചെയ്തു് സ്വന്തം കുടുംബത്തെ പോറുന്നതിനു് അദ്ദേഹം പലപ്പോഴും ബുദ്ധിമുട്ടിയിട്ടുണ്ടു്. എങ്കിലും ഒടുവിൽ ലോകം ആ മാതിരി ചിത്രങ്ങളുടെ വിലയും മാഹാത്മ്യവും തിരിച്ചറിഞ്ഞു അതു കാണുവാനുള്ള ഭാഗ്യം അവയുടെ കർത്താവിനു ഉണ്ടായില്ലെന്നു മാത്രം!

അദ്ദേഹത്തിൻെറ ജന്മഭൂമിയായ ഫ്റാൻസിൽ, പാരിസിലെ വിഖ്യാതമായ "ലുവ്വർ" എന്ന കാഴ്ചബംഗ്ലാവിൽ അദ്ദേഹത്തിൻെറ ഒരു ചിത്രപരമ്പര സൂക്ഷിച്ചിട്ടുണ്ടു്. അവയിൽ "പ്രാർത്ഥനാസമയം" (The Angelus) എന്ന ചിത്രം വളരെ സുപ്രസിദ്ധമാണു് ആ ചിത്രത്തെ ഏതാണ്ടു് ഇപ്രകാരം വ്യാഖ്യാനിക്കാം:—

ഒരു സായാഹ്നം. അസ്തമനപർവ്വതത്തിൻെറ മറവിൽ ദിനമണി ഒളിക്കുന്നതിനു് അധികം താമസം ഇല്ല. ഉരുളൻകിഴങ്ങു് കൃഷിചെയ്യുന്ന ഒരു വയൽ നമ്മുടെ ദൃഷ്ടിയിൽപെടുന്നു. വിദൂരത്തിൽ സ്ഥിതിചെയ്യുന്ന ഒരു പള്ളിയുടെ മുകൾഭാഗത്തിൻെറ നേരിയ ഒരു ലാഞ്ഛനയൊഴിച്ചു് മറ്റുയാതൊരുഗൃഹങ്ങളും പരിസരങ്ങളിൽദൃശ്യമാകുന്നില്ല. ആകാശത്തിൻെറ കീഴിൽ കുളച്ചുമറിച്ചിട്ടിരിക്കുന്ന പരന്ന മൺകട്ടകളും രണ്ടു മനുഷ്യസ്വരൂപങ്ങളുംമാത്രം നമ്മുടെ ദൃഷ്ടിയിൽപെടുന്നു. ഒരു പുരുഷനും ഒരു സ്ത്രീയും. അവർനിശ്ചലരായി നിൽക്കുകയാണു്. അവൻെറ മൺവെട്ടിവീണുപോകാതെ തറയിൽ ഉറപ്പിച്ചുനിറുത്തിയിട്ടുണ്ടു്. അവളുടെ കുട്ട പാദപരിസരങ്ങളിൽ കിടപ്പുണ്ടു്. ഇരുപേരും നമ്രശിരസ്കരും മുകുളീകൃതഹസ്തരുമാണു്.

ഒന്നുകൂടി ആ ചിത്രത്തിൽ ശ്രദ്ധിക്കുക അകലെനിന്നും പാടംവഴി വരുന്ന ഒരു ഘണ്ടാരവം നമ്മുടെ ശ്രവണപുടങ്ങളിൽ മാറ്റൊലിക്കൊള്ളുന്നതായി നമുക്കനുഭവപ്പെടും. സായാഹ്നപ്രാർത്ഥനയ്ക്കുള്ള അറിയിപ്പാണതു്. ആ മണിനാദമാണു് നാം കാണുന്ന ദമ്പതികളെപ്രവർത്തിരഹിതരാക്കിയതു്. അന്നത്തെ ജോലിനിറുത്തി വീട്ടിൽപോകാറായി എന്ന ഒരു സൂചനയാണു അതു്. പ്രവൃത്തിയും വിശ്രമവും പ്രാർത്ഥനയും ഇടകലർത്തി ഒരു ചിത്രീകരണം. പുരാതനനാട്ടിൻപുറവാസികളുടെ യഥാർത്ഥജീവിതത്തെ പരമാർശിക്കുന്ന ഒരു ചിത്രം.

അനശ്വരമായ ഈ ആ ലേഖ്യത്തിൻെറ കർത്താവു് നാർമ്മൻറിയിലെ കടലോരത്തുള്ള ഒരു കുഗ്രാമവാസിയായ കർഷകൻെറ പുത്രനാണു്. പാടത്തു കൃഷിസംബന്ധമായ ജോലികളിൽ തന്നെ സഹായിക്കേണ്ടവിധത്തിലാണു പിതാവു പുത്രനെ വളർത്തിക്കൊണ്ടുവന്നതു്. കർഷകവൃത്തിയും കടലിലെ പ്രവൃത്തിയുമായിരുന്നു അയാളുടെ പ്രധാനതൊഴിൽ. ആ ജോലികൊണ്ടുതന്നെ അയാൾ ആനന്ദം അടഞ്ഞിരുന്നു.

നമ്മുടെ ബാലൻ ബാല്യവയസ്സുമുതൽതന്നെ മനുഷ്യരുടെ രൂപം വരയ്ക്കുന്നതിൽഅതിവാസന പ്രകടിപ്പിച്ചിരുന്നു. ഗ്രാമ്യജീവിതം ഒരു വിധത്തിലും ആ ആഗ്രഹത്തിൽനിന്നും അവനെ പിൻതിരിച്ചില്ല. തൻെറ സഹോദരീസഹോദരന്മാർ, അയൽവാസികൾ, പൂന്തോട്ടങ്ങൾ, ആകാശം, കടൽ മുതലായവയുടെ ചിത്രങ്ങൾ കരിക്കട്ടകൊണ്ടു വെള്ളയടിച്ചിട്ടുള്ള ചുമരുകളിൽഅവൻ വരച്ചിരുന്നു.

പുത്രൻെറ ഈ പ്രവൃത്തികൊണ്ടു് ഭാവിയിലേയ്ക്കു് എന്തെങ്കിലും ഗുണമുണ്ടാകുമോ എന്നു പിതാവു് പലപ്പോഴും ചിന്തിച്ചിരുന്നു അവൻെറ ഇളയ സഹോദരങ്ങൾ കൃഷിപ്പണിക്കു് പ്രാപ്തരായതോടുകൂടി, ഫ്രാൻകായിസ്സിനു് ചിത്രമെഴുത്തിൽ ഉപരിവിദ്യാഭ്യാസം കൊടുത്താൽ കൊള്ളാമെന്നു് അച്ഛൻ ആശിച്ചു. അയാൾ മകൻവരച്ചിട്ടുള്ള ചിത്രങ്ങളിൽ ഒന്നുരണ്ടെണ്ണം തിരഞ്ഞെടുത്തു് അവനേയുംകൂട്ടിക്കൊണ്ടു് അഭിപ്രായമറിയുന്നതിനായി 'ചെർബഗ്ഗിൽ' ഉള്ള ഒരു ചിത്രകാരൻെറ സന്നിധിയിൽ ചെന്നു.

കേവലം പതിനെട്ടുവയസ്സുമാത്രം പ്രായമുള്ള ഫ്റാൻകായിസ്സിൻെറ ചിത്രങ്ങൾ കണ്ടു് അതിശയിച്ച ആ വൃദ്ധചിത്രകാരൻ അവൻെറ മുഖത്തു കുറെനേരം സൂക്ഷിച്ചുവീക്ഷിച്ചുകൊണ്ടുനിന്നപ്പോൾ അവനു എന്തെന്നില്ലാത്ത ഒരു പരിഭ്രമവും ഉൽക്കണ്ഠയും ഉണ്ടായി.

ആ ചിത്രകാരൻ ഒരു പരുക്കൻസ്വരത്തിൽ ചോദിച്ചു "ഈ ചെറുപ്പക്കാരനാണു് ഈ ചിത്രങ്ങൾ വരച്ചതെന്നു പറയുവാൻ നിങ്ങൾക്കു അശേഷം മടിയില്ല, അല്ലേ?"

"അല്പവും മടിയില്ല"; അവൻെറ പിതാവ് പ്രതിവദിച്ചു. "ഞാൻ എൻെറ കണ്ണുകൊണ്ടു കണ്ടതാണു് അവൻ വരയ്ക്കുന്നതു്."

"ഞാൻ അതു ഒരിക്കലും വിശ്വസിക്കുന്നില്ല. ഇതു അസാദ്ധ്യമാണു് അവനു്" ചിത്രകാരൻ വീണ്ടും പറഞ്ഞു.

എന്തിനു ! ഒടുവിൽ അയാളെക്കൊണ്ടു ബോദ്ധ്യപ്പെടുത്തി ഫ്റാൻകായിസ്സാണു് ആ ചിത്രം വരച്ചതെന്നു്.

ആ നാട്ടിൻപുറത്തുകാരനോടു ചിത്രകാരൻ വീണ്ടും ചോദിച്ചു "കഷ്ടം! നിങ്ങൾ ഇത്രയുംനാൾ അവനെ നുകംപിടിപ്പിച്ചു കഴിച്ചുവല്ലോ? നിങ്ങളുടെ പുത്രനിൽ വിശ്രുതനായ ഒരു ചിത്രകാരനെ ഞാൻ ദീർഘദർശനം ചെയ്യുന്നുണ്ടു്."

ആ ചിത്രകാരൻ ഫ്റാൻകായിസ്സിനെ ഒരു ശിഷ്യനായി സ്വീകരിച്ചു. ശിഷ്യൻ ഗുരുനാഥൻെറ ഒരു അഭിമാനസ്തംഭമായി ശോഭിച്ചു പകൽ മുഴുവൻ ചിത്രമെഴുത്തിനായി വിനിയോഗിക്കുകയും, രാത്രിയിൽ ഗ്രന്ഥപാരായണത്തിൽ ഏർപ്പെടുകയുമായിരുന്നു അവൻെറ പതിവ്- 'ചെർബഗ്ഗിൽ' ഉത്തമരീതിയിൽ നടത്തിവന്നിരുന്ന ഒരു ഗ്രന്ഥശാല ഉണ്ടായിരുന്നു. അവിടെ പോയിരുന്നാണു ഫ്റാൻകായിസ് വായിച്ചിരുന്നതു്. പ്രശസ്തരായ ഫ്റഞ്ചു സാഹിത്യകാരന്മാരുടെ കൃതികൾക്കുപുറമെ, ഹോമർ, ഷേക്സ്പിയർ, മിൽട്ടൺ, സ്കാട്ട് മുതലായവരുടെ കൃതികളുടെ ഭാഷാന്തരങ്ങളും അയാൾ സശ്രദ്ധം വായിച്ചു ഫ്റാൻകായിസ്സിൻെറ മതിബുദ്ധിയിൽ അനുമോദിച്ചു "ടൌൺകൌൺസ്സിൽ" പ്രതിവർഷം അറുനൂറു ഫ്റാൻക (64 പവൻ) ഭൂരിപക്ഷത്തോടുകൂടി വേതനമായി അവനനുവദിച്ചുകൊടുത്തു

ഇതിനിടക്കു അവൻെറ പിതാവു നിര്യാതനായി. എങ്കിലും അയാളുടെ മാതാവും മാതാമഹിയും അയാൾ തങ്ങളുടെകൂടെ താമസിക്കുവാൻ നിർബന്ധിച്ചില്ലെന്നുമാത്രമല്ല, അവർക്കുണ്ടായിരുന്ന നിസ്സാരമായ ഒരു

സമ്പാദ്യത്തെ അവന്റെ പഠനത്തിനായി നീക്കിവയ്ക്കുകയും ചെയ്തു. ആ കർഷകപുത്രൻ നാട്ടിൻപുറത്തുനിന്നും വ്യത്യസ്തമായ പട്ടണത്തിലേയ്ക്കു പോയി. അന്നുവരെ തനിക്കു അനുഭവപ്പെട്ടിട്ടുള്ളതിൽനിന്നും സർവ്വവിധത്തിലും വ്യത്യസ്ഥമായിരുന്നു അവിടത്തെ ജീവിതം. ഇരമ്പവും കമ്പവും നിറഞ്ഞ ജനനിബിഡമായ തെരുവീഥികളും, അവയിലൂടെ ത്വരിതഗതിയിൽ ഗതാഗതം ചെയ്യുന്നവരുടെ അപരിചിതമായ മുഖങ്ങളും അയാളിൽ എന്തെന്നില്ലാത്ത വികാരപരമ്പരകളെ അങ്കുരിപ്പിച്ചു. എങ്കിലും അയാൾക്കു ആനന്ദപ്രദമായ ഒരു വിശ്രമത്താവളം ഉണ്ടായിരുന്നു. "ലൂവ്വർ" കാഴ്ചബംഗ്ലാവ്. അതുവരെ കേട്ടുപരിചയമുള്ളതും, വർണ്ണനകളിൽനിന്നു മനസ്സിലാക്കിയിട്ടുള്ളതും, പുസ്തകങ്ങളിൽ പ്രതിച്ഛായ കണ്ടിട്ടുള്ളതുമായ ഒട്ടുവളരെ ലോകോത്തരങ്ങളായ ചിത്രങ്ങൾ അയാൾ അവിടെകണ്ടു അവയെല്ലാംതന്നെ അയാളുടെ ഭാവനയേക്കാൾ സഹസ്രഗുണം വിശിഷ്ടങ്ങളുമായിരുന്നു!

പാരീസ്സിലെ പ്രസിദ്ധചിത്രകാരന്മാരിൽ ഒരാൾ ഫ്രാൻകായിസ്സിനെ ഒരു ശിഷ്യനായി സ്വീകരിച്ചു. പക്ഷെ അവൻ വേതനമായി ലഭിച്ചിരുന്ന ആ അറുനൂറു ഫ്രാൻകു വളരെ കാലത്തേക്കു നിന്നില്ല. എത്ര മിതവ്യയശീലനും യാതൊരു വരവുമല്ലാതെ ജീവിക്കുവാൻ സാദ്ധ്യവുമല്ലല്ലൊ? മില്ലററ് പലപ്പോഴും അയാളുടെ പ്രാതൽ ഒരു കഷണം അപ്പവും ഒരു ഗ്ലാസ്സു പച്ചവെള്ളവും കൊണ്ടു കഴിച്ചിട്ടുണ്ട്. മറ്റുവാറും ഉച്ചഭക്ഷണം കൂടാതെതന്നെ പല ദിവസങ്ങളും അയാൾ കഴിച്ചിട്ടുണ്ട്. എങ്കിലും അയാൾ ആരോടും ആവലാതിപ്പെട്ടിരുന്നില്ല ആരോടും അയാൾ യാചിച്ചിരുന്നില്ല. തന്റെ പരിശീലനാനന്തരം പട്ടണംവിട്ടു നാർമൻഡിയിൽഉള്ള സ്വഗൃഹത്തിൽ എത്തുന്നതും, അവിടെ സ്ഥിരവാസമാക്കി നാട്ടിൻപുറത്തെ ജീവിതരീതിയുടെ ഓരോ വശങ്ങളെ ചിത്രീകരിക്കുന്നതുമായ ആ ശോഭനദിനങ്ങളെ അയാൾ സ്വപ്നം കണ്ടിരുന്നു.

മില്ലററ് ഉദ്ദേശിച്ചിരുന്നവിധത്തിൽ അല്ലെങ്കിലും ആ സ്വപ്നം യഥാർത്ഥമായി ഭവിച്ചു. അപൂർവ്വമായിട്ടുമാത്രമേ അയാൾക്ക് 'നാർമ്മൻഡി' സന്ദർശിക്കുവാൻസാധിച്ചിരുന്നുള്ളു. കൂടെക്കൂടെ പോകുവാൻ സാധിക്കാത്തവിധം അത്ര വിദൂരത്തിൽ ആയിരുന്നു ആ സ്ഥലം. സ്വന്തം നാട്ടിൻപുറത്തെ പരമാർശിക്കുന്ന ചിത്രങ്ങൾ അയാൾക്കു സ്മരണയിൽനിന്നും വരയ്ക്കേണ്ടതായി വന്നു. അത്തരം ചിത്രങ്ങൾക്കു പാരീസ്സിൽ യാതൊരു മതിപ്പും പ്രചാരവും ഉണ്ടായിരുന്നില്ല!!

II

പുരാതനകാലങ്ങളിൽ സാധാരണയായി ചിത്രങ്ങൾ വരച്ചിരുന്നതു് പള്ളികളിൽആയിരുന്നതുകൊണ്ടു്, ചിത്രകാരന്മാർ ക്രിസ്തുവിനേയും മററു സന്ന്യാസിമാരേയുമാണു തങ്ങളുടെ ചിത്രങ്ങൾക്കു വിഷയമാക്കിയിരുന്നതു്. ഇംഗ്ലണ്ടിൽ മതപരമായി ഉണ്ടായ പരിവർത്തനഘട്ടത്തിനു് (Reformation) മുമ്പു് ഗ്രാമങ്ങളിലുള്ള പള്ളികളുടെ ഭിത്തികളെല്ലാം ചിത്രങ്ങളാൽ അലങ്കരിക്കപ്പെട്ടിരുന്നു. പരിവർത്തനത്തിനുശേഷം, പള്ളികളിൽ യാതൊരു ആഡംബരങ്ങളും വേണ്ടായെന്നു തീരുമാനിച്ചതോടുകൂടി ചിത്രങ്ങളുടെ ഉപരി വെള്ളഅടിച്ചു ചുവരുകൾ എല്ലാം ശൂന്യമാക്കപ്പെട്ടു. ഒട്ടുവളരെ വർഷങ്ങൾക്കുശേഷം മാത്രമാണു ആ കുമ്മായത്തിന്റെ അടിയിൽ എന്താണെന്നു ജനങ്ങൾക്കു മനസ്സിലായതു്. നിരനിരയായി ഉണ്ടായിരുന്ന കുമ്മായം വളരെ ശ്രദ്ധിച്ചു പൊളിച്ചു കളഞ്ഞപ്പോൾ അടിയിൽ ചിത്രങ്ങളുടെ അവശിഷ്ടങ്ങൾ കാണപ്പെട്ടു. 'വെസ്റ്റ്മിനിസ്റ്റർ ആബി'യുടെ ഒരു മുഖപ്പിൽ അത്തരം ചിത്രങ്ങളുടെ ഭാഗങ്ങൾ ഇപ്പോഴും കാണാം

മിക്ക ചിത്രകാരന്മാരും തങ്ങളുടെ പടങ്ങൾക്കു പശ്ചാത്തലം (Background) ആയി അവരവർക്ക് ഇഷ്ടമുള്ളതും പരിചയമുള്ളതുമായ സ്ഥലങ്ങളെ സ്വീകരിക്കുന്നതായിട്ടാണു കണ്ടുവരുന്നതു്. "കരിശാരോഹണം" മുതലായ റോമിലെ പുരാതനചിത്രങ്ങളിൽ പാലസ്റ്റയിനും, ജറുസലത്തിനും പകരം, ടസ്കണിയയിലെ നീലക്കുന്നുകളും ചെറുമതിലുകളാൽ ചൂഴപ്പെട്ട പട്ടണങ്ങളും കാണാം.

ഇടയ്ക്കു്, ചിത്രകാരന്മാരുടെ രീതിക്കു് ഒരു മാററം സംഭവിച്ചു. ഫ്രഞ്ചുവിപ്ലവാനന്തരം, എവിടേയും ഏതു വിധത്തിലും റോമൻജീവിതരീതിയെ അനുകരിക്കുന്ന ഒരു ഘട്ടമുണ്ടായി. ജനതതി റോമാക്കാരെപ്പോലെ വസ്ത്രങ്ങൾ ധരിക്കുവാനും, കുട്ടികൾക്കു റോമാക്കാരുടെ പേരുകൾ ഇടുവാനും തുടങ്ങി ചിത്രകാരന്മാർ റോമിലെ ചരിത്രപ്രസിദ്ധമായ സംഭവങ്ങളേയും, വീരപുരുഷന്മാരേയും കുറിച്ചുള്ള ആലേഖ്യങ്ങൾ എഴുതുവാൻ ഒരുമ്പെട്ടു. പ്രകൃതിപരമായ ഏതു ചിത്രങ്ങളിലും, റോമിലെയൊ, ഗ്രീസിലേയൊ മനോഹരങ്ങളായ കുന്നുകളും, അന്തരീക്ഷവുമാണു് രേഖപ്പെടുത്തിയിരുന്നതു്. ഈ രീതി അങ്ങിനെ നീണ്ടുനിന്നു. മില്ലററിന്റെ ചെറുപ്പകാലത്തു ഗ്രീസിലെ വനദേവതമാരെയാണു് എല്ലാപേരും വരച്ചിരുന്നതു്. നിത്യജീവിതത്തെ പരമാർശിക്കുന്ന ചിത്രങ്ങൾ ആരും ഇഷ്ടപ്പെട്ടിരുന്നില്ല.

ശരി; ഒരു കുടുംബത്തോടുകൂടി മില്ലററിനും ജീവിക്കേണ്ടിയിരുന്നു. വിശന്നു പൊരിയുന്ന കുഞ്ഞുങ്ങൾക്കു് ആഹാരം സമ്പാദിക്കേണ്ടതു് അയാളുടെ പ്രധാന കടമയായി പരിണമിച്ചു. അയാൾ ഗ്രീസ്സിലെ വനദേവതമാരുടെ ചിത്രങ്ങൾ വളരെ മനോഹരമായി വരയ്ക്കുകയും, അവയെ നല്ല വിലയ്ക്കു് വില്ക്കുകയും ചെയ്തു. എങ്കിലും അയാളുടെ മനസ്സു് വേറെ ഒന്നിൽ ആയിരുന്നു. അത്തരം ചിത്രങ്ങൾ വരയ്ക്കുന്നതിൽ അയാൾക്കു യാതൊരു രസവും ഉണ്ടായിരുന്നില്ല.

ഒരു വൈകുന്നേരം ഗൃഹത്തിൽ മടങ്ങിവന്നു് ഫ്രാൻകായിസ്സു അയാളുടെ പത്നിയോടു പറഞ്ഞു: "നീ സമ്മതിക്കുകയാണെങ്കിൽ മേലാൽ ഒരിക്കലുംഞാൻഇത്തരം ചിത്രങ്ങൾ വരയ്ക്കുകയില്ല അപ്പോൾ നമ്മുടെ ജീവിതം ഇതിലും ദുസ്സഹമായേക്കും; നീ ക്രമത്തിൽ അധികം ബുദ്ധിമുട്ടനുഭവിക്കും; എങ്കിലും ഞാൻ സ്വതന്ത്രനാകും; വളരെ നാളായി ഞാൻ സ്വപ്നത്തിൽ ദർശിക്കുന്ന പ്രവൃത്തി ചെയ്യുവാൻ എനിക്കു സാധിക്കും."

"ഞാൻ തയ്യാറാണു്; അങ്ങയുടെ ഇഷ്ടംപോലെ ചെയ്യുക" എന്നായിരുന്നു ആ സാധ്വിയുടെ മറുപടി.

അവൾക്കറിയാമായിരുന്നു ഭാവിയിൽ എന്തിനേയാണു് അഭിമുഖീകരിക്കേണ്ടിവരുന്നതെന്നു്. അതിനു മുമ്പും പല ദുർദ്ദിനങ്ങളും അവർക്കുണ്ടായിട്ടുണ്ടു്. കുഞ്ഞുങ്ങൾക്കു മാത്രം കഷ്ടിച്ചും, മാതാപിതാക്കൾക്കു യാതൊന്നുംതന്നെ ആഹാരമില്ലാതെയും പല ദിവസങ്ങളും അവർക്കു കഴിയേണ്ടതായി ഉണ്ടായിട്ടുണ്ടു്. ആഹാരസമ്പാദ്യത്തിനുവേണ്ടി മില്ലററു് അയാളുടെ പല നല്ല ചിത്രങ്ങളും കിട്ടിയ വിലയ്ക്കു വിററുവെന്നാണു പറയപ്പെടുന്നതു്. ആറു ചിത്രങ്ങൾ ഒരു ജോഡി ബൂട്ട്സിനുവേണ്ടി കൊടുത്തുപോലും! ആറിൽപരം പവൻ വിലവരുന്ന ചില ചിത്രങ്ങൾ അന്നു് ഏതാനും ഷില്ലിംഗിനു കിട്ടുമായിരുന്നു.

സൌഭാഗ്യത്തെ ആശിച്ചുകൊണ്ടു് ആ കുടുംബം പല വിഷമഘട്ടങ്ങളോടും മല്ലിട്ടു് മുന്നോട്ടുതന്നെ പൊയ്ക്കൊണ്ടിരുന്നു. പാരീസിൽ പടർന്നു പിടിച്ച ഒരുപകർച്ചവ്യാധിയെ ഭയന്നു കുട്ടികളേയുംകൊണ്ടു് 'ബാർബിസൻ' എന്ന ഗ്രാമത്തിലേക്കു പോയതിനോടുകൂടിയാണു് അവരുടെ ഭാഗ്യസൂര്യോദയം തുടങ്ങിയതു്.

പ്രകൃതിരാമണീയകം വഴിഞ്ഞൊഴുകുന്ന ഒരു ഗ്രാമമായിരുന്നു അതു്. "ഫൌൻടായിനെബ്ളൂവാ" എന്ന കാനനത്തിന്റെ അരികിലാണു് അതു് സ്ഥിതിചെയ്തിരുന്നതു്. ഇരുപാർശ്വങ്ങളിലും ചെറുഭവനങ്ങൾ ഇടതിങ്ങുന്നതും വനത്തിന്റെ ഒരരുകിൽ ചെന്നവസാനിക്കുന്നതുമായ ഒരു നീണ്ട നിരത്തു് ആ ഗ്രാമത്തിൽകൂടി പോയിരുന്നു. അവിടെ അവസാനമായി ഉണ്ടായിരുന്ന ഒരു ഭവനത്തെ, ഗ്രാമത്തിലെ തുന്നൽക്കാരൻ (village tailor) ഒരു സത്രമാക്കി ഇട്ടിരുന്നു. ലോകത്തിൽ ഉള്ള മറേറതു സത്രത്തെക്കാട്ടിലും കൂടുതലായി ചിത്രകാരന്മാർക്കു ആതിഥ്യം നൽകിയിരിക്കുന്നതു താനാണെന്നു് ആ സത്രം ഇന്നും അഭിമാനിക്കുന്നുണ്ടു്. എങ്കിലും മില്ലററിനു മുമ്പിൽ വളരെ ചുരുക്കം ചിത്രകാരന്മാർ മാത്രമേ അവിടെ താമസം ഉറപ്പിച്ചിട്ടുള്ളു. വേനൽക്കാലത്തു മില്ലററും മററു നാലു സുഹൃത്തുക്കളുംകൂടി അവിടെ താമസിച്ചിരുന്നു. ശീതകാലത്തു് അയാളെക്കൂടാതെ വേറെ ഒരാൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു.

ഇരുതോളുകളിലും തന്റെ ഓരോ ഓമനപ്പെൺകുട്ടികളെ വഹിച്ചുകൊണ്ടും, ഇളയ ആൺകുട്ടിയെ എടുത്തിരിക്കുന്ന പത്നിയെ മുൻപിൽ നടത്തിക്കൊണ്ടും പ്രഥമമായി ആ സ്ഥലത്തു് കാലെടുത്തു കുത്തിയപ്പോൾ മില്ലററിന്റെ ഹൃദയം ആനന്ദതരളിതമായിച്ചമഞ്ഞു. തുടർച്ചയായി പാരീസ്സിൽ ഉണ്ടായ നാലുകൊല്ലത്തെ മുഷിഞ്ഞ വാസത്തിനുശേഷം, പച്ചപ്പടർപ്പുകളാൽ ശീതളമായ ആകാശവീഥിയും അംബരചുംബികളായി ഇടതിങ്ങിനിൽക്കുന്ന തരുനിരകളും അയാളുടെ ശൂന്യഹൃദയത്തിൽ നൂതനമായ ഒരു ഉന്മേഷവും ഉണർവ്വും പകന്നു. മരതകപ്പച്ച വിരിച്ചതായ ആ വീഥി ഒട്ടധികം നാഴിക നീണ്ടുപോയി. ആനന്ദോന്മത്തനായ മില്ലററു് അങ്ങുമിങ്ങും ഓടിനടന്നു സ

ന്തോഷാശ്രുക്കൾ പൊഴിച്ചു. ഫീതർ ചെടികളുടെ മേൽ മലൎന്നു കിടന്നു്, ശുദ്ധവായുവും സ്വച്ഛപ്രകാശവും, പ്രകൃതിസൌന്ദൎയ്യവും ആസ്വദിച്ചുകൊണ്ടു് അയാൾ ആവൎത്തിച്ചാവൎത്തിച്ചു പറഞ്ഞു: "എത്ര ഭാഗ്യമാണു് ഇവിടെ ആയിരിക്കുകയെന്നതു്!!

ആ കുടുംബം ഏതാനുംആഴ്ചകൾ താമസിക്കുവാൻമാത്രമാണു് "ബാർബിസാ"നിലേക്കു പോയതെങ്കിലും, ഇരുപത്തഞ്ചുവൎഷത്തേക്കു് അവർ അവിടെത്തന്നെ സ്ഥിരവാസമാക്കി. ഒരു തോട്ടത്തോടുകൂടിയ ഒരു ചെറുഭവനം മില്ലററു് വാങ്ങിച്ചു വീട്ടാവശ്യത്തിനു വേണ്ട സസ്യാദികൾ കൃഷി ചെയ്യുന്നതിനുവേണ്ടി അയാൾ പ്രഭാതത്തിൽ ആ തോട്ടത്തിൽ ജോലി ചെയ്തിരുന്നു. പകൽ ബാക്കിസമയമെല്ലാം മില്ലററു് ചിത്രരചനയ്ക്കും വിനിയോഗിച്ചു. പവിഴക്കുലകൾ ഇടതൂൎന്നുകിടക്കുന്ന വയൽപ്പരപ്പിൽക്കൂടി മറയുന്ന അസ്തമനാരുണനെ കാണുവാനായി, കാനനപ്രാന്തങ്ങളിലും പരിസരങ്ങളിലും, സായാഹ്നവേളകളിൽ അവർ സവാരിപോയിരുന്നു

"കൃഷിക്കാരെ സംബന്ധിക്കുന്ന വിഷയങ്ങളാണു് എന്റെ പ്രകൃതിക്കു് ഏററവും അനുയോജ്യമായതു്." മില്ലററു് പറയാറുണ്ടു്. അത്തരം ചിത്രങ്ങൾതന്നെയാണു് അയാൾ വരച്ചിരുന്നതു്. അദ്ദേഹത്തിന്റെ "വിതയ്ക്കുന്നവൻ" (The Sower)എന്ന ചിത്രത്തിൽ, ഒഴവുചാലിനെ പിൻതുടൎന്നുകൊണ്ടു് ഒരാൾ വിത്തുവിതയ്ക്കുന്നതായിട്ടാണു് കാണിച്ചിരിക്കുന്നതു്. മറെറാരു ചിത്രമായ "കൊയിത്തുകഴിഞ്ഞു പെറുക്കൽ" The gleaners) മൂന്നുസ്ത്രീകൾ കുനിഞ്ഞുനിന്നുകൊണ്ടു് കൊയിത്തുകഴിഞ്ഞപാടത്തു് കിടക്കുന്ന ധാന്യമണികൾ പെറുക്കുന്നതായിട്ടാണു്.

"ഞാൻ മനസ്സിൽ ഉദിക്കുന്നതു് പറയുകയും, കാണുന്നമാതിരി ചിത്രീകരിക്കുകയും ചെയ്യും" മാതാക്കൾ കുട്ടികളെ ലാളിക്കുന്നതും, അവൎക്കു ആഹാരം കൊടുക്കുന്നതും മററും അതേവിധത്തിൽതന്നെ അദ്ദേഹം വരച്ചിട്ടുണ്ടു്. ഒരു ചിത്രത്തിൽ കുഞ്ഞുങ്ങളെ തീററുന്ന തള്ളപ്പക്ഷിയെപ്പോലെ, ഒരു മാതാവു് കുടിലിന്റെ തിണ്ണയിൽ ഇരുന്നുകൊണ്ടു് ഒരു പാത്രത്തിൽനിന്നും ആഹാരം എടുത്തു് അവളുടെ മൂന്നുകുട്ടികൾക്കു കൊടുക്കുന്നതായി അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ടു്. പാടത്തു പണിയെടുക്കുന്ന സ്ത്രീപുരുഷന്മാർ; മുപ്പല്ലിയോടുകൂടി നിൽക്കുന്നൊരുത്തൻ; ഒരു അജപാലകൻ; ഒരുഅജപാലിക; "വേലയ്ക്കു" "ഗൃഹത്തിലേയ്ക്കു"; മുതലായവ യഥാൎത്ഥനാട്ടിൻപുറജീവിതത്തെ ദ്യോതിപ്പിക്കുന്ന അദ്ദേഹത്തിന്റെ ഇതര ചിത്രങ്ങളാണു്. മില്ലററിന്റെ ചിത്രങ്ങൾ എല്ലാംതന്നെ പ്രകൃതിയേയും, ഭൃത്യത്തൊഴിലിനേയുംആണു കാണിക്കുന്നതു. അനാഡംബരത, പരിശുദ്ധപ്രേമം മുതലായവയാണു് അതുകളിൽ പ്രധാനമായി പ്രതിഫലിക്കുന്നതു്.

ഇവകൂടാതെ അദ്ദേഹം സ്വന്തകുടുംബാംഗങ്ങളുടെ ഒരു പടവും വരച്ചിട്ടുണ്ടു് തന്നെ ബാല്യത്തിൽ എടുത്തുവളൎത്തിയിരുന്ന മുത്തശ്ശിയുടെ ചിത്രം എത്ര യഥാൎത്ഥമായി വരച്ചിട്ടും തൃപ്തിവരാതെ അദ്ദേഹംപറഞ്ഞതു് ഇപ്രകാരമാണു്, "അവരുടെ ആത്മാവുകൂടി പ്രതിഫലിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു"

കലയും കമലയുംതമ്മിൽ എപ്പോഴുംപിണക്കമാണല്ലോ. ധനലക്ഷ്മി മില്ലററിനെ ഒരുവിധത്തിലും കടാക്ഷിച്ചിരുന്നില്ല. കഠിനതരമായ ദാരിദ്ര്യപ്പിശാചിന്റെ പിടിയിൽപെട്ടു് അപ്രശസ്തനായി ഏതാനും സംവത്സരം ജീവിച്ചശേഷം, നിത്യവൃത്തിക്കു വേണ്ട ഒരു ചെറിയ സമ്പാദ്യം അദ്ദേഹം ആൎജ്ജിച്ചു. ആ മഹാന്റെ ചിത്രങ്ങൾക്കു ലഭിച്ചിട്ടുള്ള വൻതുകകളിൽ ഏററവും തുച്ഛമായ ഒരു ഭാഗംമാത്രമേ അദ്ദേഹത്തിൽ എത്തിയിട്ടൊള്ളു ആദ്യം വിവരിച്ചിട്ടുള്ള "പ്രാൎത്ഥനാസമയം" എന്നചിത്രം, ആൎക്കുവേണ്ടിയാണോ എഴുതിയതു്, അയാൾ ഉപേക്ഷിക്കയാണു ചെയ്തതു്. 1860 ൽ ആ ചിത്രം മില്ലററു് നൂറുപവനുവിററു. മുപ്പതുവൎഷത്തിനുശേഷം, 1890-ൽ, അതേചിത്രത്തെ മറെറാരാൾ 32,000-പവനു വാങ്ങിച്ചു!!

അദ്ദേഹത്തിന്റെ ജീവിതം നിരാശാബഹുലമായ ഒന്നായിരുന്നു എങ്കിലും അദ്ദേഹത്തിനു ആത്മവിശ്വാസം നല്ലപോലെ ഉണ്ടായിരുന്നു ആ മഹാത്മാവിനു നിശ്ചയമുണ്ടായിരുന്നു തന്റെ ചിത്രങ്ങൾ നല്ലതാണെന്നു. അദ്ദേഹത്തിൽ വിശ്വാസവും സ്നേഹവുംഉള്ള ഒന്നുരണ്ടു ചിത്രമെഴുത്തുകാർ ഏറെത്താമസിയാതെ ലോകം അദ്ദേഹത്തെ ഒന്നാംകിടയിൽ ഉള്ള ഒരു ചിത്രകാരനായി പരിഗണിക്കുമെന്നു് പലപ്പോഴും പറഞ്ഞിട്ടുണ്ടു്. എങ്കിലും മില്ലററിന്റെ ചിത്രങ്ങൾ വളരെ ദുൎല്ലഭമായിട്ടേ ചിലവായിരുന്നൊള്ളു. ചിലവായതുതന്നെ ഏററവും നിസ്സാരമായ വിലയ്ക്കായിരുന്നു. അദ്ദേഹം പ്രദൎശനങ്ങൾക്കു അയച്ചിരുന്ന ചിത്രങ്ങൾഎല്ലാംതന്നെ തിരസ്കരിക്കപ്പെടുകയോ, പ്രേക്ഷകദൃഷ്ടിക്കു ഗോചരീഭവിക്കാത്തവിധം വല്ല മുക്കിലും തൂക്കുകയോ ആണു ചെയ്തിരുന്നതു്. എങ്കിലും, വിജയത്തെ അന്വേഷിച്ചു നടക്കാതെ, പ്രതീക്ഷിച്ചുകൊണ്ടു് അദ്ദേഹം വീണ്ടും അതേരീതിയിൽഉള്ള ചിത്രങ്ങൾതന്നെ വരച്ചുകൊണ്ടിരുന്നു. അദ്ദേഹം പലപ്പോഴും പറയാറുണ്ടു്. "ഒരു കലോപജീവിക്കു അയാളുടെ തൊലിരജിസ്റ്റർ ചെയ്യണം!"

മില്ലററു ഇപ്പോൾ യശശ്ശരീരനായി തീൎന്നിരിക്കുന്നു. അദ്ദേഹത്തിന്റെ ചിത്രങ്ങൾക്കു എങ്ങിനെയാണു് വിലകല്പിക്കേണ്ടതെന്നു ലോകം അറിഞ്ഞുകഴിഞ്ഞു. നാം അദ്ദേഹത്തെ ഒരു പ്രശസ്തനായ ചിത്രകാരൻ എന്നനിലയിലും, ഒരു മഹാൻഎന്നനിലയിലും പ്രശംസിക്കുന്നു. അദ്ദേഹമാകട്ടെ, രേഖകളുടെയും ചായത്തിന്റേയും ഒളിവിൽക്കൂടി, പാടങ്ങളിലെ ലഘുവായ നിത്യജീവിതത്തെപ്പററി ഫ്രാൻസിലേയും ഇംഗ്ലണ്ടിലേയും മാത്രമല്ല, ലോകത്തിലെ സാൎവ്വത്രികമായ തൊഴിലാളികളെപ്പററി നമ്മളോടു് സംസാരിക്കുന്നു.

---

# തങ്കത്തിനോടു്.

കുന്നുകുഴി, വി. നാരായണപിള്ള.

(ഗാഥ)

സ്വപ്നത്തിൻപൂഞ്ചോലക്കൈകളിലാനന്ദ-
നൃത്തം നടത്തുംകുവലയമേ!
എന്തിനീമഞ്ജുസ്മരണകൾവീണ്ടുമെൻ
ചിന്തയിൽക്കോരിത്തളിച്ചതന്നാൾ?

മായുവാൻപോകുമീ മഞ്ഞുനീൎത്തുള്ളിയിൽ
എന്തിനീ രത്നരുചിയരുളി?

ആനന്ദവായ്പുമായ് കൈകോൎത്തുപോകും-
പൂമേനിപ്പൊൻപുലർകാണുവോളം [നിൻ
രാത്രിതൻമത്തട്ടിലാരുമറിയാതെ
നിദ്രയിലാണ്ടുകഴിഞ്ഞിതുഞാൻ.

പ്രത്യൂഷമാണിക്യമേടയിൽനിന്നെന്നെ
ഏകാന്തജ്യോതിസ്സൊന്നുററുനോക്കി.

ഓതുവാനായീലൊരൊററവചനവും
ആശയംകണ്ടുമടയ്ക്കുകയാൽ
നോക്കുവാൻകൂടിയുംനേരെകഴിഞ്ഞതി-
ല്ലാനന്ദംകണ്ണിൽനിറയുകയാൽ.

കണ്ണീർകണങ്ങളൊന്നൊന്നെച്ചതിച്ചതു;
വീണുഞാൻമാത്രയിൽവിസ്മൃതിയിൽ!

ഭാവനാതീതസമഞ്ജസമായിട്ടും
കാവ്യവിഭാതപ്രഭാങ്കുരമേ!
ഇന്നിയുമെത്രനെടിയരജനികൾ
പോകണംനിൻമുഖമൊന്നുകാണ്മാൻ

ശൂന്യമായ്ത്തിരുമെൻപൂക്കൂട,രാത്രിയാം
വിണ്മലത്തോപ്പിൽ നിന്നൂക്കിയാലും.

ചിന്തതൻവെള്ളാരക്കല്ലിന്മേൽഞാനൊരു
കുട്ടിപ്പുഴയായ്യൂൎന്നൊഴുകി
ഹോ! ഞാനാകിലെന്നുടെ ത്തുമോവീണ്ടുംനീ
ശാന്തിതൻസാഗരവിസ്തൃതിയായ്.

ആദരംപേറുമീ ഭവമോതില്ല, ഈലോകം
നമ്മളെവേഗംമറന്നുകൊള്ളും.

---


## കാമകലാസഞ്ചികകൾ

| | | |
|---|---|---|
| സ്ത്രീപുരുഷബന്ധം | അണ | 4 |
| സ്ത്രീപുരുഷതത്വം | ,, | 3 |
| പുരുഷധൎമ്മം | ,, | 3 |
| വശ്യം അഥവാ ധാതുപുഷ്ടി | ,, | 4 |
| കൃത്രിമമായ ഇന്ദ്രിയസുഖം | ,, | 4 |
| വന്ധ്യതയും നിവാരണമാൎഗ്ഗങ്ങളും | ,, | 4 |
| ജനനനിയന്ത്രണം | ,, | 4 |

പ്രസ്തുത ഗ്രന്ഥങ്ങൾ ശരിയായി വായിച്ചറിഞ്ഞാൽ മനുഷ്യജീവിതം പരമസുഖപ്രദം. അല്ലെങ്കിൽ ദുഃഖഭാജനം. ദമ്പതിമാർ അനുഷ്ഠിക്കേണ്ട ഗൂഢതത്വങ്ങൾ എല്ലാം അടങ്ങിയിരിക്കുന്നു

ഏഴിനുംകൂടി 1 രൂ 8 ണ.

ശ്രീരാമവിലാസം ബുക്കുഡിപ്പോ,

# ചുണ്ണാമ്പ്.

എൻ. എൻ. അമനകര.

കുടിൽതൊട്ടു കൊട്ടാരംവരെ സ്വച്ഛന്ദം വിഹരിക്കുന്നതും ജനങ്ങളിൽ ഏറിയ പങ്കും ഉപയോഗിച്ചുവരുന്നതുമായ സാധനങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനത്തിനു ചുണ്ണാമ്പും ഒരവകാശിയായിത്തീൎന്നിട്ടുണ്ട്. ഏതുഗൃഹത്തിലും നിത്യവും കൈകാൎയ്യംചെയ്യുന്നതും പകരം മറ്റൊന്നിനെ ആശ്രയിക്കാൻ നിവൃത്തിയില്ലാത്തതുമായസാധനങ്ങളാണു് ചുണ്ണാമ്പും ഉപ്പും. ഈ രണ്ടും, രസതന്ത്രപ്രകാരം ഒരു കുടുംബവിഭാഗത്തിൽപെട്ട സാധനങ്ങൾ മറ്റുവസ്തുക്കളുമായി സംഘടിതമായിട്ടുള്ളതാണു്. ബാഹ്യലക്ഷണങ്ങളും, പ്രകൃതിയിൽ നിഗൂഢമായി നിക്ഷിപ്തമായിരിക്കുന്നരീതിയും അന്യപദാൎത്ഥങ്ങളുമായി സംയോജിക്കുന്ന സ്ഥിതിഗതികളും സൂക്ഷ്മമായി പരിശോധിച്ചു, എല്ലാലോഹങ്ങളേയും ഓരോ പ്രത്യേകകുടുംബങ്ങളായി തരംതിരിച്ചിരിക്കുന്നു. ഇപ്രകാരമുള്ള ഒരു കുടുംബത്തിലെ അംഗങ്ങളിൽ രണ്ടുവ്യക്തികളാണു calcium വും Sodium വും. ചുണ്ണാമ്പിലുള്ളലോഹാംശം കാൽസിയവും (calcium) ഉപ്പിലുള്ളതു സോഡിയവും (sodium) ആണു്. ഒന്നിലധികം സാധനങ്ങളുടെ സംയോഗത്താൽ അവയുടെ പൂൎവ്വതപഗുണങ്ങളിൽനിന്നും വിഭിന്നഗുണങ്ങളോടുകൂടി രൂപാന്തരപ്പെടുന്ന എല്ലാസാധനങ്ങൾക്കുംരസതന്ത്രത്തിൽ ഉപ്പ് (salts) എന്നുള്ള സാമാന്യസംജ്ഞയാണു് നൽകപ്പെട്ടിരിക്കുന്നതു്. ഇതിനെ അടിസ്ഥാനപ്പെടുത്തി വിചിന്തനംചെയ്യുമ്പോൾ ചുണ്ണാമ്പിനുപയോഗിക്കുന്ന കക്കായും സാധാരണഉപ്പും ലവണവൎഗ്ഗംഎന്ന ഒരു പൊതുസംജ്ഞക്കു വിധേയമാകുന്നു.

കട്ടുത്ത കക്കാ അല്ലെങ്കിൽ കാൽസിയം കാർബണേറ്റ് (calcium carbonate) നീറ്റിഎടുക്കുമ്പോൾ ലഭ്യമാകുന്ന വെളുത്തധൂളിക്കു(calcium oxide)എന്നുപറയുന്നു. ഈ കാൽസിയംഓക്സൈഡ് വെള്ളത്തോടുചേരുമ്പോൾആണല്ലോ ചുണ്ണാമ്പ് (calcium hydroxide)കിട്ടുന്നതു്. ഈ കക്കാ എന്നറിയപ്പെടുന്നസാധനം എന്താണു്. അനന്തകോടി ജീവജാലങ്ങൾ അധിവസിക്കുന്ന ആഴിയുടെ അന്തർഭാഗത്തുനിന്നും സുലഭമായി കിട്ടുന്ന ഈ സാധനം ഒരുതരം ജീവജന്തുക്കളുടെ രക്ഷാകവചങ്ങൾ ആണല്ലോ. കാലാന്തരത്തിൽ ഈ നിർദ്ദോഷജീവികൾ നശിക്കയും അവയുടെ ഈ കട്ടപ്പമേറിയകൊട്ടികൾ വെള്ളത്തിനടിയിൽ നിക്ഷേപിക്കപ്പെടുകയുംചെയ്യുന്നു കക്കാശേഖരത്രമത്തിൽ അനേകം ജീവനുള്ള ജന്തുക്കളുംകൂടി ഉൾപ്പെടാൻ ഇടയുണ്ടു്. കക്കാനീറ്റുന്ന അവസരത്തിൽ ഈ നിരുപദ്രവജീവികളുംവെന്തുവെണ്ണീറാകുന്നു. നമുക്കു രുചിപ്രദമായ ഉപ്പിന്റേയും ആവിർഭാവം സമുദ്രജലംതന്നെ. അതുകൊണ്ടു ഉപ്പും ചുണ്ണാമ്പും ഏകോദരസഹോദരന്മാരായിട്ടാണു വൎത്തിക്കുന്നതെന്നു പറയുന്നതിൽ തെറ്റില്ല.

ഈ ചുണ്ണാമ്പിന്റെ ചരിത്രം ചിന്താധീനമാണു് ഇതിനെ ചിലസ്ഥലങ്ങളിൽ 'നൂറു്' എന്നും പറയാറുണ്ടു്. ഈ പേരിനുള്ളയോഗ്യത ഇതിനു എങ്ങിനെകിട്ടിയോ എന്തോ ക്രൂവനൂറു,പനനൂറു എന്നിത്യാദി ഭക്ഷണയോഗ്യമായ ചില നൂറുകൾ എല്ലാവൎക്കും സുപരിചിതമാണല്ലോ. അവ സസ്യജന്യങ്ങളും, രുചിയുള്ളതും, പോഷകാംശം ഉള്ളതുമാണു്. എന്നാൽ ഈ "നൂറു്" ഭക്ഷിച്ചുനോക്കുവാൻ ആരും ധൈൎയ്യപ്പെടുമെന്നു തോന്നുന്നില്ല ആരെങ്കിലും ഭക്ഷിക്കുവാൻ മുതിരുന്നപക്ഷം അയാൾക്കു മറ്റു ഭക്ഷണങ്ങൾ കുറച്ചുദിവസത്തേക്കെങ്കിലും വൎജ്ജിക്കേണ്ടതായിവരുമെന്നുള്ളതും നിശ്ചയമാണു് ഇപ്രകാരം വ്യത്യസ്തഗുണങ്ങളുള്ള ചുണ്ണാമ്പിനു മറ്റു നല്ല നൂറുകളോടൊപ്പം ഒരഭിധാനം കൊടുത്തതിന്റെരഹസ്യം എന്തായിരിക്കാം. ഇതു മറ്റുള്ളവരെ വഴിതെറ്റിക്കുന്ന ഒരപരാധമായി വിചാരിക്കേണ്ടിയിരിക്കുന്നു. ഈ പേരു കല്പിച്ചതു ആരുതന്നെ ആയാലും അയാൾ ഒരു മഹാവഞ്ചകൻ എന്നുള്ളപേരിനു തികച്ചും അർഹനാണു്. മറ്റു നൂറുകൾ തമ്മിലുള്ള രൂപസാമ്യംകൊണ്ടു ഇപ്രകാരം ഒരു "ദുഷ്പേരു" പതിഞ്ഞിട്ടുള്ളതായിരിക്കുമെന്നുവേണമെങ്കിൽ സമാധാനപ്പെടാം.

വാമൊഴുന്ന ഈ ചുണ്ണാമ്പിന്റെ പ്രായോഗികവശങ്ങൾകൂടി അല്പം ചിന്തിക്കേണ്ടതുണ്ടു്. സാമാന്യജനങ്ങൾക്കു നിഷ്പ്രയാസം സുലഭമായി കിട്ടുന്നതും വ്യയരഹിതവും ആണു്. എങ്കിലും ചുണ്ണാമ്പു് തനിയെ ഉപയോഗിക്കുന്നതു ദോഷതപമായിരിക്കും. ചുണ്ണാമ്പും വെളിച്ചെണ്ണയും ചേൎത്തു മൎദ്ദിച്ചു ഒരുമാതിരി കുഴമ്പുരൂപത്തിലാക്കി, തീപൊള്ളലിനു ഒരു താൽക്കാലികനിവാരണമായി ചിലർ ഉപയോഗിച്ചു കണ്ടിട്ടുണ്ടു്. വിരലോമറ്റോ മുറിഞ്ഞാൽ ചിലർ ചുണ്ണാമ്പും ഭസ്മവുംകൂട്ടിച്ചേൎത്തു വച്ചുകെട്ടാറുണ്ടു്. ഇപ്രകാരം ചില സന്ദർഭങ്ങളിൽ ഇതിനു ഒരു ദിവ്യൌഷധത്തിന്റെ സ്ഥാനവും ലഭിക്കാറുണ്ടു്. ഇങ്ങിനെയെല്ലാം ഉപകാരപ്രദമാണെങ്കിലും ഇതു നിർദ്ദോഷികളായ ചിലരെ കണക്കിനു കളിപ്പിക്കാറും ഉണ്ടു്. ഇതിനു സുപ്രസിദ്ധമായുള്ള മിനുമിനുപ്പും ധാവള്യവും വികൃതികളായ ചില കുഞ്ഞുങ്ങളെ വളരെ സങ്കടപ്പെടുത്തും. പാലുപോലുള്ള അതിന്റെ വൎണ്ണംകണ്ടു ഉറക്കെ ചിരിച്ചു ഉത്സാഹമായി ഓടിച്ചെല്ലുന്നു. കയ്യിൽകിട്ടിയ കനകാവസരത്തെപാഴാക്കാതെ ആ "പരബ്രഹ്മരൂപികൾ" കോരിഎടുത്തു സൎവ്വാംഗം തേക്കുകയും കൂടുതൽ പങ്കും വദനഗഹ്വരത്തിൽ ആക്കുകയും ചെയ്യും. തങ്ങൾക്കുപറ്റിയ അബദ്ധപ്രഖ്യാപനത്തിനു ആ സാധുക്കൾ അധികസമയം ആവശ്യപ്പെടുകയില്ല.

നമ്മുടെ പരിഷ്കൃതജീവിതദശയിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത രണ്ടു നിസ്തുല്യവ്യക്തികളാണു് ചുണ്ണാമ്പും മണ്ണാനും. (washerman) നാം മണ്ണാന്മാരെ ആശ്രയിക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന രഹസ്യം എന്താണു്. നമ്മുടെ നിത്യോപയോഗത്തിനുള്ള വസ്ത്രാദികൾ വൃത്തിയായും ധവളവൎണ്ണമായും ആക്കിത്തീൎത്തില്ലെങ്കിൽ ഒരു അസുഖം നമ്മെ തീർച്ചയായും ബാധിക്കും. ഒന്നാലോചിച്ചാൽ ഈ മണ്ണാന്മാർ ചുണ്ണാമ്പിന്റെ നിറം നമ്മുടെ വസ്ത്രങ്ങൾക്കും ഉണ്ടാക്കിത്തരുന്നു. ഇപ്രകാരം ചുണ്ണാമ്പിന്റെ നിറത്തെ നാം അനുകരിക്കാൻ ശ്രമിക്കുന്നതുകൊണ്ടു ചുണ്ണാമ്പിനു ഒരു ധിക്കാരവും ഗർവ്വും തോന്നിയിട്ടുണ്ടു്. അതുകൊണ്ടു തീർച്ചയായും നാം വിചാരിക്കുന്നതിൽ കൂടുതൽ ഒരു വില ചുണ്ണാമ്പിനുണ്ടു്. "മണ്ണിനും ചുണ്ണാമ്പിനും കൊള്ളാത്തവൻ" എന്നു് ചിലരെ ആക്ഷേപിച്ചു പറയാറുണ്ടെങ്കിലും വാസ്തവത്തിൽ അതൊരു അൎത്ഥശൂന്യമായ ജല്പനമാണെന്നാണു് എന്റെ പക്ഷം.

മനുഷ്യൎക്കു മാത്രമല്ല, നാം ആരാധിക്കുന്ന ദേവീദേവന്മാൎക്കും ചുണ്ണാമ്പിനോടു ഒരു പ്രത്യേക പ്രതിപത്തിയുള്ളതായി വിചാരിക്കാൻ ന്യായങ്ങൾ ഉണ്ടു്. ഇതു് ഒരുമാതിരി അസൂയാബുദ്ധിയോടുകൂടി അല്ലായിരുന്നെങ്കിൽ നന്നായിരുന്നു. ചുണ്ണാമ്പു് ഉപ്പിനെപ്പോലെതന്നെ ഒരേ കുടുംബാംഗമാണെന്നും കുടിൽതൊട്ടു കൊട്ടാരംവരെ നിർഭയം നടനം ചെയ്യുന്ന സാധനമാണെന്നും നാം കണ്ടുവല്ലൊ. അങ്ങിനെയിരിക്കെ അവയിൽ ഒന്നിനെ നിശ്ശേഷം ത്യജിച്ചു മറ്റതിനെ സ്വീകാൎയ്യമാക്കിയ മനഃസ്ഥിതി, ദേവന്മാരുടേതാണെങ്കിലും ആയതു് അക്ഷന്തവ്യമായ ഒരപരാധമായി കരുതേണ്ടതാണു്.

ചുണ്ണാമ്പും മഞ്ഞളും വെള്ളത്തിൽ കലക്കിയാൽ ഉണ്ടാകുന്ന ശോണിതവൎണ്ണമായ ദ്രാവകം ചില ദേവികൾക്കു് രുചിപ്രദമത്രേ. ഇതിനു "ഗുരുതി" എന്നൊരു വിശേഷാൽപേരും കണ്ടുപിടിച്ചിട്ടുണ്ടു്. ഈ ദേവിമാരുടെ രസനേന്ദ്രിയസൃഷ്ടി ഒരു പ്രത്യേക തരത്തിലായിരിക്കാം. അല്ലെങ്കിൽ ഈ രക്തതുല്യമായ വെള്ളത്തിനു ഇത്രയും ആൎത്തി ഉണ്ടാകുന്നതെങ്ങിനെ. അതിന്റെ സ്വാദു ഒന്നു പരിക്ഷിക്കാൻപോലും ഈയുള്ളവനു മനസ്സ് തോന്നുന്നില്ല. ഇതുകൂടാതെ ചുണ്ണാമ്പിനു വേറൊരു പരമപാവനമായ സ്ഥാനം ഉണ്ടു്. ബിംബത്തിന്റെ സാന്നിദ്ധ്യംകൂടാതെ മന്ത്രശക്തികൊണ്ടു് ദേവന്മാരെ ആവാഹിച്ചുവരുത്തി ആരാധിക്കുന്നതു് സർവ്വസാധാരണമായ ഒരു നടപ്പാണു്. ഇപ്രകാരം ക്ഷണിച്ചുവരുത്തുന്ന അതിഥികളെ നിശ്ചയമായും പദവിക്കനുസരണമായുള്ള മാന്യാസനങ്ങളിൽ ഇരുത്തേണ്ടതുതന്നെ. പൂജ്യപാദർ ആണെങ്കിൽ പറയാനും ഇല്ലല്ലൊ. ഈവിധം തയാറാക്കുന്ന മാന്യാസനത്തിനു "പത്മം എന്നാണു പേരു്" ഈ പത്മനിൎമ്മാണത്തിനു ചുണ്ണാമ്പിന്റെ സഹായം അപരിത്യാജ്യമത്രേ ചുണ്ണാമ്പും മഞ്ഞൾപൊടിയും ചേൎത്തുണ്ടാക്കുന്ന പൊടികൊണ്ടു പത്മത്തിനും

## ലോകോപകാരി സദ്ധർമ്മം ശ്രീബാലകൃഷ്ണ യോഗീശ്വരസ്വാമിയുടെ

## യാതൊരു പത്ഥ്യവുമില്ലാത്തതായ

# ആപൽബാന്ധവാമൃതം.

## (സർവ്വ അർശസ്സ് നിവാരിണി.)



എന്ന ദിവ്യ ഔഷധം ഉള്ളർശസ്സ്, മൂലയർശ്ശസ്സ് മൂലമൂല, മൂലച്ചൂട്, രക്തംപോക്ക് മലബന്ധം മുതലായ അർശസ്സ് വ്യാധികളേയും രക്തദൂഷ്യം, പഴുപ്പുപോക്ക്, പിത്തവർദ്ധന, മൂത്രച്ചൂടിൽ, മേഹംപോക്ക്, ശുക്ലസ്രാവം, ഉഷ്ണപ്പുണ്ണ്, ലഹരിപദാർത്ഥങ്ങളെകൊണ്ടുണ്ടായിട്ടുള്ള കുടൽവ്രണങ്ങൾ മുതലായ ഭയങ്കരവ്യാധികളേയും നിശ്ശേഷം നശിപ്പിച്ച് ഓജസ്സ്, രക്തവർദ്ധന, ധാതുപുഷ്ടി, ആരോഗ്യം, മനശ്ശക്തി തുടങ്ങിയുള്ള മഹൽഗുണങ്ങളെ ഉടൻപ്രദാനംചെയ്യുന്നതിന് തക്ക ശക്തിയുള്ള ഈ ദിവ്യാമൃതം രോഗികൾക്കും അല്ലാത്തവർക്കും ദിവസവും രാത്രിയിൽ ആഹാരത്തിനുശേഷം അരത്തുപാത്തുക്കംവീതം യാതൊരു പത്ഥ്യവും കൂടാതെ ഉപയോഗിക്കാവുന്നതാകയാൽ ഒരു തവണ വാങ്ങി പരീക്ഷിച്ചുനോക്കുവിൻ.

### വിലവിവരം.

കാൽസേർ അണ 12. അരസേർ രൂപ 1. ണ 6.

ഒരുസേർ രൂ 2. ണ. 8- പോസ്റ്റേജ്പുറമേ.

## ശ്രദ്ധിക്കുവിൻ. അനുഭവസ്ഥന്മാരുടെ അഭിപ്രായങ്ങൾ ശ്രദ്ധിക്കുവിൻ!

മാനേജർ, ലോകോപകാരി ആപൽബാന്ധവാമൃതം ഡിപ്പോ, കൊല്ലം.

സർ! താങ്കൾ അയച്ചുതന്ന രണ്ടുട്ടിൻ ദിവ്യാമൃതം ഞാൻ ഉപയോഗിച്ചതിൽ എന്റെ വയറുസംബന്ധമായിട്ടും കുടൽ സംബന്ധമായിട്ടുമുള്ള പല സുഖക്കേടുകൾക്കും ഉടനടി ഫലംചെയ്തു എന്നു പറയുവാൻ എനിക്ക് അത്യധികം സന്തോഷമുണ്ട്. നിങ്ങളുടെ ഈ ദിവ്യാമൃതം മററ് പല മരുന്നുകളേയും അപേക്ഷിച്ച് എനിക്ക് ഗണ്യമായ ഗുണംചെയ്തു എന്നുതന്നെയുമല്ല കുറച്ചുനാൾകൂടി തുടർച്ചയായി ഉപയോഗിക്കുന്നപക്ഷം എന്റെ ഉള്ളിലുള്ള സർവ്വവ്യാധികളും നശിക്കുമെന്നുള്ള പൂർണ്ണവിശ്വാസമുള്ളതുകൊണ്ട് ദയവുചെയ്ത് ഒരു സേർ മരുന്നുകൂടി അയച്ചുതരുവാൻ അപേക്ഷ.

എന്ന്, എം. എസ്സ്. വീരബാഹുപിള്ള, മുൻസിപ്പൽകൌൺസിലർ, ആണററിമജിസ്ട്രേട്ട് ആൻറ് ജഡ്ജ്,
ആണററിസിക്രട്ടറി സൌത്തിൻഡ്യൻ ചേമ്പർആഫ് കാമേഴ്സ്, തിരുവനന്തപുരം.

മാനേജർ, ലോകോപകാരി, ആപൽബാന്ധവാമൃതം ഡിപ്പോ കൊല്ലം.

Dear Sir, താങ്കളുടെ ആപൽബാന്ധവാമൃതം എന്ന ദിവ്യഔഷധം ഞാൻ പതിനൊന്നുതവണ ഉപയോഗിച്ചതിൽ എന്റെ അർശ്ശസ്സുവ്യാധികളായ മൂലമൂല, മൂലച്ചൂട്, രക്തംപോക്ക് ഇതുകൾക്കും എനിക്ക് പെട്ടെന്ന് തക്കതായ ഫലപ്രാപ്തി കിട്ടിയിരിക്കുന്നതിനാൽ എന്റെ ഹൃദയംഗമമായ നന്ദിയെ സസന്തോഷം അറിയിച്ചുകൊള്ളുന്നു. പൂർണ്ണസുഖത്തിനുവേണ്ടി പിന്നെയും ഓർഡർ ചെയ്യുന്നതാണ്.

എന്ന്, സി. എസ്സ് അബ്ദർജലാലുദീൻ ബി. എ. ബി. എൽ. ഹെഡ്ക്ലാർക്ക് 1—ാംക്ലാസ്സ മജിസ്ട്രേട്ടുകോട്ട്, ബോംബേ.
മാനേജർ, ലോകോപകാരി ആപൽബാന്ധവാമൃതം ഡിപ്പോ, കൊല്ലം.

താങ്കളുടെ ദിവ്യഔഷധം ഞാൻ ഉപയോഗിച്ചതിൽ ഏഴുവർഷക്കാലമായി എന്നെ വിട്ടുമാറാതിരുന്ന ശുക്ലസ്രാവം, പഴുപ്പുപോക്ക്, മൂത്രച്ചൂടിൽ, എന്ന കഠിനവ്യാധികൾക്ക് വലുതായ ഒരു ശമനം കിട്ടിയിരിക്കുന്നതിനാൽ ആയതിന്റെ ഓർമ്മക്കായി ഞാൻ അയച്ചുതരുന്ന ഈ പ്രസിന്റിനെ സ്വീകരിച്ചാലും.

എന്ന്, എം. എം. സ്വാമിയാർ ജനറൽമർച്ചന്റ് ആൻഡ് എൻ. വി. ഷൺമുഖംപട്ടണംപൊടി ഏജന്റ് മദ്രാസ്സ്.
മാനേജർ, ലോകോപകാരി ആപൽബാന്ധവാമൃതം ഡിപ്പോ, കൊല്ലം.

Dear Sir, താങ്കൾ എനിക്ക് അയച്ചുതന്ന അമൃതം ഉപയോഗിച്ച് കണ്ടതിനാലുള്ള ഗുണങ്ങൾക്ക് ഞാൻ വളരെ നന്ദിപറഞ്ഞുകൊള്ളുന്നു. എന്നെ എപ്പോഴും ഉപദ്രവിച്ചുകൊണ്ടിരുന്നതും പല പല നാടനും ഇംഗ്ലീഷുമരുന്നുകളും ഉപയോഗിക്കുവാൻ എന്നെ പ്രേരിപ്പിച്ചുകൊണ്ടിരുന്ന മലബന്ധം, അത്യുഷ്ണം തുടങ്ങിയ വ്യാധികൾക്ക് താങ്കളുടെഔഷധത്താൽ നിശ്ശേഷം നശിച്ചിരിക്കുന്നു. മുൻഉപയോഗിച്ച മരുന്നുകൾ ഒന്നുംതന്നെ യാതൊരുഫലവും ചെയ്തില്ല. നിങ്ങളുടെ ഈ ദിവ്യാമൃതത്തെപ്പററി ഞാൻ എന്റെ പല സ്നേഹിതന്മാരോടും അറിയിച്ചുകൊണ്ടിരിക്കുന്നു. കുടുംബാവശ്യത്തിൽ സൂക്ഷിക്കുവാൻ മൂന്നു ട്ടിൻ മരുന്നുകൂടി ഉടൻ അയയ്ക്കുമെന്ന് വിശ്വസിക്കുന്നു.

എന്ന്, എം. രാമയ്യാപിള്ള ഡയറക്ടർ ആൻഡ് സെക്രട്ടറി തിരുവനന്തപുരം ബാങ്ക് തിരുവനന്തപുരം.

ആപൽബാന്ധവാമൃതം മാനേജർ അവർകൾക്ക്.

താങ്കളുടെ ആപൽബാന്ധവാമൃതം എന്ന ദിവ്യഔഷധം ഞാൻ നാളതുവരെക്കും ഉപയോഗിച്ചതിൽ എനിക്കുണ്ടായിട്ടുള്ള രക്തദൂഷ്യങ്ങളേയും ഞരമ്പുവേദനകളേയും അശേഷം നശിപ്പിക്കുകയും അവിടംമുതൽ എന്റെശരീരത്തിന് ആരോഗ്യമായിട്ടുള്ളവിധത്തിൽ പല അനുഭവങ്ങളും എനിക്ക് പൂർണ്ണവിശ്വാസം വന്നിരിക്കുന്നതിനാൽ എന്റെ കുട്ടികളുടെ രക്ഷക്കുവേണ്ടി രണ്ടു സേർമരുന്നുകൂടി അയച്ചുതരുവാനപേക്ഷ.

എന്ന്, എം. മോസ്സസ്സ്; ഹെഡ്ക്ലാർക്ക് നാടാർബാംക്. തൂത്തുക്കുടി.

ശേഷം പുറകെ തുടരും

മാനേജർ, ആപൽബാന്ധവാമൃതംഡിപ്പൊ, വി. വി. ഉസ്സിനു സമീപം, മെയിൻറോഡ്—കൊല്ലം.


ആകപ്പാടെ ഒരു ഭംഗിയും പാവനത്വവും സിദ്ധിക്കുന്നു. ഇങ്ങിനെ മനുഷ്യരെ മാത്രമല്ല ദേവന്മാരെപ്പോലും ആകർഷിക്കത്തക്ക ഒരു ദിവ്യശക്തി ചുണ്ണാമ്പിനുള്ളതായി അനുമാനിക്കുന്നതിൽ അബദ്ധമില്ലല്ലൊ.

ഈ ദേവന്മാർക്കാകട്ടെ ദേവിമാർക്കാകട്ടെ ഉപ്പിനോടു വലിയ കോള് ഇല്ല. നിവേദ്യങ്ങൾക്കൊന്നിനുംതന്നെ സാധാരണയായി ഉപ്പ് ഉപയോഗിച്ചുകാണുന്നില്ല. ഇക്കാര്യത്തിൽ ഉപ്പിനു ഒരു സപത്നിയുടെ നിലയാണു നിഴലിച്ചുകാണുന്നതു്. ഇവ രണ്ടും (ചുണ്ണാമ്പും ഉപ്പും) സർവരാലും താലോലിക്കപ്പെടുന്ന ഒരമ്മയുടെ രണ്ടു മക്കളും ആയിരിക്കെ, ദേവന്മാരുടെ ഈ നിഷ്ഠുരപെരുമാററത്തിൽ ഉപ്പിനുണ്ടാകുന്ന ശോകം ശക്തിയേറിയതായിരിക്കും. ചില കാലങ്ങളിൽ ഉപ്പുവെള്ളംഒലിച്ചുപോകുന്നതു സഹിക്കാൻവയ്യാത്ത സങ്കടംകൊണ്ടുള്ള അശ്രുധാരയായിരിക്കാം.

അസ്ഥി, രക്തം, മാംസം മുതലായ ശരീരാംശങ്ങൾ നീചവും അശുദ്ധികരവുമായിട്ടാണ് സാധാരണയുള്ള സങ്കല്പം. കക്കാ ഒരു ജന്തുവിന്റെ നഷ്ടാവശിഷ്ടമായ ഒരുമാതിരി അസ്ഥിതന്നെയാണ്. കക്കയെ രൂപാന്തരപ്പെടുത്തി എടുക്കുന്ന ചുണ്ണാമ്പിന് അശുദ്ധി ഇല്ലാതാവാനും അതു ഈശ്വരപ്രീതിക്കുള്ള ഉപകരണങ്ങളിൽ ഒന്നായി തീരുവാനും ഉള്ള ഹേതു എന്തു്?

—*—



വിദേശികളായ തൊഴിലാളികളുടെ ആദായത്തിൽ ഫ്റഞ്ചുഗവണ്മെൻറു 5 ശതമാനം കരം ചുമത്തിയിരിക്കുന്നു. അതിനുള്ള ബിൽ ഫ്റഞ്ചുചേംബറിൽപാസ്സായി.

* * *

ടർക്കിയിൽ 22 വയസ്സിനു മേലുള്ള സ്ത്രീകൾക്കെല്ലാം വോട്ടവകാശവും, 30-വയസ്സിനുമേലുള്ള സ്ത്രീകൾക്കു ഡെപ്യൂട്ടിസ്ഥാനത്തിനർഹതയും നൽകാനിടയുണ്ടെന്നറിയുന്നു. ഗവർമ്മെൻറുകക്ഷിയുടെ ഈ ശുപാർശ താമസിയാതെ നിയമമായിത്തീരുമെന്നും കാണുന്നു.

* * * *

ഫ്രാൻസിലെ ഒരു ഡിററക്ടീവ് ഇൻസ്പക്ടറായ ബോണിയെ അറസ്ററുചെയ്തിരിക്കുന്നു. ഇയാൾ ഗ്രിങ്കോൾഎന്ന പാരിസൻമാസികയുടെപേരിൽ കൊടുത്തിരുന്ന മാനനഷ്ടക്കേസ്സ് തള്ളപ്പെട്ടുപോയി. സ്റ്റാവിസ്കി അപവാദസംഗതിയിൽ ബോണി നടത്തിയ പരിശോധനകളെസംബന്ധിച്ച് ചില അപവാദങ്ങൾ ഈ മാസിക പ്രസിദ്ധപ്പെടുത്തിയതിനെത്തുടർന്നായിരുന്നു കേസ്സ്.

* * *

മാനിലായിൽ, ഇക്കഴിഞ്ഞ രണ്ടുമാസത്തിനിടയിൽഉണ്ടായ ആറാമത്തെ ചുഴലിക്കാററു വളരെ നാശങ്ങൾ ചെയ്തുവരുന്നു. ഹിൻഡ ബർഗ്ഗ് എന്ന കപ്പൽ മുങ്ങിപ്പോയിരിക്കുന്നു. ഇരുപത്തെട്ടുപേർ മരിക്കയുംഎഴുപതുപേരെ കാണാതാകയും ചെയ്തതായിട്ടാണു ഇതുവരെയുള്ള അറിവ്.

* * *

ഫ്രാൻസിൻെറ ഒട്ടാവാസമ്മേളനം ഇന്നു പ്രസിഡൻറു ലെബ്രൺ ഉൽഘാടനം ചെയ്തിരിക്കുന്നു. ഈ കാൺഫറൻസു് ദീർഘമായ പര്യാലോചനകൾക്കുശേഷം തയാറാക്കി സമർപ്പിക്കുന്ന റിപ്പോർട്ടിനെപ്പററി വേണ്ട നടപടികൾ നടത്തുവാൻ ഗവർമ്മെണ്ടിനുമാത്രമെ അധികാരമുണ്ടായിരിക്കയുള്ളു.

* * *

ജറൂസലേമിന് സ്വയംഭരണം നൾകുന്നതിനുതകിയ ലെജിസ്ലേററിവ്കൗൺസിലുകളുടെ രീതിയെപ്പററി നിർണ്ണയിക്കുവാൻ അറബികളും, യഹൂദന്മാരുമായുള്ള ആലോചന അടുത്തുതന്നെ ഗവമെൻറു നടത്തുന്നതാണെന്നു അവിടത്തെ ഹൈക്കമ്മീഷണരായ സർ ആർതർവാച്ചോപ്പ് പ്രസ്താവിച്ചിരിക്കുന്നു.

* * *



'ന്യൂഒർലീൻസി'ലെ അഭിജാതമഹിളകളിൽ ഒരു മുഖ്യയായ മിസ്സ് കാതറയിൻ ദേവറോ 'തിയോസഫി' പഠനത്തിനായി ഇൻഡ്യയിലേക്കുതിരിക്കുന്നു എന്ന തൻെറ നിശ്ചയം പ്രഖ്യാപനം ചെയ്തപ്പോൾ സകലരും വിസ്മയാധീനരായി. ഡാക്ടർ ബെസൻറിൻെറ അനുയായികളുടെ കൂട്ടത്തിൽ ദീർഘകാലം പഠനം നടത്തുവാനാണു ഈ മഹിള ഉദ്ദേശിക്കുന്നതു്.

* * *

മെൽബോണിലെ കൊടുങ്കാററിൻെറയും ജലപ്രളയത്തിൻെറയും ഫലമായി 14 പേർ മരിക്കയും ആറായിരംപേർക്കു വീടില്ലാതാകയും ചെയ്തിരിക്കുന്നതായറിയുന്നു. കൊറംബ എന്ന കപ്പലിൽനിന്നു പതിനേഴുപേരെ കാണാനില്ല. കുവീറപ്പ എന്ന പട്ടണംവിട്ടു ജനങ്ങളെല്ലാം പോയിരിക്കുന്നു. ഗിപ്പ്സ്ലാൻഡിൽ ജനവാസം ഇല്ലെന്നുതന്നെ പറയാം.

* * *



ഇൻഡ്യയിലെപ്പോലെ: ജർമ്മനിയിൽ ലിംഗോ എന്ന സ്ഥലത്തുള്ള ഒരു പുരാതനമന്ദിരത്തിൻെറ മുൻഭാഗം ഇൻഡ്യയിലെ ഗോപുരങ്ങളുടെ മാതൃകയിലാണു ഇതു പണിചെയ്യപ്പെട്ടിരിക്കുന്നതു്

N. I. A.

## ഒരു അമേരിക്കൻ ബകൻ.



ഇത്ര വിശപ്പുള്ള ഒരാളെപ്പററി കേട്ടുകേൾവിപോലുമില്ലെന്നാണു പറയപ്പെടുന്നതു്. പേര്: ടോണി ഡിലാറെൻറിസ്; വയസ്സ്: 36; തൊഴിൽ: ക്ഷൌരം; വിവാഹിതൻ. ഒരു പുത്രനുമുണ്ടു.

ഒരു കുട്ട ആപ്പിൾ ഒരു ഇരുപ്പിനു തിന്നാമോ എന്നതിനെപ്പററി ടോണിയും ചില സ്നേഹിതന്മാരുമായി ഒരു മത്സരം നടന്നു. നാലു കോഴിക്കുഞ്ഞു കുറെ ക്ലാം, ഒരു ഡസൻ മധുരക്കിഴങ്ങും മററുപല സാധനങ്ങളും, അറു 'ഹാട്ടുഡാഗ്സ,' ഒരു ഡസനിൽ ചില ഗ്ലാസ് ബിയർ ഇത്രയും—ഒരു ലഘുഭക്ഷണം കഴിഞ്ഞതിനു-ശേഷമാണു കൂട്ടുകാർ ടോണിയുമായി പന്തയംവച്ചതു്. പന്തയത്തുക 10 ഡാളർ ആയിരുന്നു. കുട്ടയിൽ 130 ആപ്പിൾ ഉണ്ടായിരുന്നു. 10 മണിക്കു ആദ്യത്തെ ആപ്പിൾ ടോണി ഭക്ഷിച്ചു. 11–34 നു 130-ാമത്തെ ആപ്പിൾ ടോണിയുടെ ഉദരത്തിലും 10 ഡാളർ പാക്കററിലും മറഞ്ഞു. അപ്പോഴത്തേക്കു ടോണിയുടെ ഭക്ഷണസമയമായി. അയാൾ മേശയുടെ മുൻപിൽ ഇരുന്നു 2 റാത്തൽ 'സ്പാഗററിയും' 8 ഗ്ലാസു ബിയറും അങ്ങു കഴിച്ചു. ടോണിയുടെ തൂക്കം 180 റാത്തലാണു്. രാവിലത്തെ ആഹാരവും ആപ്പിളും കൂടി ചെന്നപ്പോൾ അയാൾക്കു 196 റാത്തലായി ഭാരം. കുട്ടയിലെ ആപ്പിൾ പകുതി തീർന്നപ്പോൾ എടുത്ത ഫോട്ടോ ആണിതു്.

ടോണിയുമായി മത്സരിക്കുന്നതിനു തയാറുള്ളവർ ഈ ചിത്രങ്ങൾ വിതരണം ചെയ്യുന്ന അമേരിക്കൻ ഏജൻസിമുഖാന്തിരം അപേക്ഷിച്ചു പ്രസിദ്ധി നേടുക.

U. P. S.

* * *

രണ്ടുകോടിബുഷൽ കോതമ്പു യുണൈറ്റഡ് സ്റ്റേററ്സ ലേക്കയക്കാൻ കാനഡാ ധാന്യമദ്ധ്യസ്ഥബോർഡിൻെറ അദ്ധ്യക്ഷൻ ഏർപ്പാടുകളു നടത്തുന്നു. യുണൈററഡ് സ്റ്റേററ്സ് അനുവദിക്കുമെന്നാണറിയുന്നതു്.

* * *

വാഷിംഗ്ടൺഉടമ്പടിയുടെ നിരാകരണം സംബന്ധിച്ച ജപ്പാൻെറ നിർദ്ദേശത്തോടു ഇററലി അനുകൂലിക്കുന്നില്ല. ഏതാനുംരാഷ്ട്രങ്ങൾ ഒരു കക്ഷിയായിതിരിഞ്ഞു സംഘടനയുണ്ടാക്കത്തക്ക നിർദ്ദേശങ്ങൾ ഉപേക്ഷിക്കപ്പെടണമെന്നാണു ഇററലിയുടെ ആഗ്രഹം.

* * *



പ്രസിദ്ധസിനിമാനടനായ മി. ഡഗ്ലസ്സ് ഫെയർബാങ്ക്സും, പത്നിയായിരുന്ന മേരീ പിക്ഫോർഡുമായി വിവാഹബന്ധം വേർപെട്ടിരിക്കുകയാണു്.

* * *

272 71–മൈൽ വേഗത്തിൽ വിമാനം വിട്ടു് വനിതാവൈമാനികവേഗത റിക്കാർഡ് ആഗസ്റ്റ് 11–ാംതീയതി സൃഷ്ടിച്ച മാഡമോസിൽ ഹെലൻബോഷർ എന്ന ഫ്രഞ്ചുവനിത ഗയാൻകോർട്ടു് വൈമാനസങ്കേതത്തിൽവച്ചുണ്ടായ വിമാനാപകടത്തിൽ പെട്ടു മരിച്ചുപോയതായി അറിയുന്നു.

* * *



ചിത്രത്തിൽ വലതുവശംകാണുന്ന യുവാവിൻെറ ഹൃദയം വലതുവശത്താണെന്നു ഡാക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

* * *

ബെർമ്മ ഡയിൽ സർ ഹെക്ടർ്മുറേ മക്നിലിൻെറ എട്ടുവയസ്സുപ്രായമായ ഏകസന്താനത്തെ കാണാതായി എല്ലാടിക്കിലും തിരഞ്ഞു പോലീസ്സ് അന്വേഷണം നടത്തി. ഒടുവിൽ കമ്പിയില്ലാക്കമ്പി വഴിയായി കപ്പലുകളിലേയ്ക്കു വിളിച്ചുചോദിച്ചു. "ക്വീൻഓഫ്ബെർമ്യൂഡ" എന്ന കപ്പലിൽ തിരഞ്ഞുനോക്കിയപ്പോൾ അതിനെ ഒരുമുക്കിൽ കുട്ടി ഇരിക്കുന്നു. തനിക്കു സ്ക്കൂളിൽപോകുവാൻ ഇഷ്ടമില്ല. അതുകൊണ്ടു ന്യൂയോക്കിൽഇരിക്കുന്ന മുത്തശ്ശിയെകാണാനായി കപ്പലിൽ ആരുംകാണാതെ സൂത്രത്തിൽ വന്നുകയറിയതാണു് എന്നാണു അവൻ പറഞ്ഞതു്.

* * *

# മലയാളരാജ്യം.

1110 വൃശ്ചികം 25-ാംനു- തിങ്കളാഴ്ച

ആറന്മുള സ്വദേശിയായ ഒരു മി. പി. കെ നാരായണപിള്ള ഒരു പുതിയതരം വിളക്കു കണ്ടുപിടിച്ചിരിക്കുന്നു. മണ്ണെണ്ണയ്ക്കുപകരം വെളിച്ചെണ്ണ ഒഴിച്ചു കത്തിക്കുണ്ടതും, സ്ഫടികച്ചിമ്മിനി ഉപയോഗിച്ച റാന്തൽപോലെയോ മേശവിളക്കായോ പ്രയോജനപ്പെടുത്താവുന്നതും ആണു് ഈ വിളക്കു്. കുട്ടികൾക്കു പഠിക്കാനും, ഗൃഹങ്ങളിൽ ഉപയോഗിക്കാനും, കാററും മഴയും ഉള്ളപ്പോൾപോലും വെളിയിൽ കൊണ്ടുനടക്കാനും ഇതു പ്രയോജനപ്പെടുമെന്നു ബോധപ്പെട്ടിരിക്കുന്നു. മണ്ണെണ്ണറാന്തലുകളോളം ചെലവു ഈ വിളക്കിനില്ല. ഇതിന്റെ ഓയിൽടാങ്കിൽ അധികംവെളിച്ചെണ്ണ കൊള്ളുകയില്ലെങ്കിലും ഒരു രാത്രി മുഴുവൻ കത്തിക്കാൻ അതു ധാരാളം മതിയാകുന്നതാണു്. കുട്ടികളുടെ കണ്ണിനു മണ്ണെണ്ണവിളക്കും, വൈദ്യുതവിളക്കും വളരെ ഹാനികരമാണെന്നു പറയേണ്ടതില്ല. നേരേമറിച്ചു വെളിച്ചെണ്ണ കണ്ണിനു ദോഷം ചെയ്യുകയില്ല. ഒരു ഗ്രന്ഥിന്റെ മണ്ണെണ്ണ കത്തുന്നതിന്റെ ഒന്നരയിരട്ടി ഒരു ചക്രത്തിന്റെ വെളിച്ചെണ്ണ കത്തും. മി. നാരായണപിള്ളയുടെ വിളക്കിനു മണ്ണെണ്ണവിളക്കുകളെ അപേക്ഷിച്ചു പ്രകാശക്കുറവും ഇല്ല. എല്ലാംകൊണ്ടും അദ്ദേഹത്തിന്റെ ഈ വിളക്കു കൂടുതൽ ആശാസ്യവും, പ്രോത്സാഹനാർഹവുമാണു്. ദേവസ്ഥാനങ്ങളിലേക്കു് ദീപയഷ്ടികൾക്കുവേണ്ടിയുള്ള പഴന്തുണിക്കുതന്നെയും ആണ്ടിൽ വളരെ നഷ്ടം ഉണ്ടാകുന്നുണ്ടു്. ദീപയഷ്ടിയിൽ വെളിച്ചെണ്ണ ഒഴിക്കുന്ന സമയത്തു് ധാരാളം നഷ്ടം വേറെ തരത്തിലും ഉണ്ടാകുന്നു. അതിൽ ചുററുന്നതുണി നനയാൻതന്നെ ക്രമാധികമായി വെളിച്ചെണ്ണ വേണ്ടതായും ഇരിക്കുന്നു. ഈവക ചെലവുകളെ അത്ഭുതകരമാംവണ്ണം കുറയ്ക്കുന്നതിനും ദീപയഷ്ടി ഉപയോഗിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുന്നതിനും ഉതകുന്ന ഒരു പുതിയതരം ദീപയഷ്ടിയും മി. നാരായണപിള്ള കണ്ടുപിടിച്ചിട്ടുണ്ടു്. ഇവ രണ്ടിനും നാട്ടിൽ വേണ്ട പ്രോത്സാഹനം നൽകേണ്ടതാണെന്നുള്ളതിൽ പക്ഷാന്തരമില്ല. നമ്മുടെ നാട്ടിലെ ബുദ്ധിമാന്മാരെ മററാരുമല്ലല്ലോ പ്രോത്സാഹിപ്പിക്കേണ്ടതു്. സ്വദേശിവ്യവസായങ്ങളെപ്പററി വളരെ മുറവിളി നടക്കുന്ന ഇക്കാലത്തു് മി. നാരായണപിള്ളയുടെ ശ്രമം അത്യന്തം സന്ദർഭോചിതമായിട്ടുണ്ടു്. റാന്തലുകളും മണ്ണെണ്ണയും വരുത്തുന്നതിനുള്ള വമ്പിച്ച ചെലവു് ഈ നാട്ടുകാർക്കു ഇല്ലാതാക്കാൻ കഴിയുമെന്നു അദ്ദേഹം തെളിയിക്കുന്നു. അതിനെ വേണ്ടവിധം സ്വീകരിക്കാൻ സകലരും തയാറാകേണ്ടതു വെറും കടമമാണു്.

* * * *

കാൺഗ്രസ്സ് നിയമസഭകളിൽ പ്രവേശിപ്പാൻ തീരുമാനിക്കയും അതേസമയംതന്നെ സിവിലാജ്ഞാലംഘനത്തെ ഉദ്യോഗികപരിപാടിയിൽനിന്നു നീക്കം ചെയ്കയും ചെയ്തതിന്റെ അർത്ഥം നിയമാനുസാരമായ മാർഗ്ഗങ്ങളിൽകൂടിത്തന്നെ കാൺഗ്രസ് ഗവണ്മെൻറിനെ നേരിടുവാൻ പോകുന്നു എന്നാണല്ലോ. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടുതന്നെയാണു ഗവണ്മെൻറു കാൺഗ്രസ് സംഘടനകളിന്മേലുള്ള നിരോധനങ്ങളെല്ലാം പിൻവലിച്ചതു്. എന്നാൽ ഇൻഡ്യയിലെ പൊതുവെയുള്ള സ്ഥിതിഗതികളെപ്പററി—പ്രത്യേകിച്ചു കാൺഗ്രസ്സിന്റെ പ്രാബല്യത്തെപ്പററി—ഗവണ്മെൻറിനുണ്ടായിരുന്ന അഭിപ്രായം ശരിയായിരുന്നില്ല എന്നു അവർക്കു അനുഭവപ്പെട്ടിരിക്കുന്നതായി വിചാരിക്കാൻ ഈയിടെയുണ്ടായ സംഭവം ധാരാളം വകതരുന്നുണ്ടു്. മർദ്ദനം കാൺഗ്രസ്സിനെ തവിടുപൊടിയാക്കിക്കളഞ്ഞെന്നും കാൺഗ്രസ്സിനു ഇന്ത്യയിൽ ഗണ്യമായ പിൻബലം ഇല്ലെന്നും ഗവണ്മെൻറു വിചാരിക്കയും അങ്ങനെ ഒരു ബോധം അവർ ബ്രിട്ടനിലും ബാഹ്യലോകത്തും പ്രചരിപ്പിക്കയും ചെയ്തു. എന്നാൽ കാൺഗ്രസ്സിനു തിരഞ്ഞെടുപ്പിൽ ലഭിച്ച നിസ്തുലമായ വിജയം ഗവണ്മെൻറു ഉൽഘോഷിച്ചിരുന്ന അഭിപ്രായങ്ങൾ കൃത്രിമമായിരുന്നു എന്നു തെളിയിച്ചു. ഗവണ്മെൻറിന്റെ ദമനയത്തോടുള്ള പ്രതിഷേധത്തെ അടിസ്ഥാനമാക്കി നടത്തിയ തെരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനുണ്ടായ ഈ അത്ഭുതകരമായ വിജയത്താൽ ഇന്ത്യയിലുള്ള സംഘടിതമായ ഏകരാഷ്ട്രീയശക്തി കാൺഗ്രസ്സാണെന്നും കാൺഗ്രസ്സിന്റെ പ്രാബല്യം എത്രയുണ്ടെന്നും ഇന്ത്യയുടെ ഭരണാധികാരികൾക്കു നല്ലവണ്ണം മനസ്സിലായിക്കഴിഞ്ഞിരിക്കുന്നു. അസംബ്ലിയിലെ തെരഞ്ഞെടുപ്പു ഇങ്ങനെ അനിഷേധ്യമായ ചില പരമാർത്ഥങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണ ജായിൻറുപാർലമെൻററിക്കമ്മിററിറിപ്പോർട്ടു പ്രസിദ്ധീകൃതമായതു്. റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന ഭരണപരിഷ്കാരനിർദ്ദേശങ്ങളോടു ഇന്ത്യയിൽ സാർവ്വത്രികമായുള്ള എതിർപ്പിനെ പരിഗണിക്കുമ്പോൾ അസംബ്ലിയിൽ അതിനെ ഒരു പ്രമേയംമൂലം നിരാകരിക്കുവാൻ പ്രയാസമില്ലെന്നു. ബോധ്യമായിരിക്കുന്നതിനാൽ വൈററ് പേപ്പറിനെയും ജായിൻറുകമ്മിററിറിപ്പോർട്ടിനേയും ഒരുപോലെ തള്ളേണ്ടതാണെന്നു കാൺഗ്രസ പ്രവർത്തകസമിതി നിശ്ചയം പാസ്സാക്കിക്കഴിഞ്ഞിരിക്കുന്നു. മാളവ്യജിയുടെ നാഷനലിസ്ററുകക്ഷിയും ദേശീയമനോഭാവമുള്ള മററനേകം എം. എൽ. ഏമാരും ഈ നിശ്ചയത്തിൽ കാൺഗ്രസിനു പിൻബലം നൽകുമെന്നുള്ളതിൽ സന്ദേഹമില്ല. ഇങ്ങനെ നിയമസഭാമണ്ഡലത്തിലും പുറത്തും കാൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഉറച്ച ഒരു എതിർപ്പാണു തങ്ങൾക്കു നേരിടാൻപോകുന്നതെന്നും തങ്ങൾ കൂട്ടിവെച്ചിരുന്ന കണക്കുകളെല്ലാം തെററിപ്പോയിരിക്കുന്നു എന്നും ഗവർമ്മെൻറിനു് ബോധപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഈ സന്ദർഭത്തിൽ ബാംബെഗവർമ്മെൻറു അടിയന്തിരാധികാരനിയമത്തിന്റെ പ്രവർത്തനത്തെ ഒരുവർഷത്തേക്കുകൂടി നീട്ടിയിരിക്കുന്നതും ജവഹരിലാലിന്റെ മോചനവിഷയത്തിലും അനേകനാളത്തെ വിദേശവാസത്തിനുശേഷം ഇൻഡ്യയിലെത്തിയിരിക്കുന്ന സുഭാഷ്ചന്ദ്രബോസിനെ സംബന്ധിച്ച നിരോധനാജ്ഞകളിലും ഗവർമ്മെൻറു കൈക്കൊണ്ടിരിക്കുന്ന നയവും ഇൻഡ്യൻപൊതുജനാഭിപ്രായത്തെ അനുരഞ്ജിപ്പിക്കുന്ന കാര്യത്തിൽ ഗവർമ്മെൻറിനു വലിയ ഉൽക്കണ്ഠയൊന്നുമില്ലെന്നു തെളിയിക്കുന്നു. ഗവർമ്മെൻറിന്റെ ഈ മനോഭാവവും പൊതുജനപക്ഷത്തു ദൃഢതരമായിക്കൊണ്ടിരിക്കുന്ന പ്രതിഷേധമനോഭാവവും പരിഗണിക്കുമ്പോൾ ഭരണസ്വാതന്ത്ര്യമെന്ന പ്രശ്നം രൂക്ഷതയവലംബിക്കുമെന്നൂഹിപ്പാനല്ലാതെ മാർഗ്ഗമില്ല.

* * * *

നാവികസൈനികവകുപ്പുകളെപ്പോലെതന്നെ പ്രാധാന്യം അനുഭവിക്കുന്ന ഒരു വകുപ്പായിട്ടാണു് വിദ്യാഭ്യാസവകുപ്പിനെ ജപ്പാൻഗവർമ്മെൻറു കരുതുന്നതു്. സ്വഭാവരൂപീകരണം ശൈശവത്തിൽ പള്ളിക്കൂടത്തിൽ നടത്തേണ്ട ഒരു കാര്യമായി ഇവർ വിചാരിക്കുന്നു എന്നുള്ളതിൽനിന്നു് വിദ്യാഭ്യാസം അർഹിക്കുന്ന സ്ഥാനം ഇവരെസംബന്ധിച്ചിടത്തോളം എത്ര മഹനീയമാകുന്നു എന്നു് മനസ്സിലാക്കാം. വിദേശങ്ങളിലെ പരിഷ്കാരത്തിൽ നന്നെന്നു കരുതിവരുന്നവയെ പൂർണ്ണമായി സ്വീകരിക്കുന്ന വിഷയത്തിൽ ജപ്പാൻകാർ ബദ്ധശ്രദ്ധരാണു്. ജർമ്മനിയിൽ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസരീതിയുടെ ഏകദേശമൊരു മാതൃകയാണു് ഇവർ അംഗീകരിച്ചിരിക്കുന്നതു. ഓരോ വിദ്യാർത്ഥിയും ഒരു പ്രത്യേകരീതിയിലുള്ള യൂണിഫാറം ധരിച്ചിരിക്കണമെന്നുള്ളതാണു് വിദ്യാലയശിക്ഷണത്തിലെ ആദ്യപടി. ഈ പതിവു് ആംഗ്ലേയവിദ്യാലയങ്ങളിലും മഠങ്ങളിലും പ്രചാരത്തിലിരിക്കുന്നു എങ്കിലും ഇൻഡ്യയിൽ ഇതു കാണുവാൻപോലുമില്ല. വിലകുറഞ്ഞ തുണികൾകൊണ്ടുള്ളതാണു് ജപ്പാൻവിദ്യാർത്ഥികളുടെ യൂണിഫാറം എങ്കിലും അവയ്ക്കൊരു പ്രത്യേകത കല്പിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ജപ്പാനിലെ വിദ്യാഭ്യാസരീതി അവിടത്തെ വിദ്യാർത്ഥികളെ വെറും ഗ്രന്ഥപുഴുക്കളാക്കിതീർക്കുന്നില്ല. സ്വാശ്രയശക്തി, സത്യം, രാജ്യഭക്തി എന്നീ മഹൽതത്വങ്ങൾ ഇവരിൽ ഉളവാകുവാൻ തക്കവിധവും, കണ്ണുകളും ബുദ്ധിയും ശരിയായി ഉപയോഗിക്കത്തക്കരീതിയിലുമുള്ള അഭ്യസനമാണു് ഇവർക്കു ലഭിക്കുന്നതു്. ഇടയ്ക്കിടെ വിദ്യാർത്ഥിനികളെ ഓരോ സ്ഥലങ്ങളിലേക്കു വിനോദസഞ്ചാരാർത്ഥം അദ്ധ്യാപകന്മാർ കൊണ്ടുപോകാറുണ്ടു് ഈവിധസഞ്ചാരങ്ങൾ വർഷംതോറും ആറോ ഏഴോപ്രാവശ്യം ഉണ്ടാകാറുണ്ടെന്നും, വർണ്ണിക്കപ്പെടുന്നു. ഇങ്ങിനെയുള്ള സഞ്ചാരങ്ങൾ കുട്ടികൾക്കും സംസ്ഥാനത്തിനും ഒരുപോലെ പ്രയോജനകരമാണു്. തിവണ്ടികൾ, ബസ്സുകൾ, ഭോജനശാലകൾ എന്നീ സ്ഥാപനങ്ങൾക്കു് ഇതൊരാദായമാർഗ്ഗമാണു്. പണം ന്യായമായ രീതിയിൽ ചിലവഴിക്കുന്നതു് ജപ്പാൻകാർ ഒരാവശ്യമായിതന്നെ കരുതുന്നു. വെറും പിശുക്കന്മാരായി കഴിച്ചുകൂട്ടുകയെന്നതു് അവർക്കു വെറുപ്പാണു്. ആളുകൾ പണംകൂട്ടിവെച്ചു് അതു എപ്പോഴും "കൈമറിഞ്ഞിരിക്കാൻ" അനുവദിക്കാത്തതുമൂലമുള്ള അസുഖസ്ഥിതിഗതികൾ ജപ്പാനിലില്ലെന്നു പറയപ്പെടുന്നു.



പതിനൊന്നു വയസ്സുള്ള രാജാവ്.

ജൂഗോസ്ലാവിയായിലെ രാജാവായ പീററർ ദ്വിതീയനും സഹോദരന്മാരായ ടോമിസ്ലാവ്, ആൻഡ്രീ എന്നിവരും മാതാവായ മേരിരാജ്ഞിയും. പിൻപിൽ കൈഉയർത്തി വന്ദനംചെയ്തുകൊണ്ടുനിൽക്കുന്നതാണു രാജാവ്. ഹെർസെഗ്നോവിൽ ഒഴിവുകാലത്തു താമസിച്ചിരുന്നപ്പോൾ എടുത്ത ഫോട്ടോ. U. P. S.



രണ്ടുമണിക്കൂർ നീന്തിയ തരുണി.

സാൻഫ്രാൻസിസ്കോയിൽനിന്നു ഓക്ക്ലൻഡിലേയ്ക്കുള്ള $4\frac{1}{2}$ മൈൽദൂരം (സാൻഫ്രാൻസിസ്കോ-ഓക്‌ലൻഡു ഉൾക്കടൽ) 2 മണിക്കൂർ 6 മിനിട്ടുസമയംകൊണ്ടു നീന്തിക്കടന്ന ഐറിവി ജെന്നർ എന്ന 19 വയസ്സുപ്രായമുള്ള തരുണി. തണുപ്പിൽനിന്നു രക്ഷനേടുന്നതിനായി ഓളിവ് എണ്ണമാത്രം പുരട്ടി ഈ യുവതി കടൽപാലത്തിൽനിന്നു ചാടി ഏകദേശം അഞ്ചുമൈൽദൂരം നീന്തുകയുണ്ടായി. ചിത്രത്തിൽകാണുന്നതു ഐവി ജെന്നറും, മാതാവും, ഐവിയെ നീന്തൽ പരിശീലിപ്പിച്ച മി. കെ. ഐ. ഡേവിസ്സു (മീശയുള്ളയാൾ) മാണ്. നീന്തിക്കഴിഞ്ഞു കരയ്ക്കുകയറിയ ഉടൻ എടുത്ത ഫോട്ടോ. U. P. S.



മററൊരു യൂറോപ്യൻ രാജകുടുംബം. U. S. P.

ഇററലിയിലെ എമ്മാനുവൽ രാജാവും, രാജ്ഞിയും, രാജകുടുംബത്തിലെ മററംഗങ്ങളുംകൂടി റോംനഗരത്തിനു സമീപമുള്ള ഒരു കൊട്ടാരത്തിൽ വിശ്രമാർത്ഥം താമസിച്ചിരുന്നപ്പോൾ എടുത്ത ഗ്രൂപ്പ്. ഇടതുവശത്തുനിന്നും കൗണ്ടസ്സ് കാൽവിഡിബെർഗോലോ ശിശുവും), രാജ്ഞി, രാജാവു, അസ്സിസിയിലെ മാഫൽഡാരാജകുമാരി, ബൾഗേറിയായിലെ ജോവന്നാരാജ്ഞിയും ശിശു മേരീ ലൂയിസ്സായും.



നാവികസംഭാഷണത്തിലേർപ്പെട്ട ജപ്പാനീസ് വിദഗ്ദ്ധന്മാർ. U. P. S.

ലണ്ടനിൽ നടന്നുകൊണ്ടിരുന്ന നാവികസംഭാഷണങ്ങളിൽ പങ്കെടുത്ത ജപ്പാന്റെ പ്രതിനിധി ക്യാപ്റ്റൻ ഇവാഷിട്ടയും ഇടതുവശം) നാവികപ്രതിനിധിസംഘനായകൻ അഡ്മിറൽ നാഗമോട്ടോയുടെ ദ്വിഭാഷിയായ മി മിഠോട്ടായും ഇവരിരുവരും ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ ഔദ്യോഗികവസതി (ഡൗണിംഗ് തെരുവിലെ 0-ാംനമ്പർഗൃഹം) സന്ദർശിച്ച അവസരത്തിൽ എടുത്ത ഫോട്ടോ. നാവികസംഭാഷണങ്ങൾ പരാജയത്തിൽ കലാശിച്ച വിവരം വായനക്കാർ ഓർക്കുമല്ലോ.

# തിരഞ്ഞെടുക്കപ്പെട്ട അസംബ്ളിമെമ്പറന്മാർ.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വിജയികളായ മെമ്പറന്മാരുടെ പേരുകളും അവർ ഉൾപ്പെടുന്ന കക്ഷിയും ഏതു നിയോജകമണ്ഡലത്തിൽ നിന്നു അവർ തിരഞ്ഞെടുക്കപ്പെട്ടു എന്നുള്ള വിവരങ്ങളുംഅടങ്ങിയ ഒരു പട്ടിക താഴെ ചേർക്കുന്നു:—

## കാൺഗ്രസ്സ്.

യുണൈറഡ്പ്രാവിൻസസ്.

എതിരില്ലാതെ.

1. പണ്ഡിതഗോവിന്ദവല്ലഭപാണ്ഡ്.
2. ചൌധരിരഘുവീരനാരായണസിംഗ്.
3. മുൻഷി ഈശ്വരചാരണൻ.
4. ഡാക്ടർ ഭഗവൻദാസ്.

തിരഞ്ഞെടുക്കപ്പെട്ടവർ.

5. സർദാർ യോഗേന്ദ്രസിംഗ്.
6. മി. മോഹൻലാൽസാക്സനാ.
7. മി. ശ്രീപ്രകാശം
8. പണ്ഡിതശ്രീകൃഷ്ണദത്തപാലിവാൾ.
9. മി. ടി എ കെ. ഷെർവാണി.
10. മുഹമ്മദ് അഹമ്മദ്കാസ്മി.

ബീഹാർ.

എതിരില്ലാതെ.

11. മി. ദീപനാരായണസിൻഹാ.

തിരഞ്ഞെടുക്കപ്പെട്ടവർ.

12. മി. വിപിനവിഹാരിവർമ്മ.
13. ബാബു സത്യനാരായണസിംഗ്.
14. മി. അനുഗ്രഹനാരായണസിംഗ്.
15. ബാബുശ്രീകൃഷ്ണസിംഗ്.
16. മി. രാമനാരായണസിൻഹാ.

ആസ്സാം.

തിരഞ്ഞെടുക്കപ്പെട്ടവർ.

17. മി. നവീനചന്ദ്രബാർദോല.
18. മി. വസന്തകുമാർദാസ്.

സെൻട്രൽപ്രാവിൻസസ്.

എതിരില്ലാതെ.

19. സേത്ത് ഷയോദാസ്ദാഗാ.

തിരഞ്ഞെടുക്കപ്പെട്ടവർ.

20. മി. എം. വി. അഭയങ്കർ.
21. സേത്ത് ഗോവിന്ദദാസ്
22. മി. ഗാൻഷിയംസിംഗ്ഗുപ്താ.

ഡെൽഹി.

തിരഞ്ഞെടുക്കപ്പെട്ടവർ.

23. മി. ആസഫ്ആലി.

പഞ്ചാബ്.

തിരഞ്ഞെടുക്കപ്പെട്ട.

24. ലാലാഷാംലാൽ.

ബാംബെ.

തിരഞ്ഞെടുക്കപ്പെട്ടവർ.

25. മി. ബാലുഭായിദേശായി.
26. ഡാക്ടർ ജി. വി ദേശ്മുഖ്.
27. മി. ഹാസ്മാനി.
28. മി. ഗാഡ്ഗിൽ.
29. മി. ജെഡെ.

മദ്രാസ്.

തിരഞ്ഞെടുക്കപ്പെട്ടവർ.

30. മി എസ്സ്. സത്യമൂർത്തി.
31. മി സ്വാമിവെങ്കിടാചലംചെട്ടി.
32. മി പി എസ്സ്. കുമാരസ്വാമിരാജാ
33. മി. സി. എൽ മുത്തുരംഗമുതലിയാർ
34. ഡാക്ടർ ടി. എസ്സ്. രാജൻ
35. മി. സാമുവൽ ആരോൺ.
36. മി. വി. വി. ഗിരി.
37. മി. കെ നാഗേശ്വരറാവുപന്തലു.
38. മി. എസ്സ് അവിനാശലിംഗംചെട്ടി
39. പ്രഫസ്സർ എൻ. ജി. റങ്കൻ.
40. മി. കെ അനന്തശയനഅയ്യങ്കാർ.

ബെങ്കാൾ.

തിരഞ്ഞെടുക്കപ്പെട്ടവർ.

41. മി. അബ്ദുൽയാഹൽബാകവി.
42. മി. സൂര്യകുമാർസോം.

അതിർത്തിപ്രദേശം.

തിരഞ്ഞെടുക്കപ്പെട്ട.

43. ഡാക്ടർ ഖാൻസാഹിബ്.

ഒറീസ്സാ.

തിരഞ്ഞെടുക്കപ്പെട്ടവർ.

44. ബി ദാസ്സ്.
45. പണ്ഡിതനീലകണ്ഠദാസ്.

## മുസ്ലിം യൂണിററിബോർഡ്.

യുണൈറഡ് പ്രാവിൻസസ്.

തിരഞ്ഞെടുക്കപ്പെട്ടവർ.

1. മൌലാനാഷൌക്കത്ത്ആലി.
2. ആഷർആലി.

## നാഷനലിസ്റ്റുകൾ.

തിരഞ്ഞെടുക്കപ്പെട്ടവർ.

1. മി ശരത്ത്ചന്ദ്രബോസ്സ്
2. ഡാക്ടർ പ്രഥമനാഥബാനർജി.
3. ബി. എൻ. സാസ്മൽ (മരിച്ചുപോയി)
4. മി. അഖിലദത്ത്.
5. മി. ലക്ഷ്മികാന്തമൈത്ര.
6. ലാലാഫക്കിർചന്ദ്.
7. മി. എം. എസ്സ്. ആനേ.
8. മി. ലാൽചന്ദ്നവൽറായി

## സിക്കുകാർ.

പഞ്ചാബ്.

തിരഞ്ഞെടുക്കപ്പെട്ടവർ.

1. സർദാർ മംഗലസിംഗ്.
2. സർദാർ ശാന്തസിംഗ്.

മററുള്ളവർ 44.

— ✱ —

## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | ഒരു ഭീമപ്രതിമ | 4 |
| 2. | കേരളവനിതകളും നാടകവേദിയും<br>കെ. രാമകൃഷ്ണപിള്ള ബി. എ. | 6 |
| 3. | കാണാത്തകാഴ്ച (കവിത)<br>തൈക്കാട്ട് ചന്ദ്രശേഖരൻനായർ | 7 |
| 4. | ഫ്റാൻകായിമില്ലററ്<br>ഇടപ്പള്ളി ആർ. രാഘവൻപിള്ള | 8 |
| 5. | തങ്കത്തിന്റെനാട്ട് (കവിത)<br>കുന്നുകുഴി പി. നാരായണപിള്ള. | 10 |
| 6. | ചുണ്ണാമ്പ്.<br>എൻ. എൻ. അമനകര. | 11 |
| 7. | ലോകചക്രം | 13 |
| 8. | വിമർശനം | |
| 9. | അസംബ്ളിമെമ്പറന്മാർ. | 18 |
| 10. | ഭാരതം | 19 |
| 1 . | ബുദ്ധമതതത്വങ്ങൾ<br>കെ. പി. ഗോപാലമേനോൻ. | 21 |
| 12. | ഗൃഹലക്ഷണങ്ങൾ<br>എസ്സ്. എസ്സ്. | 22 |
| 13. | വിധിബലം (ചെറുകഥ)<br>എൻ. ലളിതാംബിക അന്തർജ്ജനം | 24 |
| 14. | ബർമ്മയിലെ വനിതകൾ<br>ചിറയിൻകീഴ് പി. വാസുദേവൻപിള്ള | 27 |
| 15. | അത്ഭുതച്ചെടി<br>പി. കെ. നാരായണൻവൈദ്യൻ | 28 |
| 16. | പാചകകല<br>എസ്സ്. എ. പിള്ള കടയ്ക്കൽ. | 29 |



ഈ സ്റ്റോറിലേക്കുമാത്രം
രണ്ടു സ്വർണ്ണമെഡലുകൾകിട്ടിയിട്ടുള്ള
ഒന്നാന്തരം കസവുവസ്ത്രങ്ങൾ.

എല്ലാജനങ്ങൾക്കും പ്രത്യേകിച്ചു കച്ചവടക്കാർക്കും അപേക്ഷാനുസരണം സകലവിധ നാടൻവസ്ത്രങ്ങളും മേൽത്തരം കസവിലും പുത്തിയിലും പരിഷ്കൃതനിലയിൽ പ്രത്യേകം നെയ്തു വി. പി. അയയ്ക്കുന്നതുമാകുന്നു. സാധാരണ നടപ്പുള്ള എല്ലാനേര്യതുകൾ, ഉടുപ്പുമുണ്ടുകൾ, പലതരം തോർത്തുകൾ, ഷാലുകൾ മുതലായവ എപ്പോഴും തയാറുണ്ട്. കസവു പരിശോധിച്ചു വാങ്ങുവിൻ.

ഇ. എസ്സ്. മാധവൻപിള്ള,
സ്വദേശിക്ലോത്തുസ്റ്റോർ, ഇരണിയൽ
നെയ്യൂർ P. O.
(തിരുവിതാംകൂർ)

ദ്രോഹിപോയ വഴിയേ!

സംഭ്രമജനകമായ
ഒരു ഡിറക്ടീവുനോവൽ.

വായിച്ചുതുടങ്ങിയാൽ അവസാനിപ്പിക്കാതെ താഴത്തുവയ്ക്കുവാൻ സാധിക്കുന്നതല്ല.
വില ണ. 8.
"ശ്രീരാമവിലാസം" പ്രസ്സ്, കൊല്ലം:



## ഭാരതം.

വൈസ്രോയിയുടെ ബീഹാർ റിലീഫ്ഫണ്ടു് ഇപ്പോൾ 6025872 രൂപാ 11 അണ 6 പൈ ആയിരിക്കുന്നു.

*    *    *

പഞ്ചാബു് സെഷൻസ്സുജഡ്ജി ആയിരുന്ന മി അസ്സാൻഉൾഹക്കിനെ ബിക്കാനീർ ഹൈക്കോർട്ടിലെ ചീഫ്ജസ്റ്റീസായി ബിക്കാനീർ മഹാരാജാവു നിയമിച്ചിരിക്കുന്നു.

*    *    *

ശരിയായ ലൈസൻസില്ലാതെ ക്രൃതികൾ (പിച്ചാത്തികൾ) കൈവശം വച്ചുകൊണ്ടിരുന്നതിനു ഡൽഹി പോലീസുകാർ ആറു ഗുണ്ടാകളെ അറസ്റ്റുചെയ്തിരിക്കുന്നു.

*    *    *

കാൺഗ്രസ്സ് എം. എൽ എ



എം എൽ. എ ആയി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മി. സി. എൻ മുത്തുരംഗമുതലിയാർ.

P. N A.

*    *    *

കൽക്കട്ടാനംബർ ബൻമണ്ഡലത്തിലേക്കു കാൺഗ്രസ്സ് പാർലിമെൻററിബോർഡ് ഒരു സ്ഥാനാർത്ഥിയായി നിർത്തിയിരുന്നയാളും, എന്നാൽ സാങ്കേതികമായ ചില തടസ്സങ്ങൾമൂലം അയോഗ്യനെന്നു റിട്ടേണിംഗ്ആഫീസരാൽ വിധിക്കപ്പെട്ട ആളുമായ മി ടി സി: ഗോസ്വാമി ഇൻഡ്യാ ഗവർമ്മെൻറിൻെറ ലെജിസ്ലേററീവു ഡിപ്പാർട്ടുമെൻറിലേക്കു ഒരു തിരഞ്ഞെടുപ്പു ക്ഷേപഹർജി കൊടുത്തിട്ടുള്ളതായി അറിയുന്നു.

*    *    *

"വോട്ടിനായുള്ള ഓട്ടത്തിൽ നിങ്ങൾ മററുള്ളവരെയെല്ലാം പരാജിതരാക്കിയിരിക്കുന്നു. എന്നാൽ നിങ്ങൾപോലും പണം ചിലവാക്കേണ്ടതായി വന്നതുകൂടി. എന്തൊരുകഷ്ടം! തിരഞ്ഞെടുപ്പിൽ എതിരില്ലായിരുന്നു എങ്കിൽ കാൺഗ്രസ്സിനുള്ള സ്വാധീനം മററുള്ളവർ മനസ്സിലാക്കുകയില്ലായിരുന്നു" ആന്ധ്രാകാൺഗ്രസ്സ് നേതാവും മുപ്പത്തിഓരായിരം വോട്ടുകളുടെ ഭൂരിപക്ഷത്തോടുകൂടി തിരഞ്ഞെടുപ്പിൽ വിജയിച്ചയാളുമായ മി. കെ നാഗേശ്വരറാവുപന്തലുവിനു ഗാന്ധിജി അയച്ച ഒരു കത്തിൻെറ ഒരു ഭാഗമാണു മേൽ ഉദ്ധരിച്ചിരിക്കുന്നതു്.

*    *    *

പതിനാലുവയസ്സു പ്രായമുള്ള തൻെറ പുത്രനു വിവാഹംകഴിപ്പിച്ചു എന്ന കാരണത്താൽ സേത്ത് ചാണ്ടുമാൻഎന്നയാളിനു ശാർദ നിയമമനുസരിച്ചു ഡെൽഹി അഡീഷനൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ടു 300 രൂപാ പിഴശിക്ഷ വിധിച്ചിരിക്കുന്നു. കേസ്സിൽ വാദി ശാർദാആക്ട് ഡിഫൻസുകമ്മററി ആയിരുന്നു.

*    *    *



സെൻറ്റൽ നിയമസഭയിലെ ഡെപ്യൂട്ടിപ്രസിഡൻറായിരുന്ന മി. അബ്ദുൽമതീൻചൗധരിയെ വീണ്ടുംനിയമസഭാംഗമായി തിരഞ്ഞെടുത്തിരിക്കുന്നു

U. P. S.

*    *    *

ലുദിയാനാ മുൻസിപ്പൽകമ്മററിയുടെ ഒരടിയന്തിരയോഗത്തിൽ അവിടത്തെടൗൺഹാൾഉദ്യാനത്തിൽ ഒരു ഗാന്ധിജിയുടെ പൂർണ്ണമനുഷ്യപരിമാണമായ ഒരു പ്രതിമ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു കമ്മററിയുടെ അധികാരസീമയിൽപെട്ട ഒരു പ്രമേയമല്ല ഇതെന്നും പ്രതിമയ്ക്കുള്ള പണച്ചിലവു കമ്മററിക്കു വഹിക്കുവാൻ സാധിക്കുന്നതല്ലെന്നും മററുമുള്ള എതിർവാദങ്ങൾ ഉണ്ടായെങ്കിലും ഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസ്സാക്കുകയാണു ചെയ്തതു്

*    *    *

ഡിസംബർ 1-ാംതീയതിവരെ ബാംബയിൽനിന്നും ആകെ യൂറോപ്പിലേക്കും അമേരിക്കയിലേക്കും 15295626 രൂപായുടെ കട്ടിസ്വർണ്ണം കയററുമതിചെയ്തിരിക്കുന്നു ഇവ ലണ്ടൻ, പാരീസ്സ്, ആംസ്റ്റർഡാം, ന്യൂയോക്ക് എന്നീ സ്ഥലങ്ങളിലേക്കാണു കയററി അയച്ചിരിക്കുന്നതു്. ഇംഗ്ലണ്ടു് സ്വർണ്ണമാനദണ്ഡം ഉപേക്ഷിച്ചതിൽപിന്നീടു 2061895572 രൂപായുടെ സ്വർണ്ണമാണു ഈ രാജ്യത്തുനിന്നും ആകെ കയററുമതി ചെയ്തിരിക്കുന്നതു്

*    *    *

പഞ്ചാബിലെ സുപ്രസിദ്ധ കാൺഗ്രസ്സ നേതാവായ ഡാക്ടർ സത്യപാലിനെ 124 (എ രാജദ്രോഹം) എന്ന വകുപ്പനുസരിച്ചു അറസ്റ്റുചെയ്കയും രണ്ടായിരം രൂപാ ജാമ്യത്തിൽ അദ്ദേഹത്തെ വിട്ടയയ്ക്കുകയും ചെയ്തു. അസംബ്ളി തിരഞ്ഞെടുപ്പു സംബന്ധിച്ചു ഡൽഹിയിൽവച്ചു ചെയ്ത ഒരു പ്രസംഗമാണു അറസ്റ്റിനു കാരണമെന്നറിയുന്നു

*    *    *

ഡൽഹിയിലെ ഒരു പ്രധാന ആഭരണവ്യാപാരിയുടെ വസതിയിൽ അതിദാരുണമായ ഒരത്യാഹിതം നടന്നിരിക്കുന്നു. ആഭരണവ്യാപാരിയായ ലാലാമുത്തുമാലിൻെറ സ്നുഷ 18 വയസ്സു പ്രായമുള്ള കസ്തൂരി രാവിലത്തെ ഭക്ഷണം പാകംചെയ്തുകൊണ്ടിരിക്കുമ്പോൾ യാദൃച്ഛികമായി സാരിക്കു തീപിടിക്കയുണ്ടായി. ഒരു നിമിഷത്തിനുള്ളിൽ അവളുടെ ദേഹമെല്ലാം അഗ്നി വ്യാപിച്ചു ആ സാധുവിനെ രക്ഷിക്കുവാൻ ചെയ്ത ശ്രമങ്ങളെല്ലാം നിഷ്ഫലമായതേയുള്ളു. പൊള്ളലിൻെറ കാഠിന്യത്താൽ കസ്തൂരി മരിച്ചുപോകയാണുണ്ടായതു്.

—o—

## കേരളം.

1904-മുതൽ 1906-വരെ തിരുവിതാംകൂർ ദിവാൻജിയായിരുന്ന ദേഹവും തിരുവിതാംകൂറിൽ ജനകീയഭരണത്തിൻെറവിത്തുപാകിയ മാന്യനും മൈസൂറിലും ബറോഡായിലും ദിവാനായിരുന്നിട്ടുള്ള വന്ദ്യനും പ്രശസ്തനായ ഒരു ഇന്ത്യൻഭരണതന്ത്രജ്ഞനുമായിരുന്ന വി. പി. മാധവറാവു സി. ഐ. ഇ. എൺപത്തഞ്ചാമത്തെ വയസ്സിൽ ഡിസംബർ ഒന്നാംതീയതികാലത്തു ബാംഗ്ളൂരുള്ള സ്വവസതിയിൽവച്ചു ദിവംഗതനായിരിക്കുന്നു.

*    *    *

തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിലും ഡിസംബർ 2-ാംതീയതി ഞായറാഴ്ച ഹിന്ദിവാരം ഉൽഘാടനം ചെയ്യുകയുണ്ടായി. ഡിസംബർ 8-ാംതീയതി ശനിയാഴ്ചവരെയുള്ള ദിവസങ്ങളിൽ ഇൻഡ്യഒട്ടുക്കു ആഘോഷിച്ച ഹിന്ദിസപ്താഹം കേരളീയരാകമാനം ഉചിതമായ ആഡംബരങ്ങളോടുകൂടി ആഘോഷിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

*    *    *

തിരുവിതാംകൂറിലും കൊച്ചിയിലും ഈയിടെയായി ജപ്പാൻനെല്ലിൻെറയും, അരിയുടെയും ഇറക്കുമതി തുടങ്ങിയിരിക്കുന്നു തിരുവിതാംകൂറിൽ കൊല്ലത്തുതന്നെ കഴിഞ്ഞയാഴ്ച 9654 ചാക്കു ജപ്പാൻനെല്ലു ഇറക്കുമതി ചെയ്യുകയുണ്ടായി. കൊച്ചിയിൽ ജപ്പാൻ കപ്പലിൽനിന്നും "ബെൻകൊക്കു"നെല്ലും അരിയും ഇറക്കുമതി ചെയ്യുന്നു. റംഗൂണിൽനിന്നു കൊച്ചിയിൽ കഴിഞ്ഞയാഴ്ച ഒരു ലക്ഷത്തി പതിനാലായിരത്തി നാനൂററി അൻപത്തിആറു ചാക്കു അരി ഇറക്കുമതി ചെയ്തിരിക്കുന്നു

*    *    *

മി. പി. നീലകണ്ഠൻനായർ,

എം എ, എം എസ്സ്സി (ലണ്ടൻ)



കൊട്ടാരം മാനേജർ മി_ പരമേശ്വരപ്പണിക്കരുടെ പുത്രനായ മി. നീലകണ്ഠൻനായർ സ്റ്റാററിസ്റ്റിക്സ് എന്നവിഷയം എടുത്തു എം. എസ്സ്. സി. ബിരുദം നേടിയിരിക്കുന്നു. ഈ വിഷയത്തിൽ തിരുവിതാംകൂറിൽനിന്നും ഇദംപ്രഥമമായി ഒരു ഡിഗ്രിനേടുന്നതു മി. നീലകണ്ഠൻനായരാണു്.

*    *    *

ബന്ധനവിമുക്തനായ മി എം പി. നാരായണമേനവനും പത്നിയും കഴിഞ്ഞയാഴ്ച തൃശ്ശിവപേരൂരിൽഎത്തിയിരിക്കുന്നു. ഇവക്കു തൃശ്ശിവപേരൂരിൽ കേമമായ സ്വീകരണവും, വൻപിച്ചപൊതുയോഗങ്ങളിൽവച്ചു ഹാർദ്ദമായ അനുമോദനങ്ങളും ലഭിക്കുകയുണ്ടായി. ഇവർ കേരളകലാമണ്ഡലംവക കഥകളി കാണ്മാനായി ഏതാനും ദിവസം തൃശ്ശിവപേരൂരിൽ താമസിക്കുന്നതുമാണു്.

* * *

കൊച്ചി തുറമുഖകാൺഫറൻസു സംബന്ധിച്ചു ഡൽഹിയിലേക്കു പോയിരുന്ന സർ മുഹമ്മദു ഹബിബുള്ള സർ സി. പി. രാമസ്വാമിഅയ്യർ എന്നിവർ തിരുവിതാംകൂറിൽ തിരിയെ എത്തിയിരിക്കുന്നു. കസ്റ്റംസ് നികുതിവിഭജനം സംബന്ധിച്ചു അസോഷയേറ്റഡ്പ്രസ്സ് കറസ്പാണ്ഡൻറു പത്രങ്ങൾക്കു നൽകിയ സന്ദേശത്തിൽഉള്ള തെററു തിരുത്തിക്കൊണ്ടു "കൊച്ചി, തിരുവിതാംകൂർ, മദ്രാസ്എന്നീ ഗവമ്മെൻറുകൾക്കു കൊച്ചിതുറമുഖത്തുനിന്നും തുല്യമായി ആദായം ലഭിക്കുന്നതിനവകാശമുണ്ടെന്നും എന്നാൽ എല്ലാ കക്ഷികളും യോജിച്ചുള്ള ചില വ്യവസ്ഥകളനുസരിച്ചു ഇപ്പോഴത്തെ ആദായത്തിൽനിന്നും കൊച്ചിക്കു 20 ലക്ഷത്തിൽ കൂടുതലും തിരുവിതാംകൂറിനു പതിനാറുലക്ഷവും കിട്ടുന്നതാണെന്നും, ഈ വ്യവസ്ഥ യാതൊരു വ്യത്യാസവുംകൂടാതെ തുടൻകൊണ്ടിരിക്കുകയും ചെയ്യാമെന്നും അസോഷയേറ്റഡ്പ്രസ്സു കറസ്പാണ്ഡൻറിൻെറ മുൻ കമ്പിസന്ദേശത്തിലെ കൊച്ചിയുടെ 21 ശതമാനമെന്നതു 21 ലക്ഷമെന്നും തിരുവിതാംകൂറിൻെറ പതിനാറു ശതമാനമെന്നതു പതിനാറുലക്ഷമെന്നും തിരുത്തേണ്ടതാകുന്നു" എന്നും വിശദീകൃതമായിരിക്കുന്നു.

* * *

മി. പി. നാഗപ്പൻപിള്ള.



നായർ ഒന്നാംപട്ടാളത്തിലെ ഒരു ലാൻസ്നായ്ക്കൻ. 108, 109, 110, ഈ മൂന്നുവർഷങ്ങളിലും തിരുവനന്തപുരത്തെ ശ്രീചിത്തിരസ്പോർട്ട്സിൽ മൂന്നുമൈലോട്ടത്തിനു ഒന്നാംസമ്മാനംവാങ്ങിയ ആൾ.

Royal Studio, Trivandrum.

* * *

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു ഈമാസം 27-ാംതീയതി ബുധനാഴ്ച തിരുവനന്തപുരത്തുനിന്നും കൽക്കട്ടായ്ക്കു എഴുന്നള്ളുന്നു. അന്നു വൈകുന്നേരം അഞ്ചേമുക്കാൽ മണിക്കു് തിരുമനസ്സുകൊണ്ടു കൊല്ലത്തെത്തി ഗവമ്മെൻറഹൌസിൽ താമസിച്ചിട്ടു, 28-ാനു-വ്യാഴാഴ്ചകാലത്തെ ട്രിവാൻഡ്റം എക്സ്പ്രസ്സിൽ സ്പെഷ്യൽ സലൂൺമാർഗ്ഗം മദ്രാസിലേയ്ക്കു എഴുന്നള്ളുന്നു മദ്രാസ എഗ്മൂർ സ്റ്റേഷനിൽ 29-ാംതീയതി എത്തി കെച്ചിൻഹൌസിൽ താമസിച്ചു, 30-ാംതീയതി രാത്രി 8-30 നു കൽക്കട്ടാമെയിലിൽ സ്പെഷ്യൽ സലൂണിൽ കൽക്കട്ടായിലേക്കു എഴുന്നള്ളുന്നു ധനു 2-ാംതീയതി ഹൌറാസ്റ്റേഷനിൽഎത്തി കൽക്കട്ടാ തിയേറ്റർ റോഡിൽ 38-ാം നമ്പ്ര ഹൌസിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു എഴുന്നള്ളിതാമസിക്കുന്നതാണു് തിരുമനസ്സിലെകൂടെ ജൂനിയർ മഹാറാണി തിരുമനസ്സുകൊണ്ടും, കാർത്തികതിരുനാൾ തിരുമനസ്സുകൊണ്ടും, ഉത്രാടംതിരുനാൾ തിരുമനസ്സുകൊണ്ടും, ഗോദവർമ്മരാജാവവർകളും ഉണ്ടായിരിക്കുന്നതാണു്.

* * *

പുട്ടിംഗ് ദി ഷാട്ടുവിദഗ്ദ്ധൻ.



മി. പി. കുഞ്ഞുകൃഷ്ണൻനായർ (പോലീസ്ഡിപ്പാർട്ടുമെൻറ്) പ്രസിദ്ധ കായികവിദഗ്ദ്ധനായ മി. ആദിനാരായണൻതമ്പിയുടെ ശിഷ്യനും അഞ്ചുവർഷക്കാലം തുടരെച്ചയായി ഗ്രൌണ്ടേറിനു സമ്മാനം വാങ്ങിവരുന്ന ആളുമാണു്. തിരുവനന്തപുരത്തുനിന്നും ഒളിമ്പിക്സ്പോർട്ടസിനു ഇക്കൊല്ലം ഇദ്ദേഹത്തെ അയയ്ക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

* * *

തിരുവിതാംകൂർ അതൃത്തിയിൽ കൊല്ലം പട്ടണത്തോടടുത്തു സ്ഥിതിചെയ്യുന്നതും, ബ്രിട്ടീഷു ഗവർമ്മെൻറിൻെറ വകയുമായ തങ്കശ്ശേരിയെ തിരുവിതാംകൂറിലേക്കു വിട്ടുകൊടുക്കുന്നതിനെ പ്രതിഷേധിച്ചുകൊണ്ടു തങ്കശ്ശേരിക്കാരിൽ ചിലരാൽ സമപ്പിക്കപ്പെട്ടിട്ടുള്ള മെമ്മോറിയലിലേക്കു പാർലമെൻറിലെ കാമൺസുസഭാമണ്ഡലത്തിൻെറ ശ്രദ്ധയെ കർണ്ണൽ വെഡ്ജ്വുഡ്ബെൻ ആത്തോൾംപ്പ്ബിയും ആകർഷിക്കയുണ്ടായി എന്നും, ഇക്കാര്യത്തിൽ മദ്രാസു ഗവർമ്മെൻറിൻെറ അഭിപ്രായം എന്തെന്നറിയുവാൻ ഇൻഡ്യാഗവർമ്മെൻറു കാത്തിരിക്കുകയാണെന്നും സർ സാമുവൽഹോർ മറുപടി പറഞ്ഞതായും, അടുത്ത കാമൺസുസഭാസമ്മേളനത്തിൽ തങ്കശ്ശേരി കൈമാററംചെയ്യുന്ന കാര്യത്തെക്കുറിച്ചു വാദപ്രതിവാദം തുടരുന്നതാണെന്നു മി സാമർവെൽ പ്രസ്താവിച്ചതായും ഡിസംബർ 3-ാംതീയതിയിലെ ലണ്ടനിൽനിന്നുള്ള റായട്ടരുടെ ഒരു കമ്പിസന്ദേശത്തിൽ കാണുന്നു

* * *



പുതുതായി പരിഷ്കരിച്ചു പണികഴിപ്പിച്ചിട്ടുള്ള തിരുവനന്തപുരത്തെ യുദ്ധസ്മാരകസ്തംഭത്തിൻെറ മുമ്പിൽ പൊളിററിക്കൽഏജൻറ്, ദിവാൻ, സർ സി. പി. രാമസ്വാമിഅയ്യർ തുടങ്ങിയവർ സമർപ്പിച്ച പുഷ്പമാല്യങ്ങൾ സഹിതം എടുത്ത ഫോട്ടോ.

Royal Studio, Trivandrum.


# അഷ്ടാംഗഹൃദയം

"അരുണോദയം" എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്.

വ്യാഖ്യാതാ, പി. എം. ഗോവിന്ദൻവൈദ്യൻ.

മൂലശ്ലോകങ്ങളോടും, അന്വയക്രമത്തിനുള്ള അത്ഥത്തോടും, വിസ്തരിച്ച വ്യാഖ്യാനത്തോടും കൂടിയതു്. വിദ്യാത്ഥികൾക്കും വൈദ്യന്മാക്കും ഒന്നുപോലെ ഉപയോഗപ്രദമായ രിതിയിൽ ആണു് പണ്ഡിതനായ വ്യാഖ്യാതാ ഈ ദുർഗ്രഹഗ്രന്ഥത്തെ സാരള്യത്തോടുകൂടി പ്രതിപാദിച്ചിരിക്കുന്നതു്.

| | ക. | ണ. | | ക. | ണ. |
|---|---|---|---|---|---|
| സൂത്രസ്ഥാനം ൧-ാംഭാഗം | 1 | 4 | സൂത്രസ്ഥാനം ൨-ാംഭാഗം | 1 | 4 |
| ശാരീരസ്ഥാനം | 1 | 4 | നിദാനസ്ഥാനം | 1 | 4 |
| ചികിത്സിതസ്ഥാനം 1-ാംഭാഗം | 1 | 8 | ബാക്കി ഭാഗങ്ങൾ തയാറായിവരുന്നു. | | |

മാനേജർ, ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.

# ബുദ്ധതത്വങ്ങൾ.

കെ. പി ഗോപാലമേനവൻ, ഹൈക്കോർട്ടുജഡ്ജി

## ആറാം അദ്ധ്യായം

### തത്വാന്വേഷണം.

അത്യായാസകരാണി കർമ്മപടലാ-
ന്യാചര്യ നിർമ്മലാ
ബോധേ ഭക്തിപഥേഥവാപ്യുചിതതാ-
മായാന്തി കിംതാവതാ
ക്ലിഷ്ട്വാ തർക്കപഥേ പരന്തവ വപുർ-
ബ്രഹ്മാഖ്യമന്യേ പുന-
ശ്ചിത്താർദ്രത്വമൃതേ വിചിന്ത്യ ബഹുഭിഃ
സിദ്ധ്യന്തി ജന്മാന്തരൈഃ
(നാരായണീയം II—9.

ഇക്കാലത്തു ബ്രഹ്മജ്ഞാനത്തിൽ അദ്വിതീയരായും വേദം ശാസ്ത്രം, പുരാണം ഇവകളിൽ പാണ്ഡിത്യം സിദ്ധിച്ചവരായും, ആരാധകൻ, ഉദ്രകൻ എന്ന രണ്ടു ബ്രാഹ്മണശ്രേഷ്ഠന്മാരുണ്ടായിരുന്നു ബുദ്ധൻ ഇവരുടെ ശിഷ്യനായി ചെന്നുകൂടുകയും ഇവർ ആത്മജ്ഞാനം, യോഗമാർഗ്ഗം. കർമ്മമാർഗ്ഗം ഇവകളെപ്പററി വിവരിച്ചുപറയുന്നതിനെ കേട്ടു മനസ്സിലാക്കിവരികയും ചെയ്തു സാക്ഷാൽ ആത്മാവ് ഒന്നിൽനിന്നു മറെറാന്നിലേക്കു മാറുന്നതും, സൽക്കർമ്മങ്ങളാൽ പാപികൾക്കു മോചനംവരുന്നതും, സൽസംസർഗ്ഗത്താൽ അഹംഭാവം നീങ്ങി മനുഷ്യർ ബ്രഹ്മജ്ഞാനികളായിത്തീരുന്നതും, ഉദാഹരണരൂപേണ ഈ ഗുരുശ്രേഷ്ഠന്മാർ ഉപദേശിച്ചു.

ഒരുദിവസം ആരാധകൻ തനിക്കു പുതുതായിക്കിട്ടിയിട്ടുള്ള ശിഷ്യനെ നോക്കി. "പഞ്ചേന്ദ്രിയങ്ങളുടെ അനുഭവത്തെ അറിയുന്ന വസ്തു എന്തു് കയ്യിനും കാലിനും ചലനം കൊടുക്കുന്നതു് ഏതൊന്നു്? ഞാൻ കാണുന്നു, ഞാൻ ചെയ്യുന്നു, ഞാൻ അനുഭവിക്കുന്നു. എന്നു മനുഷ്യർ പറഞ്ഞുവരുന്നല്ലൊ ഈ "ഞാൻ" ആരാണു്. നിന്റെ കണ്ണാകട്ടെ, കാതാകട്ടെ, മൂക്കാകട്ടെ, നാവാകട്ടെ, മനസ്സാകട്ടെ, എന്നുവേണ്ടാ ദേഹംമുഴുവനുമാകട്ടെ നിന്റെ ആത്മാവല്ല. എന്നാലോ കാണുന്നതും കേൾക്കുന്നതും, മണക്കുന്നതും സംസാരിക്കുന്നതും ഇളകിനടക്കുന്നതും എല്ലാം ആത്മാവിനാൽതന്നെ. ആത്മാവ് ഉണ്ടോ ഇല്ലയോ എന്നു സംശയിക്കുന്നതുതന്നെ തെററാണു്. ഈ വാസ്തവത്തെ മനസ്സിലാക്കി നടക്കാതിരിക്കുന്നവനു മോക്ഷം കിട്ടുകയുമില്ലാ ദീർഘാലോചന ചിലപ്പോൾ മനസ്സിനെ ചഞ്ചലപ്പെടുത്തിയേക്കാം. ഈ കാരണത്താൽ അവിശ്വാസം അസ്ഥിരതകൾ എന്നിവ ഉണ്ടായേക്കാം എന്നാൽ, ആത്മപരിശോധനയാൽ ഈ കുഴപ്പങ്ങൾ തീരും. സാക്ഷാൽ വിമോചനം കിട്ടുവാൻ നാം ജനക്കൂട്ടത്തിൽനിന്നും മാറി, കേവലം സന്ന്യാസാശ്രമം സ്വീകരിച്ചു്, ഭിക്ഷുവായി കഴിക്കുകയത്രേ വേണ്ടതു്. ഇഹലോകകാംക്ഷകളെ ത്യജിച്ചു്, ഇക്കാണുന്നവയെല്ലാം നിത്യമല്ലെന്നു വിശ്വസിച്ചു ജീവിക്കുമ്പോൾ സാക്ഷാൽ വിരക്തിയുണ്ടാകും. കൂട്ടിൽ അടച്ചിട്ടിരിക്കുന്ന പക്ഷിക്കു പറന്നുപോകുമ്പോൾ ഉള്ളതുപോലെ, ഇഹലോകവാഞ്ഛകളെ വിട്ടുപോകുന്ന ആത്മാവിനു്, പൂർണ്ണസ്വാതന്ത്ര്യം ഉണ്ടാകുന്നു: ഇതാണു ആത്മൻമുക്തിയെന്നു പറയുന്നതു്. എന്നാൽ പൂർണ്ണവിശ്വാസത്തോടുകൂടി നടക്കുന്നവർക്കുമാത്രമേ ഇതു കിട്ടുകയുള്ളു.

ഈ നിരൂപണങ്ങളെകേട്ടു ബോധിസത്വനു സമാധാനം ഉണ്ടായില്ല. ഞാനെന്നുള്ള ഭാവം വിട്ടുമാറാത്തതിനാലല്ലേ, മനുഷ്യർ മായാബന്ധം വിടാതെയിരിക്കുന്നതെന്നു അദ്ദേഹം ചോദിക്കുകയുണ്ടായി

കാര്യകാരണങ്ങൾ നമുക്കു വ്യത്യാസമുള്ളവകളായി തോന്നും പക്ഷേ, രണ്ടും ഒന്നുതന്നെയാണു്. തീയും ചൂടും നമുക്കു് രണ്ടായി തോന്നുന്നില്ലെ. എന്നാൽ തീയിൽനിന്നും ചൂടിനെ മാററുവാൻ കഴിയുമോ. ഇതുപോലെ നമുക്കു ഒന്നിനൊന്നു വേറിട്ടു തോന്നുന്ന വസ്തുക്കൾ എല്ലാം, വാസ്തവത്തിൽ ഒന്നുതന്നെ ആണു് ഒന്നിനെ ആശ്രയിച്ചാണു് മറെറാന്നു് ഇരുന്നുവരുന്നതും. മനുഷ്യൻതന്നെ പല സ്കന്ധങ്ങളും ചേർന്നു ഒന്നായിട്ടുള്ള ഒരു രൂപമല്ലേ സ്ഥൂലശരീരം, വികാരം, മനസ്സ്, ബുദ്ധി, വിവേകം, ജ്ഞാനം, എന്നിവ ഒന്നിച്ചു ചേർന്നിട്ടുള്ളതല്ലേ, മനുഷ്യൻ. അഹംഭാവം എന്നതു് ഈ സ്കന്ധങ്ങളെ ആശ്രയിച്ചിരിക്കുന്നു അതു മനുഷ്യന്റെ വിചാരത്തിലും, ആത്മാഭിമാനത്തിലും സ്ഥിതിചെയ്തുവരുന്നു ഇവകളെ ആശ്രയിച്ചല്ലാതെ, അതു തനിയായി നിൽക്കുന്നു എന്നു് വിചാരിക്കുന്നതു്, അബദ്ധമാണു്. അഹംഭാവത്തോടുകൂടി ആത്മാന്വേഷണം നടക്കുകയില്ലാ- വിമോചനത്തിനു ഇടയാകുകയുമില്ല. അഹംകാരത്തിനാലും, "ഞാൻ എന്തുകേമനാണു്. എന്നാൽ എന്തെല്ലാം ചെയ്യാൻകഴിയും," എന്നും മററുമുള്ള വിചാരത്തിനാലും, മനുഷ്യർക്കു ഉണ്ടാകുന്ന ദോഷങ്ങൾക്കു കണക്കും കയ്യുമില്ല ഈ ഭാവത്തെ നീക്കിവച്ചു്, ശരിയായി നോക്കിയാൽ മാത്രമേ, എല്ലാററിന്റേയും വാസ്തവം അറിയുവാൻ തരമാകയുള്ളു. അജ്ഞാനം മാറി, സാക്ഷാൽ ജ്ഞാനം ഉണ്ടാകുവാനുള്ള മാർഗ്ഗവും ഇതാണു. ഞാനെന്നുള്ള വിചാരം ഉള്ളപ്പോൾ, എങ്ങിനെയാണു് മോക്ഷം ഉണ്ടാകുന്നതു്. ഇഹലോകത്തിലൊ, സ്വർഗ്ഗത്തിലൊ, നരകത്തിലൊ, ഇതു് പുനർജ്ജനനത്തെ ചെയ്തുകൊണ്ടിരുന്നാൽ എന്താണു് അവസാനം. മനുഷ്യരുടെ അഹംഭാവം എപ്പോഴാണു നശിക്കുന്നതു്, പാപവിമോചനം എപ്പോഴാണു് ഉണ്ടാകുന്നതു്.



മധുരയിലെ സഭാപതിക്ഷേത്രം.
സപ്തഗോപുരങ്ങളോടുകൂടിയ ഈ ക്ഷേത്രം പുരാണപ്രസിദ്ധമായ ഒന്നാണു്.



മധുര സഭാപതിക്ഷേത്രത്തിന്റെ മുൻഭാഗത്തെ ദ്വാരപ്രദേശം.

Courtesy, Lalitha Sadanam
M. Velayudhan Nair.

ഒന്നായിരിക്കുന്നവയെല്ലാം പിരിഞ്ഞുപോകും നമുക്കു് ജനനം, രോഗം, വാർദ്ധക്യം, മരണം, ഇവകളെ ഒഴിച്ചുവയ്ക്കുവാൻ സാധിക്കയില്ലാ ഇവകളിൽനിന്നു മാറിനിൽക്കേണ്ട മാർഗ്ഗമെന്താണു ?

ഇങ്ങിനെ ബോധിസത്വൻ ചോദിക്കുന്നതുകേട്ടു്, ഉദ്രകൻ സഹിക്കവയ്യാതെ താഴെ പറയുന്നവിധം മറുപടിപറഞ്ഞു "അങ്ങയുടെ ചുററും കർമ്മത്തിന്റെ ഫലം കാണുന്നില്ലെ മനുഷ്യരുടെ ഇടയിൽ സ്ഥിതിയിലും സ്വഭാവത്തിലും, വിധിയിലും, മററും, എന്തുകൊണ്ടാണു വ്യത്യാസം ഉണ്ടാകുന്നതു്? ഇതു അവരുടെ കർമ്മത്താലല്ലേ? ഈ കാര്യംതന്നെ ആത്മഗതിയിലും മാററമുണ്ടാക്കുന്നില്ലേ ഈജന്മത്തിൽ ചെയ്യുന്ന ഗുണങ്ങളുടേയും ദോഷങ്ങളുടേയും ഫലങ്ങൾ നാം മറുജന്മത്തിലും അനുഭവിക്കയില്ലയോ? അങ്ങിനെയില്ലാത്തപക്ഷം, ഈജന്മത്തിൽ മനുഷ്യരുടെഇടയിൽ വലുതായ ഈ വ്യത്യാസങ്ങൾക്കു കാരണമെന്താണു്?

കർമ്മയോഗം, പുനർജ്ജന്മം ഇവകളെപ്പററി തഥാഗതൻ ദൃഢമായി ആലോചിച്ചുനോക്കിയശേഷം "കർമ്മം നമ്മെ വിടുകയില്ല. "പക്ഷെ നിങ്ങൾപറയുന്നതുപോലെ അതു ആത്മാവിനെ ബന്ധിക്കയില്ല" എന്നു പറഞ്ഞു പ്രകൃതിയിൽ എല്ലാററിനേയും ബന്ധിച്ചിരിക്കുന്നതുപോലെ മനുഷ്യജീവിതവും കാര്യകാരണങ്ങളെ ആശ്രയിച്ചിരിക്കുന്നു. വിതച്ചനെല്ലിനെ നാം അറുത്തെടുക്കുന്നു പിന്നിട്ടു അറുത്തെടുക്കേണ്ട നെല്ലിനെ നാം വിതയ്ക്കുന്നു എന്നല്ലാതെ മാററമില്ലാത്ത ഒരു ആത്മാവു് അതേ സ്ഥി

തിയിൽ ഒരു ശരീരത്തിൽ നിന്നും മറ്റൊന്നിലേക്കു മാറുന്നതായി തോന്നുന്നില്ല.

മാനസികമായുംകായികമായുമുള്ളവസ്തുക്കളാൽചേർന്നിരിക്കുന്നവനല്ലേ, മനുഷ്യൻ..അവനിലുള്ളഗുണങ്ങളുംദോഷങ്ങളും കാലക്രമേണവളർച്ചവന്നുകൊണ്ടിരിക്കുന്നവയല്ലേ. പഞ്ചേന്ദ്രിയാനുഭവങ്ങൾ ഇതിനുമുമ്പ് ഇവകൾഅനുഭവിച്ചപിതാക്കന്മാരിൽനിന്നും സിദ്ധിച്ചിട്ടുള്ളതല്ലേ.എന്റെവിചാരങ്ങൾചിലതുമറ്റുള്ളവരിൽനിന്നും കിട്ടിയിട്ടുള്ളതും ചിലതു ഞാൻതന്നെ ഉണ്ടാക്കുന്നതുമല്ലേ. എന്നേപ്പോലെ മുമ്പേവിചാരിച്ചുകൊണ്ടിരുന്നവരും, പഞ്ചേന്ദ്രിയങ്ങളാൽ അനുഭവിച്ചു വന്നവരുമത്രേ എന്റെ പിതൃക്കൾ. ഇന്നലെ ശിശുവായിരുന്ന ഞാൻ, ഇന്നു പിതാവായിത്തീർന്നതുപോലെ പൂർവ്വജന്മത്തിലുള്ള എന്റെ പ്രവൃത്തികൾ – ഈജന്മത്തിലും എന്നെ ബന്ധിക്കുന്നു.

പഞ്ചേന്ദ്രിയങ്ങളുടെശക്തി ഒരു ആത്മാവിനുണ്ടെന്നു വിചാരിക്കുക; എന്നാൽ കണ്ണില്ലാതെ കാണുവാനും, കാതില്ലാതെ കേൾക്കുവാനും, മൂക്കില്ലാതെ മണക്കുവാനും, നാക്കില്ലാതെ രുചിഅറിയുവാനും മറ്റും ആ ആത്മാവിനു സാധിക്കയില്ല. ഗുണത്തിനെ ശീലിച്ചു പരത്തുവാൻ നാം ശ്രമിക്കുന്നു. കർമ്മത്തിന്റെ ഫലങ്ങൾ നാം അനുഭവിക്കുന്നെങ്കിലും ആ കർമ്മത്തിനു ഇടകൊടുക്കുന്ന ആത്മാവിനെ നാം കാണുന്നില്ല ആത്മാവു മാറിമാറി പോകുന്നതിനാൽ പുനർജ്ജന്മം ഉണ്ടാകുന്നു ഞാനെന്നും, എന്റെതെന്നും, മറ്റുമുള്ളഅഹംഭാവചേഷ്ടകൾ കേവലം മായയാൽ ഉണ്ടാകുന്നതാണ്. നമ്മുടെ മൌഢ്യത്താലും പാപത്താലും മാത്രം ജീവിതദോഷങ്ങൾ ഉണ്ടാകുന്നതല്ല. അവ നമ്മുടെ ജീവിതമാർഗ്ഗങ്ങളാൽ നാം ഉണ്ടാക്കുന്നവയാണ്. ഇത്രയും പറഞ്ഞിട്ടു ബോധിസത്വൻ ക്ഷേത്രങ്ങളിൽപൂജചെയ്തും യാഗങ്ങൾ ചെയ്തുംകൊണ്ടിരിക്കുന്നവരെ കാണ്മാനായി പുറപ്പെട്ടു. ദൈവത്തിന്റെ പേരുപറഞ്ഞു ഈ പൂജാരികൾ ചെയ്തുവരുന്ന അസഹനീയമായ ജീവജാലങ്ങളുടെ ബലിയെപ്പറ്റി വിചാരിച്ചു ബുദ്ധനു അളവറ്റ വ്യസനമുണ്ടായി. മൌഢ്യത്താൽമാത്രമാണ് ഇവർ ഉത്സവങ്ങൾ കൊണ്ടാടുന്നതും അനേകം ജീവികളെ കൊല്ലുന്നതും. സത്യം, ധർമ്മം, ഇവയെ അനുഷ്ഠിക്കയല്ലേ ഈ ഉത്സവങ്ങളേയും ബലികളേയുംകാൾ നല്ലതു്. ഇവകളാൽ ദൈവം പ്രീതനാകുമോ എന്നു മനസ്സിൽ ഒതുക്കുവാൻ പാടില്ലാതെ അദ്ദേഹം തുറന്നുപറഞ്ഞു: ഒരു ജീവനെ ബലികഴിക്കുന്നതിനാൽമറ്റൊരു ജീവന്റെപാപങ്ങൾക്കുവിമോചനമുണ്ടാകുമോ? പുതുതായ ഒരു തെറ്റിനാൽ പഴയ തെറ്റുകൾ തീരുമോ. ഈമാതിരി മിണ്ടാപ്രാണികളായ മൃഗങ്ങളെ ബലികഴിക്കുവാൻ അനുവദിക്കുന്നമതം, ആരെങ്കിലും സ്വീകാരയോഗ്യമായി വിചാരിക്കുമോ? നിങ്ങളുടെഹൃദയങ്ങളെ ശുദ്ധപ്പെടുത്തി "ബലി" "വധം" ഇവകളെനിർത്തുക: ഇതാണു വാസ്തവമായ മതാനുഷ്ഠാനം. മൌഢ്യാചാരങ്ങൾ ഫലമില്ലാത്തവയാകുന്നു. മന്ത്രങ്ങൾകൊണ്ടു പ്രയോജനമില്ല മനുഷ്യരെമാത്രം തൃപ്തിപ്പെടുത്തുവാനുള്ള ഉപാസനകളും വ്രതങ്ങളും ഒരു ഗുണവും ചെയ്യുകയില്ല. സത്യം ധർമ്മം ഇവയെ അനുഷ്ഠിക്കുക. ചീത്തവിചാരങ്ങളേയും വികാരങ്ങളേയും ത്യജിക്കുക. കാമക്രോധലോഭമോഹമദമാത്സര്യങ്ങളെ ഉപേക്ഷിക്കുക. ഇതാണു വാസ്തവമായ ത്യാഗവും സത്യമായ മതവും."

# ഗൃഹലക്ഷണങ്ങൾ.

## ഒരു നല്ല ഗൃഹത്തിന്റെ ലക്ഷണങ്ങൾ ഒൻപതാണ്

(എസ്സ്. എസ്സ്.)

### (i) സൌന്ദര്യം.

ഓരോഗൃഹവും ചെറുതായാലും വലുതായാലും മനോഹരമായിരിക്കണം. ഒരു ഗൃഹം മനോഹരമായി നിർമ്മിക്കുവാൻ വിരൂപമായി നിർമ്മിക്കുവാൻ വേണ്ടതിലധികം പണം ആവശ്യമില്ല വീട് എത്ര ചെറുതായിരിക്കുന്നുവോ അത്ര എളുപ്പമാണ് അതു് സുന്ദരമാക്കുവാൻ. ഒരു ഭവനത്തിന്റെ ഭംഗി അതിന്റെ കണക്കിനേയും അതിനുപയോഗിക്കപ്പെടുന്ന സാമാനങ്ങളേയും ആശ്രയിച്ചിരിക്കും. ഒന്നാംതരം സാമാനങ്ങൾക്കുപകരം കൈയിൽ കിട്ടിയ സാമാനങ്ങൾ അവയുടെ നൽപ്പുതൽപ്പ് നോക്കാതെ ഉപയുക്തമാക്കുന്നപക്ഷം വീട്ടിനു് അഴകുണ്ടായിരിക്കയില്ല, ചിലവിനു് കുറവും ഉണ്ടായിരിക്കയില്ല ഇഷ്ടികകൾ, ഓടുകൾ, കുമ്മായം ഇവ ഒന്നാംതരമായിരിക്കണം. അവ എവിടെയും സുലഭമാണ്. ഒരു കൊച്ചുകുടിൽ സുഖവാസത്തിനു് യോഗ്യമായ വിധത്തിൽ നിർമ്മിക്കപ്പെടുന്നുവെങ്കിൽ അതു് സദാ കാണുവാൻ ഭംഗിയുള്ളതായിരിക്കും. എന്തുകൊണ്ടെന്നാൽ ഉപയോഗവും സൌന്ദര്യവും ഒരേ ഒരു വസ്തുവാകുന്നു.

വീടുകളുടെ ആകൃതിയെ നിയന്ത്രിക്കുന്നതിൽ പ്രാദേശികഭരണകർത്താക്കൾ അത്ര ആസക്തി കാണിക്കുന്നില്ല ഓടുകൾ, ഭിത്തികൾ, പടികൾ ജന്നലുകൾ മുതലായവയുടെ കാര്യത്തിലാണ് അവരുടെ ആജ്ഞകൾ. മനോഹരമായ ആകൃതി, സൌകര്യം, സുഖം ഇവയിൽ അവർ അവരുടെ അധികാരദൃഷ്ടി പതിപ്പിക്കുന്നില്ല. എത്ര അസുഖകരവും വിരൂപവും ആയ വീടും സ്വന്തസ്ഥലത്തു് ആർക്കും പണിയാം. ഇതു് ഗൃഹനായകനും പൊതുജനങ്ങൾക്കും സമാനമായുള്ള ഒരു ദൌർഭാഗ്യമാണ്. ഗൃഹനായകന്റെ സങ്കടം അതിൽ താമസിക്കേണ്ടിവരുന്നു എന്നുള്ളതും പൊതുജനങ്ങളുടെ സങ്കടം ദുരഭഗമായ അതിന്റെ ബഹിർഭാഗങ്ങൾ കാണേണ്ടിവരുന്നു എന്നുള്ളതും ആകുന്നു. ഒരു നഗരത്തിന്റെ ആകപ്പാടെയുള്ള ആകൃതി മനോഹരമായിരിക്കണമെന്നു് നിർബന്ധിക്കാനുള്ള അധികാരം മിക്കഭരണകർത്താക്കന്മാർക്കും ഉണ്ടു്. എന്നാൽ ഈ അധികാരം യഥാസ്ഥാനം വിനിയോഗിക്കപ്പെടുന്നതായി എനിക്കു് തോന്നുന്നില്ല ഈ അലസതയുടെ ഫലമായി പല പട്ടണങ്ങളും അസുന്ദരങ്ങളായി പോയിട്ടുണ്ടു്.

### (ii) കാറ്റും വെളിച്ചവും

നമ്മുടെ നാട്ടിൽ ധാരാളം മഴക്കാറുണ്ടു്. അതുകൊണ്ടു് എത്രത്തോളം സൂര്യരശ്മിനമുക്കു് ലഭിക്കുമോ അത്രത്തോളം അതിനെ നാം ഗ്രഹിക്കാൻനോക്കണം. അതുപോലെതന്നെയാണ് കാറ്റിന്റേയും കാര്യം. ഒരാദർശഗൃഹത്തിനു് തെക്കോട്ടായിരിക്കണം. ദർശനം. തെക്കോട്ടു് കുറഞ്ഞൊന്നു് ചാഞ്ഞുകിടക്കുന്ന സ്ഥലത്തായിരിക്കണം അതു് പണിയേണ്ടതു്. കാലത്തേയും വൈകിട്ടത്തേയും പൊൻവെയിലും കുളിർകാറ്റും പുരക്കകത്തു് കയറത്തക്കവണ്ണം ജന്നലുകളോ കതകുകളോ ആ ഗൃഹത്തിനുണ്ടായിരിക്കേണ്ടതാണ്. ഇപ്രകാരം രചിക്കപ്പെടാത്ത ഗൃഹങ്ങൾവച്ചുകൊണ്ടിരിക്കുവാൻ ഉടമസ്ഥന്മാരെ അനുവദിച്ചുകൂടാ.

വടക്കുവശമാണ് കലവറക്കു് പറ്റിയ സ്ഥലം. ആളുകളുടെ സന്ദർശനത്തിനുള്ള രംഗവും അവിടെ ആയിരുന്നാൽ നന്നു്. മറ്റുമുറികളിലേക്കും എണ്ണിപ്പടികളിലേക്കും ആവശ്യമുള്ള വെളിച്ചം വരുവാൻ വടക്കുവശത്തു ജന്നലുകൾ ഉണ്ടായിരിക്കുന്നതു് സൌകര്യപ്രദമായിരിക്കും എപ്പോഴും ആളുകൾക്കു് പെരുമാറേണ്ട ഒരു മുറിയുടെ രണ്ടുവശമെങ്കിലും മുറ്റത്തോടു് തൊട്ടിരിക്കണം. നഗരങ്ങളിലെ ഭവനങ്ങൾക്കുള്ള ദോഷങ്ങളെല്ലാം ഇപ്പോൾ ഗ്രാമങ്ങളിൽ പരിഷ്കാരമായിത്തീർന്നുതുടങ്ങിയിട്ടുണ്ടു്. അതുകൊണ്ടു് സൂര്യരശ്മികളേയും ആരോഗ്യത്തേയും പടിക്കുപുറത്തു നിറുത്തുന്നതരത്തിലുള്ള വീടുകൾ ഇക്കാലത്തു് ഉൾനാടുകളിലും സാധാരണമായിരിക്കുന്നു.

### (iii) സ്ഥലസൌകര്യം.

ആവശ്യമുള്ളിടത്തോളം സ്ഥലസൌകര്യമില്ലാത്ത ഇടുങ്ങിയ വീടുകൾ ദരിദ്രന്മാരുടെ ഇടയിൽ ധാരാളമായിത്തീർന്നിട്ടുണ്ടു്. ഒരു വീട്ടിലേക്കു് അവശ്യംആവശ്യമുള്ള സാധനങ്ങൾ ശേഖരിക്കുവാൻമാത്രം അവയിൽ ഇടം കിട്ടുകയില്ല. ആകയാൽ വൃത്തികെട്ട ചായ്പുകൾ കെട്ടി ചാമ്പലും ചാണകവും വിറകും മറ്റും അവിടെ ശേഖരിക്കുന്നു. ചിലപ്പോൾ പുരയോടു ചേർത്തു ചായ്പുണ്ടാക്കി അവർ അതിൽ കന്നുകാലികളെ കെട്ടുന്നു. ഈ സമ്പ്രദായങ്ങളുടെ എല്ലാം ഫലമായി ആദ്യമേതന്നെ വിരൂപങ്ങളായിരുന്ന ഗേഹങ്ങൾ ഒന്നുകൂടി വൃത്തികെട്ടവയാകുന്നു. അവ കാണുന്നതുതന്നെ മറ്റുള്ള

വക്ക് അസഹ്യമാണ്. അതുകൊണ്ടു വീടുകൾക്കു കണക്കുണ്ടാക്കുന്നവർ ഒരു സാധാരണ കുടുംബത്തിനു അത്യാവശ്യം വേണ്ട സാമാനങ്ങൾ സംഭരണം ചെയ്യാൻമാത്രം സ്ഥലം കരുതിക്കൊള്ളേണ്ടതാകുന്നു. അങ്ങനെ ചെയ്യാൻ വീട്ടുടമസ്ഥന്റെ സ്ഥിതി അയാളെ അനുവദിക്കുന്നില്ലെങ്കിൽ ഒരൊഴിഞ്ഞ സ്ഥലത്തെങ്ങാനും കൂടിൽ നിർമ്മിച്ചു് ചായ്പുകളുടെ ആവശ്യം നിറവേററിക്കൊള്ളണം.

(iv) നല്ല ഉരുപ്പടികൾ.

നല്ല തടിയും നല്ല ഇഷ്ടികകൾക്കും മററു നല്ല സാധനങ്ങൾക്കും കൂടുതൽ വില കൊടുക്കേണ്ടതുകൊണ്ടും പണച്ചുരുക്കംകൊണ്ടും വിലകുറഞ്ഞ തടികളും മററും ഉപയോഗിച്ചു വീടുവെക്കാൻ പലരും ഒരുമ്പെടുന്നു. ചുടാത്ത ഇഷ്ടികകൾ, പാഴ്ത്തടികൾ മുതലായ ചീത്ത സാമാനങ്ങൾ ഉപയോഗിച്ചു ഭവനങ്ങൾ രചിക്കുന്നതു കേവലം നഷ്ടമാകുന്നു. അത്തരം വീടുകൾ കാണാൻ ഭംഗിയില്ലാത്തവയാണ്. താമസിക്കാൻ സുഖമില്ലാത്തവയാണ് എന്നുള്ളതോ പോകട്ടെ, കാലക്രമത്തിൽ അവയുടെ ഉരുപ്പടികൾക്കു കേടു തട്ടുന്നു; അവയുടെ ചുവർ ഇടിയുന്നു; ചിലപ്പോൾ അവതന്നെ തകർന്നു വീഴുന്നു. കേടുകൾ പോക്കുന്നതിനോ വീടു രണ്ടാമതു പണിയുന്നതിനോ ആയി ഉടമസ്ഥൻ വീണ്ടും പണം ഇറക്കേണ്ട ആവശ്യം നേരിടുന്നു. ഇതു ഇരട്ടി നഷ്ടമാണെന്നു സ്പഷ്ടമാകുന്നു.

(v) നിലനിൽപ്പ്.

ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിച്ചില്ലെങ്കിൽ വീട് വളരെക്കാലം നിലനിൽക്കയില്ല. മഴവീണാൽ ചോരാത്തവിധത്തിൽ മേച്ചിൽ നന്നായിരിക്കണം. ധാരാളം തുവാനം തല്ലി നിരയിലോ, ഭിത്തിയിലോ, തിണ്ണയിലോ വെള്ളം വീഴാൻ അനുവദിക്കരുതു്. തിണ്ണയ്ക്കു സിമന്റു തേച്ചിരുന്നാൽ വെള്ളത്തിൽനിന്നുള്ള കേടു ഭയപ്പെടേണ്ട. ജന്നലിന്റെയും കതകിന്റെയും കട്ടിളയിലും പടിയിലും വിടവുണ്ടാകാതെ സൂക്ഷിക്കണം. അല്ലെങ്കിൽ വിടവിൽക്കൂടി വെള്ളം വീണു തടിയുരുപ്പടികൾക്കും ഭിത്തിക്കും കേടുഭവിച്ചേക്കും. കഴുക്കോലിനും ഉത്തരത്തിനും കേടുവരാതെ ഇരിക്കണമെങ്കിൽ അവയിൽ വെളിച്ചം തട്ടാൻ അനുവദിക്കണം. അഥവാ അവയ്ക്കു ആണ്ടുതോറും വാർണ്ണീഷിടണം. ഇങ്ങനെ ചെയ്യുന്നതു നമ്മുടെയിടയിൽ വളരെ അപൂർവ്വമായാൽ പ്രതിവർഷം അനേകായിരം രൂപയുടെ നഷ്ടം ഈ ഇനത്തിൽത്തന്നെ നമ്മുടെ ഗ്രാമീണർ അനുഭവിക്കുന്നുണ്ട്.

(vi) ദൃഢസംഘടനം.

നമ്മുടെ വീടുകളിൽ അധികം എണ്ണത്തിനും ശരിയായ സംഘടന ഇല്ല. കതകും ജന്നലും തുറന്നുവച്ചാൽ കാററടിച്ചും മററും അവയ്ക്കു കേടുതട്ടാതിരിക്കാൻ അവയ്ക്കു ബന്ധങ്ങളില്ല. അതുപോലെതന്നെ വീടുകൾക്കുള്ള പൂട്ടുകൾ വെറും മോശമാണ്. അവ എളുപ്പം തേഞ്ഞുപോകുന്നു. കതകിന്റെ ചുഴിക്കുററികളും അവയെ ബന്ധിക്കുന്ന ആപ്പുകളും ദുർബലങ്ങളും വേഗത്തിൽ കേടുവരുന്നവയും ആയിരിക്കുന്നു. കതകുപലകകൾ തങ്ങളിൽ ചേരുന്നതു നല്ല ഉറപ്പായിട്ടല്ല. അവയ്ക്കു പലപ്പോഴും വേണ്ടിടത്തോളം ഘനം ഉണ്ടായിരിക്കയില്ല. ഇരുമ്പുവിജാഗിരികൾ ഉപയോഗിക്കുന്നതു നഷ്ടമാണ്. അവയ്ക്കു എളുപ്പം തുരുമ്പു പിടിക്കും. തുരുമ്പുപിടിച്ചാൽപിന്നെ അവ ശരിയായി പ്രവർത്തിക്കയില്ല. അപ്പോൾ കതകു അടയ്ക്കാനും തുറക്കാനും പ്രയാസം നേരിടും.

(vii) കണക്ക്.

പല വീടുകളുടേയും തകരാറു അവ ഒരു ശരിയായ കണക്കനുസരിച്ചു പണിചെയ്യിച്ചിട്ടുള്ളതല്ലെന്നുള്ളതാണ്. അതായതു അവയുടെ പണിയിൽ ഒരു വിദഗ്ദ്ധനായ ശില്പിയുടെ ഹസ്തം പ്രവർത്തിച്ചിട്ടില്ല.

ഒരു ഗൃഹത്തിന്റെ കണക്കുണ്ടാക്കുന്ന ആശാരിയാണ് അതിന്റെ യഥാർത്ഥനിർമ്മാതാവ്. കണക്കപ്പണിക്കൻതന്നെ ആയിരിക്കണം കൂട്ടുവയ്ക്കുന്നതും തല്ലിക്കൂട്ടുന്നതും. ഒരു ഗൃഹം ശരിയായ കണക്കനുസരിച്ചു് പണിതിട്ടുള്ളതാണോ അല്ലയോ എന്നു് ഒരു ശില്പജ്ഞനു ഒററനോട്ടത്തിൽ നിശ്ചയിക്കാൻ കഴിയും. ഗൃഹരചനയിൽ ആകൃതിക്കു ഒരു പ്രധാനസ്ഥാനമുണ്ടെന്നുള്ളതു് പലർക്കും അറിഞ്ഞുകൂടാ. ഒരു തയ്യൽക്കാരനു് ഒന്നാംതരം തുണികൊണ്ടു് ഒരു ചീത്ത ഉടുപ്പു് തയ്ക്കാം; അതുപോലെ ഒരാശാരിയ്ക്കു് ഒന്നാംതരം ഉരുപ്പടികൾ കൊണ്ടു ഒരു ചീത്ത വീടു പണിയാം. ഇതിനു ഒരൊററ പരിഹാരമെയുള്ളു. ശില്പവിദഗ്ദ്ധന്മാർക്കു ഗവർമ്മെണ്ടു ലൈസൻസുകൊടുക്കണം. ഒരു ചെറിയ ലൈസൻസ് ഫീസ് ഏർപ്പെടുത്തുന്നതിനു് തരക്കേടില്ല. അങ്ങനെ ലൈസൻസു ലഭിച്ചിട്ടുള്ള ശില്പികൾ നോക്കി നല്ലതാണെന്നു് സാക്ഷ്യപത്രം നൽകിട്ടുള്ള കണക്കിൻപ്രകാരമേ ഭവനങ്ങൾ പണിയാവു എന്നൊരു നിശ്ചയം ഉണ്ടായിരിക്കണം. ഇങ്ങനെ നോക്കി സാക്ഷ്യപത്രം നൽകുന്നതിനു വേണമെങ്കിൽ ശില്പികൾക്കു ഒരു പ്രതിഫലം കൊടുക്കാൻ ഏർപ്പാടുചെയ്യുന്നതിനും വിരോധമില്ല. വക്കീൽഫീസിനും മററും ഗവർമ്മെന്റ് ഒരു നിരക്കു നിശ്ചയിച്ചു് പരസ്യം ചെയ്തിട്ടുണ്ടല്ലോ. അതുപോലെ കെട്ടിടത്തിന്റെ വലിപ്പച്ചെറുപ്പങ്ങളെ ആസ്പദമാക്കി ഒരു ശില്പിവേതനനിരക്കു നിശ്ചയിക്കുന്നതു് നന്നായിരിക്കും. ഇങ്ങനെയുള്ള ഒരേർപ്പാടു് ഗവർമ്മെണ്ടിനും ശില്പികൾക്കും ബഹുജനങ്ങൾക്കും ഒന്നുപോലെ ആദായകരവും ഉപയോഗപ്രദവും ആയിരിക്കാനെ ഇടയുള്ളു.

(viii) ഇണക്കം.

കെട്ടിടം അതിന്റെ സ്ഥാനത്തിനു ഏററവും യോജിച്ചിരിക്കണം. അതു എങ്ങാണ്ടുനിന്നു് പറന്നു് വന്നിരുന്നതുപോലെ തോന്നരുതു്. അതു് ഒരു മരമായിരുന്നാൽ പോലെ ആ സ്ഥാനത്തിനു് ഇണങ്ങിയിരിക്കണം. വാതൽവേണ്ടിടത്തു വാതൽ, ജന്നൽ വേണ്ടിടത്തു് ജന്നൽ, തിണ്ണ വേണ്ടിടത്തു തിണ്ണ എന്നിങ്ങനെ അതതുസ്ഥാനത്തു അതതുഭാഗങ്ങൾ വിതരണം ചെയ്തിരിക്കണം. ഈ സംഗതികളെല്ലാം പറയുമ്പോൾ നിസ്സാരമെന്നു തോന്നും. എന്നാൽ പല ആശാരികളും ഇവയെ വിഗണിക്കുന്നതുകൊണ്ടോ, വിസ്മരിക്കുന്നതുകൊണ്ടോ ഗൃഹങ്ങൾക്കു ഭംഗിയും അതിലെ അധിവസിക്കുന്നവർക്കു സൌകര്യവും ഇല്ലാതെ പോകുന്നു. അടുത്തുള്ള പുരയിടങ്ങളും അവയിലെ കെട്ടിടങ്ങളും ഒരു പുതിയ വീടിന്റെ പണിക്കു് ഏതാണ്ടു ബാധകമാണ്. അതിന്റെ സ്ഥാനവും ആകൃതിയും നിർണ്ണയിക്കുമ്പോൾ അവയേയും ഗണിക്കേണ്ടതാകുന്നു. നാം കെട്ടിടം വയ്ക്കാനുദ്ദേശിക്കുന്ന സ്ഥലത്തു നിൽക്കുന്ന വൃക്ഷങ്ങളേയും ആ സ്ഥലത്തിനു സമീപമുള്ള വഴികളുടെ കിടപ്പിനേയുംകൂടി നാം ഒന്നു നോക്കണം. സാധാരണയായി കാററു് ഏതു വഴിക്കാണു വരുന്നതെന്നു മനസ്സിലാക്കി അതിനനുസരണമായി വീടിന്റെ നില നിശ്ചയിക്കപ്പെടണം. കെട്ടിടത്തിന്റെ സ്ഥാനത്തെപ്പററി വളരെ ബഹുമാനത്തോടുകൂടിവേണം കെട്ടിടം അവിടെ സ്ഥാപിക്കാൻ. ആ സ്ഥാനം നിങ്ങളുടെ പ്രിയയുടെ ശിരസ്സായിരുന്നാൽ അവിടെ അണിയിക്കാനുള്ള അവതംസം ഉണ്ടാക്കിക്കുന്നതിൽ നിങ്ങൾ എത്ര ശ്രദ്ധ കാണിക്കുമോ അത്രയും ശ്രദ്ധ കാണിക്കണം കെട്ടിടം പണിയിക്കുന്നതിലും.

(ix) അടുക്കള.

ഒരു ഗൃഹത്തിൽ താമസിക്കുന്നതിനു് ഏററവും സൌകര്യം ഉണ്ടായിരിക്കണം. അതായതു് എത്രയും കുറച്ചു വേലകൊണ്ടു നിത്യകാര്യങ്ങൾ നിറവേററത്തക്കവണ്ണം ഗൃഹത്തിനു് അടക്കം വെടിപ്പും ഉണ്ടായിരിക്കണം. ഉദാഹരണമായി നിത്യം ആവശ്യമുള്ള പലവ്യഞ്ജനങ്ങൾ, വെളിച്ചെണ്ണ മുതലായവ സൂക്ഷിക്കാൻ അലമാരികൾ, ഉറികൾ മുതലായവ അടുക്കളയിൽത്തന്നെ ഉണ്ടായിരിക്കണം. അടുക്കളച്ചുമരിൽ ധാരാളം ഷെൽഫുകൾ ഉണ്ടായിരുന്നാൽ വളരെ സൌകര്യമായിരിക്കും. വിറകുപുര അടുക്കളയോടു തൊട്ടടുത്തു് സ്ഥാപിക്കപ്പെടണം. അരി, പയറു്, കാകറിസാമാനങ്ങൾ മുതലായവ വയ്ക്കാനുള്ള കലവറയും അടുക്കളയിൽനിന്നു് അകലെയായിരിക്കരുതു്. അടുക്കളയിൽനിന്നു വെള്ളം കോരാവുന്ന വിധത്തിലാണു കിണറെങ്കിൽ വളരെ ഉത്തമം ആയിരിക്കും. അടുക്കളയെപ്പററി പ്രസ്താവിച്ചിട്ടുള്ളതുപോലെ കിടക്കമുറി, വായനമുറി മുതലായവയെപ്പററിയും ഗ്രഹിച്ചുകൊൾക. ഇപ്രകാരമെല്ലാം ശ്രദ്ധിക്കുന്നപക്ഷം വീട്ടുജോലി ലഘുവായിരിക്കും. ഗൃഹിണിക്കു ധാരാളം വിശ്രമാവസരം ലഭിക്കും. ഗൃഹജീവിതം ആനന്ദകരമായിരിക്കും.

---


## പ്രകാശം സ്വർണ്ണാഭരണങ്ങൾ.




സ്വർണ്ണത്തിനു പകരമുള്ള

ഒരു യഥാർത്ഥ സാധനം

സ്വർണ്ണമുദ്രകളും, സാക്ഷിപത്രങ്ങളും ലഭിച്ചവ.

വളകൾ ജോടി ഒന്നിനു രൂപാ ൩.

കാററ്ലാഗ് ഇനാം

ആർ. എസ്സ് പ്രകാശം ആൻഡ് കമ്പനി,
മെററൽജ്വലറിവർക്ക്സ്, 187 ചൈനബസ്സാർ റോഡ്,
ജി. ടി. മദ്രാസ്.

ചെറുകഥാപംക്തി.

# വിധിബലം.

എൻ. ലളിതാംബിക അന്തർജ്ജനം.

ഒതുങ്ങിയ ആ പറമ്പിന്റെ മൂലയ്ക്കായി ഒടിഞ്ഞുതാണ ഒരു ചെറുകടിൽ. അതിന്റെ ഒരേ ഒരു വാതിലിൽക്കൂടി പൊങ്ങുന്ന നിബിഡമായ പുകയ്ക്കിടയിൽക്കൂടി നോക്കിയാൽ അകത്തിരുന്നഅടപ്പൂതുന്ന അസ്ഥിമാത്രയുവതിയുടെ പാറിപ്പറന്ന കേശവും അടുപ്പിലിരിക്കുന്ന കലം നിറച്ചു വെള്ളവും അടിയിലഞ്ചാറു അരിയും നമുക്കു നല്ലവണ്ണം കാണാം. ഇടിഞ്ഞുവീണ ഇറയത്തിന്റെ വക്കത്തിരുന്നു ആറേഴവയസ്സായ ഒരാൺകുട്ടി വാട്ടിയ മരച്ചീനിക്കഷണങ്ങൾ പെറുക്കി തിന്നുന്നതിനെ സതൃഷ്ണം നോക്കിക്കൊണ്ടു താഴെ മുററത്തുകിടക്കുന്ന നായ് വാലാട്ടുകയും തലയിളക്കയും ഇടക്കിടെ അലക്ഷ്യഭാവത്തിലെറിഞ്ഞുകിട്ടുന്ന ഓരോ കഷണങ്ങൾ ചാടിക്കടിച്ചുതിന്നുകയും ചെയ്യുന്നു. കുടിലിന്റെ മൂലയ്ക്കായി കിടക്കുന്ന നാറത്തുണിക്കൂട്ടത്തിനിടയിൽ എന്തോ ഒന്നു അനങ്ങി ഞരക്കത്തോടൊപ്പം ഒരു ചെറിയ ഞരക്കവും പുറപ്പെട്ടു. തന്റെ ഭഗീരഥപ്രയത്നശേഷം പച്ചവിറകിൽ ഒരുമാതിരി തീപിടിപ്പിച്ച യുവതി തിരിഞ്ഞുനോക്കി എന്തുമ്മാ എന്നു ചോദിച്ചു. ഉണങ്ങിയ വിറകുകൊള്ളിപോലുള്ള രണ്ടു കൈകൾ ഉയർന്നു. ഉടനെതന്നെ തുണിനീങ്ങി ഒരസ്ഥിപഞ്ജരം പ്രത്യക്ഷപ്പെടുകയും ചെയ്തു. അനുകമ്പാഹീനനായ ഒരു കവിക്കാണെങ്കിൽ ഈ വിറകുള്ളപ്പോൾ ഇവളെന്തിനു തീ കത്തിക്കാൻവിഷമിച്ചു എന്നുൽപ്രേക്ഷിക്കാം. എന്നാൽ നമുക്കോ? അനുതാപം—അതിദയനീയമായ അനുതാപം—മാത്രമേ തോന്നുന്നുള്ളൂ. രോഗം, ദാരിദ്ര്യം, അനാഥത, ഇവയുടെ സങ്കലനനൃത്തം

'നീ ഇവിടെവാ പാത്തുമ്മ.' ആ രോഗിണി ക്ഷീണിച്ചിഴഞ്ഞ സ്വരത്തിൽ പറഞ്ഞു. മകൾ അടുത്തുചെന്നു ചോദിച്ചു: അരി തിളയ്ക്കുന്നേയുള്ളൂ. വെള്ളംകുടിക്കാൻ ധൃതിയായോ?

'വെള്ളംമാന്നുംവേണ്ട മോളേ. നീയവിടെയിരി. എനിക്കൊരുകാര്യം പറയാനുണ്ടു്.' പാത്തുമ്മ അടുത്തിരുന്നു വൃദ്ധ വിങ്ങിവിങ്ങി പറഞ്ഞു. 'പിന്നേ എന്തിനാ ഞാനതു പറേണേ. പറഞ്ഞാ സാധിക്ക്യോ എന്തോ. എന്റെ അതിമോഹം. എന്നാലും അതു സാധിക്കാഞ്ഞാ മോളേ എന്റെ ജീവനിങ്ങനെ കിടക്കണതു്. ഞാനെന്തിനാ ഇരിക്കണതു്. ഭൂമിക്കുതന്നെ ഭാരം' പാത്തുമ്മ സഹതാപത്തോടെ പറഞ്ഞു: 'കാര്യന്താന്നുപറഞ്ഞാൽ ഞാൻസാധിക്ക്യോന്നു നോക്കാം'

വൃദ്ധ—പിന്നെ—ആ മനക്കലെ തിരു... അല്ല-ഇപ്പോഴത്തെ മൂപ്പീന്നില്ല്യേ അദ്ദേഹത്തിനെ ഒന്നു കണ്ടിട്ടു ചത്താൽ കൊള്ളാന്നു.

പാത്തുമ്മ- (അതിശയഭാവത്തിൽ) മനക്കലെ തിരുമേനിയെയോ. ആ വൈശ്രോണത്തുമനക്കലെ വല്യതിരുമേനിയോ. അയ്യോ! അവിടുന്നു നമ്മുടെ കുടിലിലൊക്കെ എഴുന്നള്ളുവോ

വൃ—അതല്ല്യോമോളെ ഞാനാദ്യമേ പറഞ്ഞതു്. എന്റെ അതിമോഹാണെന്നു് എന്നാലും നമ്പൂരാരല്ലേ ചെന്നു കരഞ്ഞുപറഞ്ഞാല്ക് മനസ്സലിയ തിരിക്കുമോ. ഓ അവരുടെ കുട്ടപ്പം. പാവങ്ങടെനേരേയുള്ള ക്രൂരത- അതുമെനിക്കറിയാം. എന്തായാലും നീ ചെന്നു ഒന്നു പറഞ്ഞുനോക്കു്

പാത്തുമ്മ വല്ലാതായി. മനക്കൽ—മനക്കൽ. പൊന്നുതമ്പുരാന്റെ കൊട്ടാരത്തേക്കാൾ പേടിയാണവൾക്കവിടെ. അവിടെച്ചെന്നാൽതന്നെ അവളെന്തുപറയും. എന്നാലും അമ്മയുടെ അന്ത്യമായ ആഗ്രഹമല്ല. 'ആട്ടെ ഞാൻ പോവാമുമ്മേ. ഈ കഞ്ഞി തിളപ്പിച്ചു കോരിത്തന്നിട്ടുപോയാൽ പോരേ.'

'അതാ ചെറുക്കൻതരും നീ വേഗംപോ. രണ്ടിലൊന്നറിയട്ടെ. കുറേനാളായി ഞാനിങ്ങനെ മോഹിച്ചുമോഹിച്ചു കഴിക്കുന്നു.'

പാത്തുമ്മ ഇറങ്ങി തിരിച്ചു. മനക്കലേക്കു അവിടുന്നു രണ്ടുനാഴികയോളംദൂരമുണ്ടു്. അവളിതിനുമുമ്പു നെല്ലു വാങ്ങിക്കാനായി ഒരിക്കലോ മററോ പോയിട്ടുമുണ്ടായിരുന്നു. ആ വഴി ഓർത്തോർത്തുപോയി. മനക്കലെ ഗംഭീരമായ മതിൽക്കെട്ടിനപ്പുറത്തു് അവൾ നിന്നു. അതിനപ്പുറം ചില ജാതിക്കാർ പ്രവേശിക്കയില്ലെന്നു അവൾക്കറിയാമായിരുന്നു. പാത്തുമ്മ വളരെനേരം അവിടെനിന്നു യുദ്ധകാലത്തു കോട്ടയ്ക്കുള്ളിൽ നടക്കുന്ന കോലാഹലംപോലെ അകത്തു് ആരവം മുഴങ്ങിക്കേൾക്കാമായിരുന്നു എന്നാൽ പുറത്തെങ്ങും ഒരു മനുഷ്യജീവിയെപ്പോലും കണ്ടില്ല. നേരം ഒട്ടുപകലെ ആയപ്പോൾ രണ്ടു നായർസ്ത്രീകൾ (ഒരമ്മയും മകളും) പാത്രം നിറയെ ചോറും മററു വിഭവങ്ങളുമായി എറങ്ങി വരുന്നതുകണ്ടു എന്തോ സംഭാഷണം ചെയ്തുകൊണ്ടാണു് അവർ പടിയിറങ്ങിയതുതന്നെ.

മകൾ സദ്യേക്കെന്നായി; ഇല്ലെ അമ്മേ. അമ്മാത്തോലിന്റെ അനുഗ്രഹം ആയിരിക്കും.

അമ്മ—(വിഷാദസ്വരത്തിൽ) അമ്മാത്തോലിന്റെ അനുഗ്രഹം. അതൊന്നും പറയണ്ട. ആ കഥ ഓർത്തെന്നെ വയ്യാ.

മകൾ—അതെന്താമ്മേ. അവിടുന്നു അത്ര ചീത്തസ്വഭാവാന്നോ.

അമ്മ—ചീത്തസ്വഭാവൊ. ശിവ-ശിവ- ഇത്ര നല്ല സ്വഭാവായിട്ടു് ആരുണ്ടുന്നു ഇവിടെ. അതൊക്കെ പോട്ടെ. തലയെഴുത്തു പെഴച്ചുപോയല്ലോ. എന്നെക്കാൾ നാലുവസ്സിനു എളപ്പാന്നു- ഇപ്പോൾ മരിച്ചോ-ഒണ്ടോ

മകൾ—(അതിശയഭാവത്തിൽ) മരിക്കാതെ ബലി ഇടുമോ.

അ—മരിച്ചാലും വേണ്ടുല്ല. അതിലും കഷ്ടമല്ലേ ഇതു്. കൈകൊട്ടി പുറത്താക്കുക ഉണ്ടായതു് അതിന്റെ വിധി

മ—എന്താന്നു് അമ്മേ കാരണം?

അ കാരണം വല്ലതും വേണോ ഈ നമ്പൂരാക്കു്? കാരണം ആ എളയാത്തല്ത്തന്നെയായിരുന്നു. അതിനെ കൊണ്ടേന്നേപ്പിന്നെ തിരുമേനിക്കു് അമ്മാത്തലെ കണ്ടുകൂടാ. അതിന്റെ ഏഷണിയാന്നാ പറേണെ.

മ എന്നാല്പിന്നെ ഈ തിരുമേനിയുംകൂടെ സമ്മതിച്ചതെന്താ.

അ—അയ്യോ! ഇദ്ദേഹത്തിനു് അന്നു പത്തുവയസ്സ്. അമ്മാത്തലേ വെളിക്കുകളഞ്ഞപ്പോൾ അയ്യോ എന്റെ മോനെക്കൂടെ തരണേ എന്നു വിളിച്ചു നിലവിളിച്ചു നിലവിളിക്കുന്നതുകേട്ടോണ്ടു ഓടിച്ചെന്നു വല്യതിരുമേനി പിടിച്ചു അകത്തിട്ടു പൂട്ടിയപ്പോ എന്നേ അമ്മേടെക്കൂടെ വരണേയെന്നു് നെ വിളിച്ചതു് ഞാനിപ്പഴം ഓർക്കുന്നു അയ്യോ—ആ പൊന്നുംകൊടംപോലത്തെ തിരുമേനി മാപ്പിളമാരു പിടിച്ചുതള്ളി കൊണ്ടുപോണതുകണ്ടു് മാറത്തിട്ടു തല്ലിത്തല്ലിയാ എന്റെ മോളെ എന്റെ നെഞ്ചിങ്ങനെയായതു്.

മ—അപ്പഴേ അമ്മേ- അമ്മാത്തല് ഇപ്പോഴൊ ഉണ്ടെങ്കിൽപിന്നെ ബലിഇടാമോ.

അ—നിനക്കെന്തോന്നറിയാം. പടിം അടച്ചു പിണ്ഡോംവച്ചു അന്നേ ചത്തപോലെ പെലേംകൊണ്ടില്യോ. ഇപ്പഴൊണ്ടോ എന്തോ. വല്ലപൊഴേലും ചാടിചത്തോ, വല്ലോരും തല്ലിക്കൊന്നോ ഈശ്വരാ! പത്തുജന്മം പട്ടിയായി ജനിച്ചാലും ഈ നമ്പൂരാരുടെ എടേല് പെണ്ണായി പെറക്കല്ലേ പഹവാനേ. (പാത്തുമ്മയെക്കണ്ടു് തിരിഞ്ഞു്) നീയെന്തിനാ മാപ്പിളപെണ്ണേ ഇവിടെ കാത്തുനില്ക്കുന്നതു് ഈ കഥകൾകേട്ടു് വിറച്ചുനിന്ന അവൾ ഒരുവിധം പറഞ്ഞു. തിരുമനസ്സിലെ ഒന്നു മുഖംകാണിക്കാനാ.

അ—നിനക്കെന്താപെണ്ണേ ഭ്രാന്തൊണ്ടോ? തിരുമനസ്സീന്നു നിന്നേകാണാനെഴുന്നള്ളുവാ. കാര്യംവല്ലതുമാണെങ്കിൽ കാര്യസ്ഥൻ ആ രാമൻനായരോടുപറ.

പാത്തു—നേരിട്ടുതന്നെ ഉണർത്തിക്കാനുള്ളതാന്നു.

അ—അതിനു കാഴ്ചയൊന്നുംകൂടാതെവെറും കയ്യോടെ വന്നാമതിയോ. രണ്ടായാലും ഇന്നു നിന്നാൽ പററില്ല. തിരുമനസ്സിലെ അമ്മേടെ ചാത്താ. നായന്മാർക്കുതന്നെ കാണാൻ പററല്ല

പാ—പിന്നെ എന്നു സാധിക്കും.

അ—അതു കാര്യസ്ഥനോടു ചോദിച്ചേക്കു. കൊറെ കാച്ചിലോ ചേനയോ ഒക്കെ കൊണ്ടെക്കൊടുത്തു നാളെ അയാളോടുചോദിയ്ക്കു്.

നടന്നുപോകുമ്പോൾ വൃദ്ധ മകളോടു പറഞ്ഞു. ആ മാപ്പിളപ്പെണ്ണിനു് അമ്മാത്തലിന്റെ എന്തൊരു മുഖച്ഛായ. അതാ ഞാനവളോടു അത്രയും പറഞ്ഞതുതന്നെ.

പാത്തുമ്മ തിരിച്ചെത്തിയപ്പോൾ തള്ള

അക്ഷമയായി കിടക്കയായിരുന്നു. എന്തുപറഞ്ഞുമോളെ.

പാ — അതോ കാണാൻതന്നെ ഒത്തില്ല ഉമ്മേ! അവിടെ അമ്മേടെ ചാത്താണു പോലും.

അമ്മേടെ ചാത്തോ നാരായണ! അള്ളാ എന്നുതിരുത്തി വൃദ്ധ തിരിഞ്ഞുകിടന്നു ഈ ഉണക്കക്കൊള്ളിയെ ദഹിപ്പിക്കുന്ന ഉഗ്രവികാരവഹ്നി എന്താണോ?

അങ്ങുമിങ്ങുംനിന്നു അഞ്ചാറുമൂട്ട കാച്ചിലും കിളച്ച് അടുത്തുനിന്ന ഒരു കുലയുംവെട്ടി പിറേറന്നു രാവിലെ പാത്തുമ്മ കാര്യസ്ഥൻെറ മുററത്തു ഹാജരായി. മനയ്ക്കൽനിന്നു വരുമ്പോഴും മുററത്തിരിക്കുന്ന വിഭവങ്ങളും സൂക്ഷിച്ചുനോക്കി അല്പമൊരുസന്തോഷത്തോടെ - എന്തെടീ വന്നതു? നീ വല്ല പാട്ടക്കാരിയുമാണോ എന്നു അയാൾ കനിഞ്ഞു

പാ – അല്ല. കണ്ടു് ഒരുകാര്യം ഉണർത്തിക്കാൻ വന്നു.

കാര്യ — എന്താന്നുവച്ചാൽ പറഞ്ഞോ.

സംശയിച്ചു സംശയിച്ചു പാത്തുമ്മ പറഞ്ഞു. പറഞ്ഞാൽ സിധിക്കോ എന്തോ. ഒന്നു തെളിഞ്ഞുകൊണ്ടു കാര്യസ്ഥൻ പറഞ്ഞു. മനക്കലെ കാര്യമെന്തും എന്നോടു പറഞ്ഞാൽ സാധിച്ചുതന്നെ. പക്ഷേ ഞാൻ തെളിയണം.

പാത്തുമ്മ - (പതുക്കെ)മനക്കലെ വല്യതിരുമേനി കപ്പാടത്തിൽ ഒന്നെഴുന്നെള്ളാൻ തരാക്കിയാൽ വേണ്ടില്ലാന്നു. തള്ളക്കിഴവിക്കു കണ്ടിട്ടു ചത്താൽ കൊള്ളാമെന്നു ഒരാഗ്രഹം.

കാര്യ – (കൈഞൊളക്കി കുടഞ്ഞുകൊണ്ടു്) ശിക്ഷ.. അതിനായി തിരുമേനി നിൻെറ കുടിലിൽ എഴുന്നള്ളണം അല്ലേ. എത്ര കുടിയാന്മാരുണ്ടു്: അവരൊക്കെ ഇങ്ങനെയുടങ്ങിയാൽ അവിടുന്നു കുഴങ്ങുമല്ലൊ.

പാത്തുമ്മ കരഞ്ഞുതുടങ്ങി. ഇങ്ങനെ പറയരുതു്. യജമാനൻ വിചാരിച്ചാൽ നടക്കും; എനിക്കു നിശ്ചയാണ്ടു്. കെഴവീടെ ഒടുവിലത്തെ ആശയല്ലേ. സാധിച്ചാൽ പുണ്യോണ്ടു്.

കാര്യസ്ഥൻ മുഷിഞ്ഞു എടീ! കരയാതെ കാര്യംപറയുന്നതു കേൾക്കു്. തിരുമേനി മാപ്ലകുടീലുംമററുംതൃക്കാലു വയ്ക്കില്ല. കാര്യമെന്താന്നു പറഞ്ഞാൽ സാധിക്കാം. അതിനു ഞാൻമതി.

പാത്തുമ്മയ്ക്കു ഒരു യുക്തിതോന്നി എൻെറ യജമാനനെ ഗുണമുണ്ടു്. ആ കരിപ്പാടം ഏററിരിക്കണ മമ്മതു് ഞങ്ങടെ പറമ്പെല്ലാം വെട്ടി ദ്രോഹിക്ക്യാ. തിരുനെഴുന്നള്ളി തൃക്കൺപാർത്താൽ എല്ലാം അറിയാം. തള്ളക്കെഴവീടെ ആശേം സാധിക്കും. എല്ലാം യജമാനനെ തുണയുള്ള. ഞാൻ നാളെ മൂന്നാലുചേനേം കാച്ചിലുമൊക്കെയായി വരാം.

കാര്യസ്ഥൻ ആലോചിച്ചു. മമ്മതു മഹാതെമ്മാടിയാണു്. തന്നേ വകവയ്ക്കില്ല. പോരെങ്കിൽ ആ പാച്ചുനായർ പാട്ടമേൽക്കാനായി തനിക്കു കൈക്കൂലിയുംതന്നു കാത്തിരിക്കയാണു്. കൈ ഒന്നുകൊണ്ടു സാധിക്കാം. ഈ മാപ്പിളപ്പെണ്ണിൻെറകാര്യം സാധിച്ചതുമായി. ഇതു നല്ല യുക്തിതന്നെ.

ആട്ടെ ഏതായാലും നീ നാളെഉച്ചയ്ക്കു മനയ്ക്കൽ വാ. തിരുമേനിക്കു വല്ല കാഴ്ചയും വേണം. പാടംനോക്കാനാണെന്നേ പറയാവൂ. അല്ലാതെ തള്ളയ്ക്കു കാണാനാണെന്നു പറഞ്ഞാൽ കാര്യമൊക്കെ കുന്താവും. തിരുമുമ്പിൽ കുറെ കരയുകയോ മററൊ ചെയ്താൽ ഉടൻ എഴുന്നെള്ളാതിരിക്കയില്ല. നിശ്ചയം.

പാത്തുമ്മ സന്തുഷ്ടയായി തിരിച്ചു. പിറേറന്നു ഉച്ചവരെയെങ്കിലും തള്ള മരിക്കാതിരിക്കണമെ എന്നായിരുന്നു അള്ളാവോടുള്ള അവളുടെ അന്ത്യപ്രാർത്ഥന

## II

വെളുപ്പിനെ കുളിച്ചു തേവാരാനന്തരം പത്തുമണിയോടുകൂടി ചതുർവിധമായ ഭക്ഷണവുംകഴിഞ്ഞു പുറത്തേക്കിറങ്ങിയ വൈശ്രവണനു വലിയ നമ്പൂതിരിപ്പാടും ആശ്രിതന്മാരുംകൂടി പൂമുഖത്തു വന്നുചേർന്നു.

“ഇന്നലത്തെ അടപ്രഥമനേക്കാൾ പൂന്നത്തെ പാൽപായസം ശ്ശി നന്നായി. ഇല്ല്യേ കരീപ്രം. അതിൻെറ സ്വാദു വിവരിക്കവയ്യ- അസാരം കൂട്ടതലുണ്ടില്ലേന്നൊരു ശങ്ക.” കാര്യംകേൾപ്പിക്കാൻ കുടലാസു കെട്ടുമായി കാത്തുനിൽക്കുന്ന കാര്യസ്ഥനെ തിരിഞ്ഞുനോക്കാതെ അദ്ദേഹം തൻെറ വലിയ വയറിൻെറ ഭാരം ആ കസേരയിൽ നിക്ഷേപിച്ചു. തോളിൽകിടന്ന തോർത്തുമുണ്ടു മടക്കി താഴെയിട്ടിരുന്ന കരീപ്രം തലകുലുക്കി. ‘ഉവ്വ് ഉവ്വ്'. പാൽപായസം കണക്കിനു നന്നായി- പ്രഥമൻ ഇതിനടുത്തു വരില്ല’ എന്നു സേവമൂളി

നമ്പൂതിരിപ്പാടു— അല്ലൊന്നുകിടക്കട്ടെ. കരു തയാറുണ്ടല്ലൊ നിരത്തിക്കോളു കരീപ്രം.

കളിക്കുള്ള ആരംഭമാണെന്നുകണ്ടു അക്ഷമനായ കാര്യസ്ഥൻ ഒന്നുരണ്ടുചുമ പ്രയാസപ്പെട്ടു തട്ടിവിട്ടു. നമ്പൂതിരിപ്പാടു തിരിഞ്ഞു നോക്കി. ആ രാമൻ ശ്ശേര്യായി കാത്തുനിൽക്കണു അല്ലേ. ഒപ്പിടാനുള്ളതൊക്കെ ഇങ്ങോട്ടു കാണട്ടെ- അതിങ്ങു വാങ്ങിച്ചേക്കു കരീപ്രം.

കുടലാസു താഴെവച്ചു വായ് കൈയും പൊത്തി കാര്യസ്ഥൻ ഒതുങ്ങിനിന്നു. ഒട്ടുവായിച്ചും ഒട്ടുവായിക്കാതെയും ഒപ്പിട്ടുകൊടുത്തു സൊല്ല തീർന്നമാതിരി ഒക്കെ തീർന്നോ ഇന്നത്തെ ജോലി എന്നു ചോദിച്ചു. കാര്യസ്ഥൻ കനിഞ്ഞു തൊഴുതു് ഒപ്പിടാനുള്ളതൊക്കെ ഒരുവിധായി. ഇനി വേറെ ചില കാര്യങ്ങൾ വിടോള്ളാനുണ്ടു് നമ്മുടെ കരിപ്പാടം ഏററിരിക്കണ മമ്മതു അടുത്തു കിടക്കണ കുടികളെയെല്ലാം ദ്രോഹിക്ക്യാ. ആ പാച്ചുനായർ നൂറുപറനെല്ലു കൂട്ടിതരാന്നു വെടോള്ളുന്നുണ്ടു്.

നമ്പൂതി—ച്ഛെ, ച്ഛെ, അതുവെടിപ്പല്ല. അവൻ പഴേ പാട്ടക്കാരനല്ലേ. പോരെങ്കിൽ ഓണം, വിഷു, തിരുമുൽക്കാഴ്ച, ഒന്നും മുട്ടിക്കാറും ഇല്ല

കാര്യ—ആ പാടോക്കെ ഒന്നു എഴുന്നള്ളി തൃക്കൺപാർത്താൽ അവസ്ഥകൾക്കു ഗതിയാന്നു. ഇപ്പോഴുംതന്നെ ഒരു മാപ്പിളപ്പെണ്ണു് സങ്കടംഉണർത്തിക്കാനായി പുറത്തു കാത്തുനിൽക്കുന്നുണ്ടു്.

നമ്പൂതിരി—എന്താന്നുവച്ചാൽ അതൊക്കെ രാമൻതന്നെ പറഞ്ഞൊതുക്കിക്കോളൂ. എനിക്കിതൊന്നും കഴിയില്ലാന്നതല്ലെ കാര്യസ്ഥനെ വെച്ചിരിക്കുന്നതു്. കരുനിരത്തു കരീപ്രം—കാര്യസ്ഥൻ സ്വരത്തിൽ ഒന്നുകൂടി പറഞ്ഞു എന്താ തിരുമുൽക്കാഴ്ചയും കൊണ്ടാ അവൾ വന്നിരിക്കണതെന്നു തോന്നുന്നു:

നമ്പൂതിരിപ്പാടു എണീററു. എന്താ കാഴ്ച കരീപ്രം നക്കു ഇല്ലത്തിൻെറ ഗംഭീരമായ കന്മതിലിനുപുറത്തു പാത്തുമ്മ കാത്തുനിൽപ്പുണ്ടായിരുന്നു. രണ്ടു പഴുത്ത പൂവൻകുല ഒരു തുറന്ന നിലയിൽവച്ചു അവൾ നമ്പൂതിരിപ്പാടിനെ താണുതൊഴുതു. അദ്ദേഹം പ്രസന്നനായി. എന്താ മാപ്പിളപ്പെണ്ണേ! നിനക്കെന്താ സങ്കടം. നെഞ്ചത്തടിച്ചു നിലവിളിച്ചു് അവൾ പറഞ്ഞു. അടിയങ്ങടെ കപ്പാടൊക്കെ വെട്ടി കണ്ടമാക്കികളഞ്ഞു ഇനി കുടിയുംപൊളിച്ചുകളയുംപോലും.

നമ്പൂ – ആരാ അങ്ങിനെ ചെയ്തതു്.

പാ — ആ പാട്ടക്കാരൻ മമ്മതു് അവിടുന്നു വന്നു അതൊന്നു തൃക്കൺപാർത്തു അവനേ ഒഴിച്ചില്ലെങ്കിൽ അടിയങ്ങൾക്കു രക്ഷയില്ല.

നമ്പൂ — ആട്ടെ ഞാൻ നാളെവന്നു നോക്കാം നീ പൊയ്ക്കോ.

നമ്പൂതിരിപ്പാടു തിരിഞ്ഞു നടക്കുമ്പോൾ കരീപ്രത്തോടു പറഞ്ഞു: കേട്ടോ കരീപ്രം, സ്വത്തില്ലാതിരുന്നാൽ കൊള്ളാമെന്നു ഞാൻ ചിലപ്പോഴൊക്കെ നിരൂപിക്കാറുണ്ടു്. എന്തെല്ലാം ഗ്രഹപ്പിഴയാ അതുണ്ടായാല്.

## III

നമ്പൂതിരിപ്പാടും കരീപ്രവുമായി പിറേറന്നുവൈകിട്ടു കരിപ്പാടംനോക്കുവാൻ പുറപ്പെട്ടു പുറകെ കാര്യസ്ഥനും ഉണ്ടു്. തൻെറ വെളുത്തുതടിച്ച ദേഹം വലിച്ചുകൊണ്ടുനടന്നു നമ്പൂതിരിപ്പാടു വിയർത്തൊലിച്ചുപോയി. എങ്കിലും വിളഞ്ഞുകിടക്കുന്ന വയലിൻെറ ഗുണപ്രകർഷം കണ്ടു അത്ഭുതമാനത്താൽ അതൊക്കെ വിസ്മരിച്ചുപോയി. കണ്ടോ കരീപ്രം- ഇല്ലത്തെ ഒന്നാംതരം പാട്ടമാണിതു്. രത്നം വിളയും. (കാര്യസ്ഥൻെറനേരേ തിരിഞ്ഞു) എന്നിട്ടും കൂടോണ്ടെന്നു ഇവൻ പറയുമ്പോഴാ എനിക്കു ദേഷ്യം വരിക.

കാര്യ — കല്പിച്ചു ചിലവുംകൂടി കണക്കാക്കിനോക്കണം. ഇല്ലത്തെ നിത്യനിദാനത്തിനുതന്നെ മാസം രണ്ടായിരപ്പറ നെല്ലു തിരിൽ കഴിയുമോ. പിന്നെ വാരം, പൂരം, പുന്നാരം ഒക്കെയില്ലെ.

നമ്പൂ— എന്നാലും രണ്ടുലക്ഷം പാട്ടം കിട്ടുന്നാ അച്ഛൻ പറഞ്ഞുകേട്ടിരിക്കണതേ

സമീപസ്ഥമായ ചെറുകുടിലിൽനിന്നും ഒരു ദീനരോദനംപുറപ്പെട്ടു. പൊന്നുതമ്പുരാനേ ഓടിവരണേ. വേറെ ഉടയവരില്ലേ. നമ്പൂതിരിപ്പാടു വല്ലാതായി. സങ്കടസ്വരം കേട്ടാൽ അങ്ങോട്ടു ഉരുകിച്ചേരുന്നതായിരുന്നു ആ ആർദ്രമനസ്സ്. തിരുമുൻപിൽ കണ്ണീർകാണിച്ചാൽ ആർക്കും എന്തും സാധിക്കാം. എന്താ രാമാ അതു്- ആരാ കരയുകയല്ലേ?

കാര്യ – അതേ. ഇന്നലത്തെ മാപ്പളച്ചിടേ കപ്പാടമാണതു്. അവടാണെന്നു തോന്നുന്നു

തമ്പുരാനെ പടച്ചോനെവിചാരിച്ചു ഇ

ങ്ങോട്ടൊന്നുവരണേ. ഒട്ടും താമസിക്കല്ലേ എന്നു ആ നിലവിളി പിന്നെയും മുഴങ്ങി.

രാമൻപോയി എന്താണെന്നറിഞ്ഞുവരു. അല്ലെങ്കിൽ വേണ്ട ഞാനും വരാം. ഏതായാൽ കുളിച്ചാൽ മതിയല്ലോ. മാപ്ല കുടിൽ കയറിയാൽ പുണ്യാഹംതന്നെ വേണ്ടിവരും എന്നു കരിപ്രം പിറുപിറുക്കുന്നതിനിടയ്ക്കു നമ്പൂതിരിപ്പാട്ട നടന്നുകഴിഞ്ഞു. ആഢ്യത്തവും അലിവും ചേന്ന ആ അന്തരംഗത്തിൽ അലിവിനായിരുന്നു അധികം സ്ഥാനം.

ആ ചെററക്കുടിലിന്റെ ചെറിയ തിണ്ണയിൽ ഒരു കീറപ്പായിൽ സൂക്ഷിച്ചുനോക്കിയാൽ മനുഷ്യശരീരമെന്നുതോന്നുന്ന എന്തോ ഒന്നു കിടന്നിരുന്നു വേർവിടാനുഴറുന്ന ദേഹി ആ വരണ്ട മേനിയോട്ട പോരാട്ടുന്നെങ്കിലും നമ്പൂരിപ്പാടിനെകണ്ടപ്പോൾ നവമായ ഒരു കാന്തിപ്രസരം അവിടെ ഉണ്ടായി. വൃദ്ധ ഉണങ്ങിയ കൈകൾ നീട്ടി അദ്ദേഹത്തെ വിളിച്ചു. എന്നാൽ ഒച്ച പൊന്തിയില്ല. "ഇങ്ങനെ കാണേണ്ടിവന്നു, വിധി-വിധി."

നമ്പൂതിരിപ്പാട്ട നിശ്ചേഷ്ടനായി നിന്നു അദ്ദേഹത്തിനു കാര്യം ഒന്നും മനസ്സിലായില്ല മരണത്തിന്റെ തീഷ്ണപ്രപാതമേററു ഉണങ്ങിവരണ്ട കണ്ണുകളിൽ ഒരുതുള്ളി ബാഷ്പം തിളങ്ങിച്ചുകൊണ്ടു വൃദ്ധ പറഞ്ഞു- എത്രനാളായി ഞാൻ കാണാൻ കൊതിക്കുന്നു. ഇവിടെവരു ഉണ്ണി, എന്നെ ഒന്നു തൊട്ടാൽ മതി പത്തുവയസ്സിൽ തൊട്ടതല്ലേ.

നമ്പൂതിരിപ്പാടിനു പെട്ടെന്നു ആളും പൊരുളും തിരിഞ്ഞു. അവിടെ നിൽക്കയോ ഓടിക്കളകയോ എന്താണു വേണ്ടതെന്നു അദ്ദേഹത്തിനു നിശ്ചയമില്ലാതായി. ചെയ്യാത്തകുററത്തിനാണു മോഹന ഞാനിപ്പെടാപ്പാട്ടപെടുന്നതു്. അടുത്തുവരു. എന്നെ ഒന്നു തൊട്ട.

നമ്പൂതിരിപ്പാട്ട ആദ്യന്തമില്ലാതെ പലതുമാലോചിച്ചു. ആരുടെ തെററുകൊണ്ടായാലും കൈകൊട്ട പുറത്തുകളഞ്ഞു ഒരു 'ബൈരുദ്ധ'ന്റെ കൂടെ ഇത്രനാൾ പാത്തു രണ്ടു കുട്ടികളുമുണ്ടായ സ്ത്രീയെ തൊടുകയോ. മഹാപാപം. മതംമാറിയ നമ്പൂതിരിസ്ത്രീ ചണ്ഡാലത്തിക്കുതുല്യം. കണ്ടതുതന്നെ മഹാപാപം. ഒന്നുംമിണ്ടാതെ അദ്ദേഹം തിരിഞ്ഞു കുറെ ദൂര ഓടി. എന്നാൽ പെട്ടന്നൊരു ഹൃദയപ്രചോദനമുണ്ടായി വീണ്ടും നിന്നു. ഏതായാലും കണ്ടില്ലെ. അതിന്റെ പ്രായശ്ചിത്തം ഒരു പുണ്യാഹംകിലും വേണ്ടിവരും. അതൊക്കെ നമുക്കു വേണ്ടപോലെ ചെയ്യാം. കേട്ടോ കരിപ്രം. ഏതായാലും അമ്മയല്ലേ. അവസാനമിത്ര വെള്ളമെങ്കിലും കൊടുത്തോട്ടെ. അതെന്റേറം വിധിയായിരിക്കും. രണ്ടു തുളസിയില കൊണ്ടുവരു രാമാ.

നാമം ജപിച്ചുകൊണ്ടു നമ്പൂതിരിപ്പാട്ട തിരിച്ചുവന്നു. തുളസിയില വെള്ളത്തിലിട്ട സഹസ്രനാമാദിമഹാമന്ത്രങ്ങൾ ജപിച്ചു കുറേശ്ശെകുറേശ്ശെയായി വായിലൊഴിച്ചുകൊടുത്തു. ആ മാപ്പിളവീട്ടിലെ അന്തരീക്ഷം നാരായണനാമത്താൽ മുഖരിതമായി. അതിൽ ലയിച്ച വൃദ്ധ അല്പംകഴിഞ്ഞു കണ്ണുതുറന്നപ്പോൾ അകന്നുനിന്നു കരയുന്ന പാത്തുമ്മയേയും അമ്പരന്നുനിന്ന ചെറുക്കനേയും കണ്ടു. നമ്പൂതിരിപ്പാട്ടിലെ മുഖത്തുനോക്കി പറഞ്ഞു. ഇവർക്കാരുമില്ലെ ഉണ്ണീ-അവൻ വല്ല ചുമടുമെടുത്തെങ്കിലും പിഴച്ചുകൊള്ളും.

മരണസമയത്തുപോലും മായയുടെ മഹാശക്തിയോത്തു വിസ്മിതനായ അദ്ദേഹം പറഞ്ഞു. "സമാധാനമായിക്കിടക്കൂ എല്ലാക്കും ഈശ്വരൻ ഉണ്ടു്."

വൃദ്ധ — ഇല്ല. എനിക്കുമാത്രംഇല്ല അല്ലെങ്കിൽ ഇല്ലത്തെ നാലുകെട്ടിലല്ലേ ഇങ്ങനെകിടക്കേണ്ടിയിരുന്നതു്.

നമ്പൂ — ഏതായാലും എന്റെ മടിയിലല്ലേ. വിധിബലം നോക്കു.

വൃദ്ധ വീണ്ടുമൊന്നും പറഞ്ഞില്ല. അവരുടെ ശ്വാസം നേത്തുവന്നു. അവിചാരിതമായ ഭാഗ്യോദയത്തിൽ അവരുടെ ആത്മാവു് അന്തരിക്ഷത്തിലേക്കുയന്നു, നമ്പൂതിരിപ്പാട്ട തീത്ഥം വായിലേക്കൊഴിച്ചുകൊടുത്തു. 'അള്ളാ, അല്ല, നാരായണാ!' നിത്യദുഃഖനിപീഡിതമായ ആ ദേഹി സത്യസ്വരൂപനിൽ ലയിച്ചു. അതെ അങ്ങനെയായിരുന്നു നാമമാഹാത്മ്യത്തിലാണ്ട നമ്പൂതിരിപ്പാടിന്റെ വിശ്വാസം.

താൻ ചെയ്തുപോയതെല്ലാം തെററാണെന്നാധാരണയോടെ ആഢ്യൻനമ്പൂതിരിപ്പാട്ട എണീററു് ചുളിഞ്ഞദൃഷ്ടിയോടെ നില്ക്കുന്ന കരിപ്രത്തോട്ട പറഞ്ഞു: കേട്ടോ കരിപ്രം, ഇതാരോടും പറയണ്ടാ.

എന്തോ എനിക്കങ്ങനെ തോന്നിപ്പോയി. എന്തായാലും പെററമ്മയല്ലേ. പ്രായശ്ചിത്തം എന്താ വേണ്ടതെന്നുവെച്ചാൽ നിശ്ചയിച്ചോളു. (കാര്യസ്ഥനോട്ട) പിന്നെ ഇവക്കുവേണ്ടതെല്ലാം കൊടുക്കണം, കേട്ടോ രാമാ.

*   *   *   *

നമ്പൂതിരിപ്പാട്ടിലേക്കു പ്രായശ്ചിത്തത്തിനു നല്ലൊരുതുക ചിലവായി. കരിപ്രം പ്രസന്നനായെങ്കിലും കരിപ്പാടം ആയിരപ്പറയങ്ങുപോയി അമ്മേക്കണ്ടതിനു പ്രായശ്ചിത്തം! ദൈവമേ! ഓരോ സമുദായത്തിന്റെ ആചാരവിശേഷം! വിട്ടിനോട്ടചേന്ന പത്തുപറക്കണ്ടം പാത്തുമ്മക്കു കൊടുത്തതിൽമാത്രമേ നമുക്കു അദ്ദേഹത്തിനെ അഭിനന്ദിക്കാനുള്ളു.

[ഈ കഥയ്ക്കും തുടർച്ച എഴുതുവാൻ വല്ല സഹോദരികളും സന്നദ്ധരായുണ്ടെങ്കിൽ അവർ പാത്തുമ്മയേയും ഒരു നമ്പൂതിരിയുവാവിനെക്കൊണ്ടു വിവാഹം കഴിപ്പിച്ചു് ന്യായപ്രകാരം ഇല്ലത്തുകുടിവെപ്പിച്ചിരുന്നെങ്കിൽ എനിക്കു അതിരററ കൃതജ്ഞതയുണ്ടായിരുന്നു. മാറേററിയ സ്വത്വവും പരിതഃസ്ഥിതികളുടെ പ്രാതികൂല്യത്താൽ പങ്കത്തിലാണ്ടുപോകുമെന്നു ഇപ്പോൾ വെളിവായല്ലൊ. കലാഹൃദയം അതിന്റെ നിയമങ്ങളെ മാനിക്കയല്ലാതെ വ്യക്തികളുടെ ഹിതാഹിതങ്ങളെ പ്രീണിപ്പിക്കുവാൻ വിഷമിക്കുന്നില്ലെന്നും അനുസ്മരിപ്പിക്കട്ടെ.]


# സൂക്ഷിപ്പിൻ!

# തട്ടിപ്പിൽ

# അകപ്പെടാതെ!

# '501'

എന്നു തെറ്റിദ്ധരിക്കാ

നിടയുള്ള പല സോപ്പുകളും

കാണാനുണ്ട്.




ദി ടാററാ ഓയിൽ മിൽ

കമ്പനി (Ltd.)

ടോംകോ സെയിൽസ് ഡിപ്പാർട്ടുമെന്റ്

19 എ. വാണിയർസ്ട്രീററ്;

ജി. ടി. മദ്രാസ്.

# ബർമ്മായിലെ വനിതകൾ.

(ചിറയിൻകീഴ് പി. വാസുദേവൻപിള്ള.)

ആധുനികലോകം വനിതകളുടെ ഉൽഗതിയെ സംബന്ധിച്ചുള്ള അന്വേഷണങ്ങളിൽ വ്യാപൃതമായിരിക്കയാണല്ലൊ. അവരുടെ അഭിവൃദ്ധി സമുദായങ്ങളുടെ ഉന്നമനത്തെ ഏതുവിധം പര്യാപ്തമാക്കുമെന്നു സമുദായാഭിമാനികൾ ഗാഢമായി പര്യാലോചിക്കുന്നു. എന്നാൽ ബർമ്മ അതിന്റെ സാമുദായികാചാരങ്ങളിൽ വിസ്മയനീയമായ മാററങ്ങൾ വരുത്തി അഭിവൃദ്ധ്യുന്മുഖമായി തീർന്നിട്ടു കാലം വളരെയായി- ബർമ്മയിലെ വനിതകളും പുരുഷന്മാരും തമ്മിലുള്ള അടുത്ത സഹകാർ സഹകരണങ്ങളാലും അഭിയുക്തമായ ബന്ധത്താലും ബലമായ സാമുദായികഅടിസ്ഥാനം ഉറപ്പിക്കയും ആ ഉറപ്പിന്റെ ശാശ്വതത്വം അവരുടെ നിലയെ ആകർഷകമാക്കുകയും ചെയ്തിരിക്കുന്നു. ബർമ്മായിലെ വനിതകളുടെ വദനങ്ങൾക്കു പരിശുദ്ധതയും ഈശ്വരദത്തമായ ആകർഷകതയും കാന്തിയുമാണുള്ളതു്. നേരമറിച്ചു ഇൻഡ്യൻ വനിതാവദനം ഭീരുത്വവും ലജ്ജയും ഹേതുവാൽ നമ്രമായി കാണപ്പെടുന്നു. ബർമ്മായിലെ വനിതകൾ പാശ്ചാത്യവനിതകളെപ്പോലെ സ്വാതന്ത്ര്യകളും ഏതു കാര്യത്തിനും പ്രാണിയുള്ളവരുമായിട്ടാണു പരിശോഭിക്കുന്നതു്. ഏതു പുരുഷന്റേയും തല കുനിപ്പിക്കുവാനുള്ള തന്റേടവും വശ്യവാക്കും അവർക്കു സഹജസാധാരണമായി തീർന്നിരിക്കുന്നു. അവരെ ബഹുമാനിച്ചാദരിക്ക എന്നുള്ളതു ഓരോ ബർമ്മാക്കാരന്റേയും കടമയാണെന്നാണു അവരുടെ വെയ്പ്. പുരുഷന്മാരുടെ ഏതാദൃശമായ ഭാവന ഹേതുവാൽ വനിതാലോകത്തിന്റെ മാഹാത്മ്യം അഭിവൃദ്ധികരമായി വരുന്നതിൽ അതിശയിപ്പാനില്ല. ഒരു കുടുംബത്തിലെ പ്രായമുള്ള ഒരു വനിത ആ കുടുംബത്തിലെ കാലയാപനാന്വേഷണത്തിൽ ചുമതലക്കാരിയായിട്ടാണു കാണപ്പെടുന്നതു്. ബർമ്മായിലെ തെരുവുകളിലൊ അങ്ങാടികളിലൊ പോയി നോക്കിയാൽ നിരവധി വനിതകൾ വ്യാപൃതമായി ഓരോ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതായി കാണാം. ശുഭ്രവും ആകർഷണീയങ്ങളുമായ വസ്ത്രങ്ങൾ ധരിച്ചു തെരുവുതോറും തങ്ങളുടെ സാമാനങ്ങൾ വിക്രയത്തിനായി വിളിച്ചുകൊണ്ടു നടക്കുന്നതു ബർമ്മായിലെ യുവതികളുടെ ജോലിയും വിക്രയസാമാനങ്ങൾ സജ്ജമാക്കിയിട്ടുള്ള ഷാപ്പുകളിൽ ഇരുന്നു കച്ചവടം നടത്തുന്നതു ബാലികമാരുടെ ജോലിയുമായിട്ടാണു കാണപ്പെടുന്നതു്. വനിതകളോളം ക്ഷമാപരന്മാർക്കു ഉള്ളതായി കാണുന്നില്ല. കാര്യങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടു പോകുന്നതിനുള്ള ത്രാണിയും തന്ത്രവും ബർമ്മാവനിതകൾക്കാണു കൂടുതലായി കണ്ടുവരുന്നതു്. കുടുംബധനം വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളിലും ബർമ്മാവനിതകൾ അത്യുൽസുകകളായിരിക്കുന്നു. ബർമ്മയിൽ ഉണ്ടാകുന്നതായ ധാന്യങ്ങളുടേയും മററും ചില്ലറ വില്പനകൾ മുഴുവനും വനിതകളുടെ അധീനതയിലാണു്. സാധനനിർമ്മാണവിഷയത്തിലും കച്ചവടത്തിലും പുരുഷന്മാരെക്കാൾ സ്ത്രീകളാണു മുന്നിട്ടുനിൽക്കുന്നതു്. ബർമ്മായിലെ സ്ത്രീപുരുഷന്മാരുടെ ഈ വിഷയത്തിലുള്ള പ്രവൃത്തനങ്ങളുടെ കണക്കെടുത്തതിൽ ൧൦൦൦-ൽ ഒന്നുവീതം കൂടുതൽ സ്ത്രീകളാണെന്നു കാണുന്നു. കൃഷി, പട്ടുനെയ്ത്തു, മററു ഗാർഹികവ്യവസായങ്ങൾ എന്നിവകളിൽ സ്ത്രീകളാണു കൂടുതൽ ഏർപ്പെട്ടുകാണുന്നതു്. പുകവലിക്കുക എന്നുള്ളതു ബർമ്മാവനിതകൾക്കു ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു സ്വഭാവമായി തീർന്നിട്ടുണ്ടു്. ഇത്രക്കെ എല്ലാ കാര്യങ്ങളിലും മുന്നിട്ടുനിന്നു സാമർത്ഥ്യത്തോടും തന്റേടത്തോടുംകൂടി പ്രവർത്തിക്കുന്ന വനിതകൾ തങ്ങളുടെ ഭർത്താക്കന്മാരുടേയും കുഞ്ഞുങ്ങളുടേയും അടിമകളായിട്ടുതന്നെയാണു കഴിഞ്ഞുകൂടുന്നതെന്നു കേൾക്കുമ്പോൾ ആശ്ചര്യംതോന്നിയേക്കാം. ബർമ്മാവനിതകൾ സാധാരണയായി അതിരാവിലെ ഉറക്കം എഴുന്നേററു ഭവനത്തിന്റെ പടിവാതലുകളിൽകൂടി കടന്നുപോകുന്ന പീതാംബരധാരികളായ മതബോധകന്മാർക്കു നന്നായി ആഹാരം പാചിക്കുന്നു. അവർക്കു ആഹാരം പ്രദാനംചെയ്തു അവരിൽനിന്നും കുടുംബത്തിന്റെ അഭിവൃദ്ധിക്കും കുടുംബാംഗങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്കുംവേണ്ട അനുഗ്രഹം സമ്പാദിക്കുന്നു. അതിനു ശേഷംമാത്രമെ മററുകാര്യങ്ങളിൽ ശ്രദ്ധിക്കാറുള്ളു. ഓരോ വീടുകളിലും ഭദ്രദേവാലയങ്ങൾ ഉണ്ടു്. അവിടെ പുഷ്പങ്ങൾകൊണ്ടു അർച്ചിയ്ക്കുകയും മെഴുകുതിരി കൊളുത്തിവയ്ക്കുകയും പ്രാർത്ഥന നടത്തുകയും ചെയ്യുന്നു. സ്ത്രീകളുടെ തലമുടി അഴിച്ചിട്ടാൽ പാദംവരെ എത്തുന്നു. അതിനെ ചുരുട്ടി തലയുടെ മുകൾഭാഗത്തു ചീപ്പുകൊണ്ടോ പിൻകൊണ്ടോ കുത്തിപ്പിടിപ്പിച്ചു വയ്ക്കുന്നതാണു അവരുടെ ആഡംബരം. കാവേണി എന്നു പറയപ്പെടുന്നതു ഇവരുടെ മുടിയെ ഉദ്ദേശിച്ചായിരിക്കണം. ചുരുട്ടിവയ്ക്കുന്ന ഈ മുടിക്കെട്ടിന്റെ ചുററും സൌരഭ്യമുള്ള പുഷ്പങ്ങളെ കെട്ടി മാലകളാക്കി ചുററിവെയ്ക്കുന്നു. ബർമ്മായിൽ നട്ടുവളർത്തപ്പെടുന്ന ഒരുതരം ചെടിയിൽനിന്നും ലഭിക്കുന്ന പശ വനിതകളുടെ മുഖത്തു തേയ്ക്കുന്നു. ഈ പശ മുഖത്തെ മിനുസപ്പെടുത്തുകയും വെണ്മയുള്ളതാക്കുകയും ചെയ്യുന്നു. ചൂടിനെ പ്രതിരോധിക്കാൻ ഈ പശയ്ക്കു ശക്തിയുള്ളതായി പറയപ്പെടുന്നു. ചെറിയ ഒരു ജാക്കററിട്ടും മനോഹരവും വിവിധവർണ്ണങ്ങളോടുകൂടിയതുമായ ഒരു "ലുംഗി" പാദംവരെ എത്തത്തക്കവണ്ണം ഉടുത്തും നയനാനന്ദകരമായ നിറത്തോടുകൂടിയ ഒരു പട്ടുസാരി കഴുത്തിൽകൂടി ഇട്ടു് രണ്ടുഭുജങ്ങളിൽകൂടി തൂങ്ങിക്കിടക്കത്തക്കവണ്ണം ധരിച്ചുമാണു് സ്ത്രീകൾ സഞ്ചരിക്കുന്നതു്. പൌരസ്ത്യവനിതകൾക്കു നൈസർഗ്ഗികമായുള്ള ആഭരണഭ്രമം ഇവരിലും കടന്നുകൂടാതിരുന്നിട്ടില്ല. ഓരോ വനിതയുടേയും കരങ്ങളിൽ അനേകംതരത്തിലുള്ള വളകൾ ജോടികളായി അണിഞ്ഞിരിക്കുന്നതു കാണാം. കാതിൽ കമ്മലും കഴുത്തിൽ കണ്ഠാഭരണങ്ങളും അണിഞ്ഞിട്ടില്ലാത്ത വനിതകളെ കാണ്മാൻ പ്രയാസംതന്നെ. ചുരുക്കിപ്പറഞ്ഞാൽ ബർമ്മായിലെ വനിതകളുടെ ആകാരാഡംബരാദി സുഷമകൾ ദർശനീയങ്ങളത്രെ. സാമുദായികസമ്പ്രദായപ്രകാരം ബർമ്മാവനിതകൾക്കു സ്വാതന്ത്ര്യമായ സ്ഥാവരസ്വത്തവകാശത്തിനു അനുവാദമുണ്ടു്. വിവാഹാനന്തരം സ്ത്രീകൾക്കുള്ള സ്വത്തുക്കൾ മുഴുവനും ഭർത്താക്കന്മാരുടെ അധീനതയിലേക്കായി ചിടുന്നു. ആ വസ്തുക്കളുടെ വിക്രയാവകാശം സ്വാതന്ത്ര്യമായി ഭാര്യമാരിൽ ലയിച്ചിരിക്കുന്നു. ഭാര്യാഭർത്താക്കന്മാർ വല്ല കാരണവശാലും പിന്നീടു വിവാഹബന്ധം വിട്ടുത്തപ്പെടണമെന്നു തോന്നുന്നതായാൽ ഭാര്യയുടെ വസ്തുക്കൾ ഭാര്യയ്ക്കു വിട്ടുകൊടുക്കയും അവർ ഏകോപിച്ചു സമ്പാദിച്ചിട്ടുള്ള സ്വത്തുക്കൾ തുല്യഭാഗങ്ങളായി വീതിച്ചു എടുത്തുകൊള്ളുകയും ചെയ്യുന്നു. പൌരസ്ത്യവനിതകൾക്കു അവരുടെ ഭർത്താക്കന്മാരെ തിരഞ്ഞെടുക്കാൻ അധികാരമില്ലാതിരുന്നകാലത്തുപോലും ബർമ്മയിലെ സ്ത്രീകൾക്കു ആ വിഷയത്തിൽ സർവ്വസ്വാതന്ത്ര്യമുണ്ടായിരുന്നു. വിവാഹം പരിശുദ്ധവും ഈശ്വരാനുഗ്രഹപൂർവ്വവും ആയ ഒരു സൽക്കർമ്മമായി പൌരസ്ത്യർ ഗണിക്കുന്നു. എന്നാൽ അതു് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഒരു കരാർ മാത്രമാണെന്നും അതിനെ അവരവർക്കു് ഇഷ്ടംപോലെ ഭേദപ്പെടുത്താമെന്നും ആണു് ബർമ്മാക്കാരുടെ അഭിപ്രായം. ലോകത്തിലുള്ള എല്ലാ സമുദായാംഗങ്ങളുടേയും ഇടയിൽ വിവാഹബന്ധമോചനം തീരുമാനിക്കപ്പെടേണ്ടതായ ഒരു പ്രശ്നമായിത്തന്നെ തീർന്നിരിക്കുന്നു. അത്യാവശ്യസന്ദർഭങ്ങളിൽ ഓരോ വ്യക്തിയുടേയും സമുദായത്തിന്റേയും ഗുണത്തിനു വിവാഹബന്ധമോചനം ഒരു ആയുധമായി കരുതുന്ന ആധുനാതനന്മാർ അനേകം നൂററാണ്ടുകൾക്കു മുൻപുമുതൽ ഈ ഏർപ്പാടു ബർമ്മക്കാർ അനുകരിച്ചുവന്നിരുന്നു എന്നുള്ള പരമാർത്ഥം അറിഞ്ഞിരിക്കേണ്ടതാണു. ബുദ്ധിഭ്രമം, ദുഃപ്രതിരോധ്യമായ ദുശ്ശീലങ്ങൾ, ദീർഘകാലമായുള്ള അസാന്നിദ്ധ്യം എന്നിത്യാദികാരണങ്ങൾ വിവാഹബന്ധമോചനത്തിനു പര്യാപ്തങ്ങളാണെന്നാണു് അവരുടെ സാമാന്യമായ നിശ്ചയം. ദമ്പതിമാരുടെ ഈവിധമുള്ള വിവാഹമോചനത്തോടുകൂടി അവരുടെ വസ്തുവകകളേയും കുഞ്ഞുങ്ങളേയും കൂടി ഭാഗിക്കാറുണ്ടു്. ഇതിലേക്കു വ്യവഹാരമോ ഈ നാട്ടിൽ നടപ്പുള്ളതുപോലെ ദുഷ്യപ്രലപനങ്ങളോ യാതൊന്നും തന്നെ ഉണ്ടാകുന്നതല്ല. ബർമ്മായുവതികളുടെ വിവാഹത്തിനു വരന്മാരുടെ ജാതിവ്യത്യാസം ഒരു പ്രതിബന്ധമാകുന്നതല്ല. ഒരു യുവതി തിരഞ്ഞെടുക്കുന്നതായ വരനെ അവൾ വിവാഹംകഴിക്കയും അതിനു രക്ഷ

കത്താക്കന്മാർ അനുമതിനൾകയും ചെയ്യുന്നു.

വിദ്യാഭ്യാസവിഷയത്തിലും ബർമ്മായിലെ വനിതകളുടെ സ്ഥാനം ഒട്ടും കുറഞ്ഞ നിലയിലല്ല. വിദ്യാഭ്യാസത്തിനു സ്കൂളുകളിൽ പോകുന്ന ബാലികമാരുടെ സംഖ്യ ഇപ്പോൾ വർദ്ധിച്ചുവരികയാണ്. 1921-ാം വർഷത്തിൽ 1000-നു 165-ബാലികമാർ വിദ്യ അഭ്യസിച്ചുവന്നിരുന്നതു് 1931-ൽ 1000-നു 265-ായി വർദ്ധിച്ചിട്ടുള്ളതായും പുരുഷന്മാർ 510-ൽ നിന്നും 560-ആയിട്ടുമാത്രമെ വർദ്ധിച്ചിട്ടുള്ളു എന്നും കണക്കുകൊണ്ടു കാണുന്നു. പൊതുജനസേവനങ്ങളിലും വനിതകളുടെ ശ്രദ്ധ പതിഞ്ഞുവരുന്നു. 1932-ലെ ബർമ്മായിലെ നിയമസഭയിലേക്കു ഒരു വനിതക്കൂടി സ്ഥാനാർത്ഥിനിയായി നിൽക്കയും ആ വനിത ഭൂരിപക്ഷം അംഗങ്ങളുടെ അനുകൂലവോട്ടുകളാൽ വിജയിനിയാകയും ചെയ്തു ബർമ്മാവനിതകളുടെ സ്വാതന്ത്ര്യമായ നിരീക്ഷണവും അവിശ്രാന്തമായ പരിശ്രമവും ഹേതുവാൽ പൊതുജനസേവനത്തിനു അവർ അനുയോജ്യകളായിത്തന്നെ തീർന്നിരിക്കുന്നു. ഇവരുടെ ഈ മാതിരിയുള്ള സംരംഭങ്ങളുടെ വിജയം അനന്തരകാലങ്ങളിലെ വനിതകൾക്കു മാർഗ്ഗദർശകമായി തീരുന്നതും തന്മൂലം ബർമ്മാ ഒരുകാലത്തു സകലരുടേയും അസൂയയ്ക്കു പാത്രീഭവിക്കത്തക്കവണ്ണം അവിടത്തെ വനിതകൾ പരിഷ്കൃതമനസ്വിനികളായിത്തീരുന്നതുമാണു്.

സ്വാതന്ത്ര്യം ലബ്ധമായതുകൊണ്ടു അവയെ ദുർവ്വിനിയോഗംചെയ്യാതെ ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്നതിൽ ബർമ്മാവനിതകൾ അതീവ താല്പര്യമുള്ളവരാണ്. പുരുഷന്മാരെ വിധേയരാക്കുന്നതിനു ശക്തിയുള്ള ആയുധമായ "സ്ത്രീത്വത്തിന്റെ പരിശുദ്ധതയെ" പരിപോഷിപ്പിക്കുന്നതിനു ഗൃഹം ഒരു കളരിയായി ബർമ്മാവനിതകൾ ഇപ്പോഴും കരുതി തദനുസരണം പ്രവർത്തിച്ചുവരുന്നുണ്ടു്.

---

# അത്ഭുതച്ചെടി.

പി. കെ. നാരായണൻവൈദ്യൻ ആശ്രാമം

ഈ ചെടി വെള്ളക്കാരുടെ ബംഗ്ലാവുകളിലുംമററും സുലഭമായി നട്ടുപിടിപ്പിച്ചു കാണുന്ന ഒന്നാണ്. ഇതിനു ചിലർ "ശതാപ്പച്ചെടി" എന്നു പേർ പറഞ്ഞുവരുന്നു സാധാരണമായി പൂച്ചട്ടികളിലാണു ഈ ചെടി പിടിപ്പിക്കാറുള്ളതു് ഇതിന്റെ ഇലകളും കൊമ്പുകളും വളരെ മൃദുലങ്ങളായിട്ടുള്ളവയാണ്. അധികമുയർച്ചയിൽ വളർന്നുവരുന്നതല്ല. ഘ്രാണിച്ചാൽ ഇതിനു കനച്ചവെളിച്ചെണ്ണയുടെ ഗന്ധമുണ്ടായിരിക്കും. ആയുർവേദശാസ്ത്രപ്രകാരം ഈ "ഒററമൂലി"ക്കു വല്ലപേരോ പര്യായങ്ങളോ ഉണ്ടെങ്കിൽ അതൊന്നും എനിക്കു രൂപമില്ല എങ്കിലും ഈ ചെടികൊണ്ടു എനിക്കു സിദ്ധിച്ചിട്ടുള്ള അനുഭവങ്ങളെ ഇവിടെ പ്രസ്താവിക്കുന്നതു് പരോപകാരമായിത്തീരുമെന്നു വിശ്വസിക്കുന്നു.

പ്രസ്തുതചെടി, ഇടിച്ചുപിഴിഞ്ഞരസവും അതിനുസമം ഉരുക്കുവെളിച്ചെണ്ണയുംകൂട്ടി ഇതിന്റെ മൂലതന്നെ നാഴിഎണ്ണയ്ക്കു രണ്ടു രൂപാത്തൂക്കംവീതം അരച്ചു് കൽക്കംചേർത്തു ചെറിയതീയിൽ പാകപ്പെടുത്തി കൽക്കം മുറിഞ്ഞുവരുമ്പോൾ വാങ്ങി അരിച്ചു സൂക്ഷിക്കുക.

ശിശുക്കൾക്കുണ്ടാകുന്ന രക്തദോഷം, താലുകണ്ടകം (തൊണ്ടയിൽദീനം) ശ്വാസംമുട്ടൽ, സന്നി, വിരകോപം മുതലായവയ്ക്കു് കുറഞ്ഞമാത്രയിൽ (അഞ്ചുതുള്ളിമുതൽ മുപ്പതുതുള്ളിവരെ) ഉള്ളിൽ കൊടുക്കയും, സർവ്വാംഗം തേയ്ക്കയും ചെയ്യണം. ഏഴുവയസ്സിനകംപ്രായമുള്ള കുട്ടികൾക്കാണു ഇതിന്റെ ഫലം പ്രശസ്തമായി കണ്ടിട്ടുള്ളതു്. അതിസാരം, ശൂല ഇവയ്ക്കും ഇതുകൊണ്ടു ശമനം കിട്ടാതിരുന്നിട്ടില്ല.

ഇതിന്റെ രസംമാത്രം കൊടുത്താലും തല്ക്കാലപരിഹാരത്തിനു പര്യാപ്തമാണു്. അത്ഭുതച്ചെടിയും മഞ്ഞളുംകൂടി അരച്ചു നിത്യവും ശരീരത്തിൽ പൂശി കുട്ടികളെ കുളിപ്പിച്ചാൽ 'കരപ്പൻ' തീണ്ടുകപോലും ചെയ്യുന്നതല്ല.

ഈ ചെടിയിൽ ചിലകാലങ്ങളിൽ പുഴുക്കേടു ബാധിക്കാറുണ്ടു്. പച്ചനിറത്തിലുള്ള ഒരുതരം പുഴുവ് അതിൽതന്നെ ഉണ്ടാവുകയാണു ചെയ്യുന്നതു്. ഇതിന്റെ ഇലകൾ അതിന്റെ ആഹാരമായി തീരും. ഇലകളൊക്കെ ഭക്ഷിച്ചതിനുശേഷം കാഷ്ഠിച്ചുതുടങ്ങും—ആദ്യം വളരെ ചെറിയതരത്തിലും പിന്നീടു ചെറുപയറുവലിപ്പത്തിൽ മിനുസത്തിൽ വാത്തെടുത്ത ഗുളികയുടെ ആകൃതിയിലും കാണാവുന്നതാണു്. ഈ മിനുസമുള്ള ഗുളികകളെ സംഭരിക്കുന്നതു് പ്രയോജനമുള്ള ഒരു സംഗതിയാണു്.

സാക്ഷാൽ പ്രകൃതിദത്തമായ ഈ ഗുളികകൾ ശിശുക്കളെ സംബന്ധിക്കുന്ന "സർവ്വരോഗസംഹാരി"യാണെന്നുള്ളതിനു പക്ഷാന്തരമില്ല. അനുപാനഭേദേന എല്ലാരോഗങ്ങൾക്കും യുക്തിപൂർവ്വം പ്രയോഗിക്കുക.

അത്ഭുതച്ചെടിയുടെ ഇല നാലുരൂപാത്തൂക്കം ഒരു കുപ്പിയിൽഇട്ടു അതിൽ പതിനാറൗൺസ് 'പട്ടച്ചാരായം'ഒഴിച്ചു നല്ലപോലെ അടച്ചു പതിനഞ്ചുദിവസം നനവില്ലാത്ത മണ്ണിൽ നിക്ഷേപിക്കുക. അവധികഴിഞ്ഞു എടുത്തു ഇലകൾകളഞ്ഞു സൂക്ഷിച്ചാൽ, വിഷൂചി (കാളറ)യ്ക്കു ഒന്നാംതരം ഒരു സിദ്ധൌഷധമായി തീരുന്നതാണു്. പ്രായപൂർത്തിയുള്ള ഒരാൾക്കു് ഒരുപ്രാവശ്യം അര ഔൺസുവരെ ഉപയോഗിക്കാം.

ഈ അത്ഭുതച്ചെടിയെപ്പററി ധന്വന്തരി വൈദ്യമഞ്ജരി എന്നീ വൈദ്യമാസികകളിൽ ചില വിവരണങ്ങൾ ഇതിനുമുമ്പു പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും, അതിനുശേഷമുണ്ടായിട്ടുള്ള വിശേഷാനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയും പൊതുജനങ്ങളുടെ കൂടുതൽ ശ്രദ്ധയെ പ്രതീക്ഷിച്ചുമാണു ഈ കുറിപ്പു് 'ചിത്രവാരിക'മുഖേന പ്രകാശിപ്പിക്കുന്നതു്.

ഈ "ഒററമൂലി"യുടെശക്തി വായനക്കാർ യഥാവസരം പ്രയോഗിച്ചുനോക്കുമെന്നു വിശ്വസിക്കുന്നു

---


സൈന്റിഫിക്ക്
സ്വർണ്ണാഭരണങ്ങൾ
—*—
(തനി സ്വർണ്ണത്തിനു പകരമുള്ളതു്)
ഹൈക്കോടതിജഡ്ജിമാർ, ഗവൺമെന്റിന്റെ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്




പുതിയ ക്യാററലാഗ് ഇനാം.

**The Scientific Gold Bangles Co., Ltd,**
Head Office:- 43, Byragimatam Street,
Post Box No. 203. MADRAS



**The ROYAL STUDIO PHOTOS - the BEST: & therefore the CHEAPEST.**

**P. J. Cherian, Durbar Artist & Photographer (Cochin)**

*Managing Proprietor:*

**THE ROYAL STUDIO, ERNAKULAM; Branch:- ALWAYE.**

# പാചകകല.

എസ്സ്. എ. പിള്ള, കടയ്ക്കൽ.

രണ്ടാംഭാഗം (തുടച്ച്.)

7. വാഴപ്പിണ്ടികോസ്സംബരി (1) വാഴപ്പിണ്ടി (തട) വളരെ ചെറുതായി അരിഞ്ഞു നൂൽപോക്കി സാമാന്യശുദ്ധിചെയ്തു പിഴിഞ്ഞു ഒറത്തെരും പാകത്തിനു ഉപ്പും ചേർത്തു ഇളക്കി വച്ചുകൊണ്ടു വെളിച്ചെണ്ണയിൽ കടുകും, മുളകുവററലും, കരിവേപ്പിലയും ഉഴുന്നുപരിപ്പുംകൂടി കടുകുവറുത്തു ചേർത്തു യോജിപ്പിച്ചുകൊള്ളണം. നന്നായിരിക്കും.

8. വാഴപ്പിണ്ടികോസ്സംബരി (2) വാഴപ്പിണ്ടി അല്പം വലിയകഷണങ്ങളായി നുറുക്കി സാമാന്യശുദ്ധിചെയ്തു പിഴിഞ്ഞു ചെറുനാരങ്ങാനീരും പാകത്തിന് ഉപ്പുംചേർത്തു വച്ചുകൊണ്ടു വെളിച്ചെണ്ണയിൽ വററൽമുളകും കടുകും കറിവേപ്പിലയും ഉഴുന്നുപരിപ്പുംകൂടി കടുകുവറുത്തുചേർത്തു ഇളക്കി ശരിയായി യോജിപ്പിച്ചുകൊള്ളണം.

9. തേങ്ങാകോസ്സംബരി (1) തേങ്ങാ വളരെ ചെറുതായി ചുരണ്ടിയെടുത്ത് ഒറത്തെരും പാകത്തിന് ഉപ്പുംചേർത്ത് ഒരു പാത്രത്തിൽ വച്ചുകൊണ്ട് വെളിച്ചെണ്ണയിൽ കടുകും, മുളകുവററലും, ഉഴുന്നുപരിപ്പും കറിവേപ്പിലയും കൂടി കടുകുവറുത്തു യോജിപ്പിച്ചുകൊള്ളണം.

10. തേങ്ങാകോസ്സംബരി (2) തേങ്ങാ ചെറുതായി ചുരണ്ടി പഞ്ചസാരയും ഏലപ്പൊടിയുംചേർത്തുകൊണ്ടാൽ അധികം സ്വാദുള്ള ഒരു നല്ലകോസ്സംബരിയായി. ഇതിനു കടുകുവറുക്കേണ്ട ആവശ്യമില്ലെന്ന് എടുത്തു പറയേണ്ട ആവശ്യമല്ലല്ലൊ. കഞ്ഞിക്ക് അതിപ്രധാനമായ ഒരു കൂട്ടുവാനാണ് ഇതു്.

11. തേങ്ങാകോസ്സംബരി (3) ചെറുതായി ചുരണ്ടിയെടുത്ത തേങ്ങയും ചെറുപരിപ്പും ചെറുനാരങ്ങാനീരും പാകത്തിനു ഉപ്പും ചേർത്തു ശരിയായി ഇളക്കിവച്ചുകൊണ്ട്, വെളിച്ചെണ്ണയിൽ കടുകും മുളകും, ഉഴുന്നുപരിപ്പും കറിവേപ്പിലയുംകൂടി കടുകുവറുത്തു ചേർത്തു യോജിപ്പിക്കണം.

12. കടലകോസ്സംബരി. പച്ചക്കടലപ്പരിപ്പ് കുതിർത്ത്, നുറുക്കിയതേങ്ങായും പഞ്ചസാരയും ഏലപ്പൊടിയുംചേർത്തു ശരിയായിവിരകി യോജിപ്പിച്ചുകൊണ്ടാൽമതി. ഇതിനു് കടുകുവറുക്കേണ്ട ആവശ്യമില്ല. ഇതു് ഒരു പലഹാരമായും ഉപയോഗിക്കാവുന്നതാണ്. അല്ലെങ്കിൽ രാവിലെയുള്ള കടുത്തികുടിക്ക് അത്യുത്തമവും രുചിപ്രധാനവുമായ ഒരു കൂട്ടുവാനായും ഉപയോഗിക്കാം.

13. ചെറുപരിപ്പ് കോസ്സംബരി. പച്ചചെറുപരിപ്പ് (പച്ചയായിത്തന്നെ ഉടച്ച് തോൽപോക്കിക്കൊള്ളണം) കുതിർത്തു നല്ലമുളകുപൊടിയും ഉപ്പും പാകത്തിനുചേർത്തു ഒരു പാത്രത്തിലാക്കി മുൻപറഞ്ഞ രീതിയിൽ കടുകുവറുത്തുവീഴ്ത്തി ഇളക്കി ഉപയോഗിച്ചുകൊള്ളണം. ഇതിൽ പുളിരസം വരുത്തുന്നതിനുവേണ്ടി മാങ്ങാ തൊലിപോക്കി ചെറുതായി കൊത്തി അരിഞ്ഞു ചേർക്കാം അല്ലാത്തപക്ഷം ചെറുനാരങ്ങാനീരു ക്രമത്തിനുചേർത്ത് പുളിരസവും സ്വാദും വരുത്തിക്കൊള്ളാവുന്നതാണ്.

പ്രധാന കോസ്സംബരികളെപ്പററി മാത്രമെ ഇവിടെ വിവരിച്ചിട്ടുള്ളു. ഇവ കൂടാതെ യുക്തിപൂർവ്വം ആലോചിച്ചു അനേകം കോസ്സംബരികൾ സൃഷ്ടിച്ചുകൊള്ളാവുന്നതാകുന്നു. പാകരീതി എല്ലാം മേൽപ്രകാരംതന്നെ സസ്യങ്ങൾമാത്രം യോജിപ്പുള്ളവ സ്വീകരിച്ചുകൊള്ളണമെന്നേയുള്ളു. ഇവ മററുകറികളെപ്പോലെ ഭക്ഷണത്തിനുള്ള ഒരു പ്രധാനകൂട്ടുവാനാണെന്നു ഗണിക്കേണ്ട ആവശ്യമില്ല. ഉപ്പിലിട്ടതുകൾ ക്ഷാരരസപ്രധാനങ്ങളാണല്ലൊ അവയ്ക്കു നേരെ വിപരീതസ്വഭാവമായ സൗമ്യരസപ്രധാനങ്ങളാണു കോസ്സംബരികൾ അതിനാൽ ക്ഷാരരസപ്രിയന്മാരുടെ നാവിനു് അത്യാനന്ദകരമായ സൗമ്യതകൂടിവരുത്തുന്നതിനു് ഇവയ്ക്കു കൂടുതൽശക്തിയുണ്ടെന്നും അതിനാലിതിനും ഭക്ഷണസാധനങ്ങളുടെയിടയ്ക്കു ഒരു ശരിയായ സ്ഥാനംലഭിച്ചു കഴിഞ്ഞിരിക്കുന്നു എന്നുംകൂടി അറിഞ്ഞിരുന്നാൽമതി. എല്ലാം ഒരേരസമായിരുന്നാൽ നിരസത്തിനല്ലാതെ വഴിയില്ലല്ലൊ.

## പച്ചടികൾ

1. മാമ്പഴപ്പച്ചടി. പച്ചടിവർഗ്ഗങ്ങളിൽ പ്രാധാന്യം ശരിയായി പാകംചെയ്തിട്ടുള്ള മാമ്പഴപ്പച്ചടിക്കുതന്നെയാകുന്നു. പഴുത്താൽ അല്പം പുളിരസംകൂടി കാണുന്ന നാട്ടുമാമ്പഴംതന്നെയാണ് ഇതിനു് ഉപയോഗിക്കേണ്ടതും. മാമ്പഴം ശുദ്ധജലത്തിൽ കഴുകി തോത്തി ചുനയുടെ ഭാഗം വൃത്തിയായി ചെത്തിക്കളഞ്ഞു മുറി വേർപെട്ടുപോകാതെ ഇരുവശവും പൂളി പാകത്തിനു് ഉപ്പും അല്പം മഞ്ഞളുംചേർത്തു ശുദ്ധജലത്തിൽ വേവിക്കണം. വെള്ളം മുക്കാൽ ഭാഗവും വററിയാൽ അതിൽ അല്പം ശക്കര ചേർത്തു വീണ്ടും തിളപ്പിച്ചു മുളകും തേങ്ങായും ജീരകവും, കറിവേപ്പിലയും അല്പം കടുകും കൂടി അരച്ച് കൂട്ടു കലക്കി ഒഴിച്ചു വീണ്ടും തിളച്ചുകൊഴുത്തശേഷം മുളകുവററലും, കടുകും, കറിവേപ്പിലയുംകൂടി വെളിച്ചെണ്ണയിൽ കടുകുവറുത്ത് അതിൽ പച്ചടി വീഴ്ത്തി ഇളക്കി ഇറക്കി അടച്ചു വച്ചുകൊള്ളണം.

2. മാങ്ങാപ്പച്ചടി. പുളിയുള്ള പച്ചമാങ്ങാ ശുദ്ധിചെയ്തു നുറുക്കി അണ്ടിപോക്കി ഓരോ മാങ്ങയും പത്തോ പന്ത്രണ്ടോ കഷണങ്ങളാക്കി അതിനുള്ള പുളിരസത്തിൻെറ തോതുകൂടി അറിഞ്ഞു പാകത്തിന് ഉപ്പുചേർത്തു വേവിക്കണം അനന്തരം വററൽമുളക്, തേങ്ങാ, ജീരകം, കടുക്, കറിവേപ്പില, ഇവചേർത്തരച്ചിട്ടുള്ള കൂട്ടു കലക്കിവീഴ്ത്തി തിളച്ചു കൊഴുത്തുവരുമ്പോൾ കടുകും, മുളകും, കറിവേപ്പിലയുംകൂടി വെളിച്ചെണ്ണയിൽ കടുകുവറുത്ത് അതിൽ പച്ചടിയൊഴിച്ച് ഇളക്കി വാങ്ങണം ഇതിൽ മാങ്ങാകഷണത്തോടുകൂടി പച്ചമുളകും ചേർത്തു കഷണമാക്കിക്കൊള്ളാവുന്നതാണ്. ഇവയ്ക്കു തമ്മിൽ രുചിക്കു സാരമായ ഭേദഗതി ഉണ്ടായിരിക്കുന്നതാണ്.

3. മത്തങ്ങ പച്ചടി. പഴുത്തമത്തങ്ങാ പുറത്തെ തൊലിയും അകത്തെ കുടലും (പത്) കുരുവും കളഞ്ഞു് ഒരിഞ്ചു ചതുരത്തിലുള്ള കഷണമാക്കി ശുദ്ധിചെയ്തു ഉപ്പും മഞ്ഞളുംചേർത്തു ശുദ്ധജലത്തിൽ വേവിച്ച് പുളി കലക്കി ഒഴിച്ചു തിളപ്പിക്കണം. വെള്ളം മുക്കാലും വററുമ്പോൾ വററൽമുളകും തേങ്ങായും, കടുകും, ജീരകവും കറിവേപ്പിലയുംകൂടി അരച്ചെടുത്ത കൂട്ടു കലക്കിചേർത്ത് മുൻപറഞ്ഞപ്രകാരം കടുകുവറുത്തുകൊള്ളേണ്ടതാണ്. ഇതിൽ ആവശ്യമുണ്ടെങ്കിൽ അല്പം ശക്കരകൂടി പുളിയോടെ അരയ്ക്കാൽ കണക്കുകണ്ടു ചേർത്തുകൊള്ളുന്നതു് നന്നായിരിക്കും.

4. മരച്ചീനിപച്ചടി. മരച്ചീനി കാമ്പും, തൊലിയും കളഞ്ഞു് കുന്നിക്കുരു പ്രായത്തിൽ ചെറുകഷണമായി അരിഞ്ഞു പുഴുങ്ങി ഊററി ശുദ്ധം ചെയ്തു് പാകത്തിനു് ഉപ്പും പുളിയും മഞ്ഞളുംചേർത്ത് വേവിക്കണം പുളി ചേർക്കുമ്പോൾ അല്പം മോരു കൂടി ചേർത്തുകൊള്ളുന്നതു നല്ലതാണ്. പിന്നീട് പച്ചടിക്കുള്ള വ്യഞ്ജനക്കൂട്ട് (വററൽമുളക്, തേങ്ങാ, കടുക്, ജീരകം, കറിവേപ്പില, ഇവചേർത്തു നേർമയായി അരച്ചിട്ടുള്ളതു്) കലക്കി ഒഴിച്ചു കൊഴുത്തതിൽ പിന്നീട് വെളിച്ചെണ്ണയിൽ കടുകുവറുത്ത് ഒഴിച്ചു ഇളക്കിവാങ്ങിക്കൊള്ളേണ്ടതാകുന്നു.

5. ചക്കക്കുരുത്തുപച്ചടി- ശരിയായി വിളഞ്ഞ ചക്കയുടെ അകത്തെക്കുരുത്തു (പൂഞ്ഞു് എന്നും ദേശഭേദത്താൽ പേരുണ്ടെന്നു തോന്നുന്നു) കുന്നിക്കുരു വലിപ്പത്തിൽ അരിഞ്ഞുകഴുകി ഉപ്പും മഞ്ഞളും ചേർത്തു മുക്കാൽഭാഗം വേവാകുമ്പോൾ പുളിയും അല്പം മോരും ഒഴിച്ച് തിളപ്പിച്ച് വീണ്ടും മുക്കാൽഭാഗംകൂടി വററിയ ശേഷം പച്ചടിക്കുള്ള കൂട്ടുചേർത്തു ഇളക്കി കൊഴുത്തതിൽ പിന്നീട് കടുകുവറുത്ത് ഒഴിച്ചു ശരിയായി ഇളക്കി വാങ്ങിക്കൊള്ളണം

6. മുളകുപച്ചടി. പച്ചമുളക് നടുവേ രണ്ടായിമുറിച്ച് ഞെട്ടുകളഞ്ഞു് ഉപ്പും പുളിയുംചേർത്ത് മുക്കാൽജലം വററിച്ച് വററൽമുളക്, തേങ്ങാ, കടുക്, ജീരകം, കറിവേപ്പില ഇവചേർത്തരച്ചിട്ടുള്ള കൂട്ടുകലക്കി ഒഴിച്ചു തിളച്ചു കൊഴുത്തതിൽപിന്നീട് വെളിച്ചെണ്ണയിൽ കടുകുവറുത്തൊഴിച്ചു യോജിപ്പിച്ച് ഇളക്കി വാങ്ങിക്കൊള്ളണം.

7. ചേമ്പിൻതണ്ട് പച്ചടി. ചേമ്പിൻതണ്ടു് (തട) നാരുരിച്ച് അരിഞ്ഞു് അപിച്ചു ഊററണം. പിന്നീട് അതിൽ ഉപ്പും പുളിയുംചേർത്തു വററിച്ച്, മുളക്, തേങ്ങാ, ജീരകം, കടുക്, കറിവേപ്പില ഇവ ചേർത്തരച്ചിട്ടുള്ള കൂട്ടു കലക്കി ഒഴിച്ച് തിളപ്പിച്ച്

അല്പം കൊഴുക്കുമ്പോൾ കടുകം മുളകുവററലും കറിവേപ്പിലയുംകൂടി വെളിച്ചെണ്ണയിൽ കടുകുവറുത്തു് ചേർത്തിളക്കി അടുപ്പിൽനിന്നും വാങ്ങിക്കൊള്ളേണ്ടതാകുന്നു.

മഹാരാഷ്ട്രരീതി അനുസരിച്ചുള്ള പ്രധാനകറികൾ.

ഇനി പ്രസ്താവിക്കുന്നതു തനി മഹാരാഷ്ട്രപാകപ്രകാരമുള്ള ചില കറികളെപ്പററിയാകുന്നു. ഇവയുടെ പാചകരീതികളിൽ ചില സംഗതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതായുണ്ടു്:—

1. ഇവയ്ക്കു "കടുകുവറുക്കണം" എന്നു പറയുന്നിടത്തെല്ലാം ഉഴുന്നുപരിപ്പും, കടുകം ഉലുവായും കറിവേപ്പിലയും മുളകുംകൂടി വെളിച്ചെണ്ണയിൽ മൂപ്പിച്ചു സുഗന്ധം വരുമ്പോൾ കൂട്ടാൻ അതിലിട്ടിളക്കിക്കൊള്ളണമെന്നു ധരിക്കേണ്ടതാകുന്നു.

2. കറികളിൽ മുളകു അരച്ചോ, പൊടിച്ചോ ഏതെങ്കിലും തരത്തിൽ ചേർത്തിട്ടുണ്ടെങ്കിൽ കടുകുവറുക്കുന്നതിൽ മുളകു ചേർക്കേണ്ട ആവശ്യമില്ല

3. ജീരകം ചേർക്കുന്ന കറികൾക്കു മിക്കവാറും കായം ചേർക്കേണ്ടതായി വരികയില്ല.

ഇത്രയും സംഗതികൾ ഈ പാകരീതിയിൽ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളേണ്ടതാണു്. പിന്നെ കടുകുവറുപ്പിൽ വിശേഷവിധിയായി വല്ല സാധനങ്ങളും ചേർക്കേണ്ടതായിരുന്നാൽ അവയെ പ്രത്യേകം പ്രസ്താവിക്കുന്നതാണു്. അല്ലാതെ കടുകുവറുക്കണമെന്നുമാത്രം പറയുന്നിടത്തു മേൽക്കാണിച്ചിരിക്കുന്ന സാധനങ്ങൾ ചേർത്താണെന്നു് ധരിച്ചുകൊള്ളേണ്ടതാകുന്നു. ഓരോ പാചകരീതികളിലും ഇന്നയിന്നസാധനങ്ങൾ ചേർത്തു കടുകു വറുക്കണമെന്നു് ആവർത്തിച്ചുപറഞ്ഞു് സ്ഥലം മിനക്കെടുത്തണമെന്നുദ്ദേശിക്കുന്നില്ല.

അടുത്തതായി തുവരപ്പയറിനെപ്പററിയും അതു ശരിയായി പരിപ്പാക്കേണ്ട ക്രമത്തെപ്പററിയും അല്പസംഗതികൾകൂടി ഇവിടെ പ്രസ്താവിച്ചുകൊണ്ടു പാചകക്രമങ്ങളിലേക്കുതന്നെ വായനക്കാരെ ക്ഷണിച്ചുകൊള്ളാം.

ശുദ്ധവെള്ളനിറത്തിൽകാണപ്പെടുന്ന തുവരപ്പരിപ്പ് നന്നല്ല. വേവും രുചിയും നന്നാകയുമില്ല. ഇതിൻറയും മുതിരയുടേയും സ്വാദു ഏകദേശം ഒന്നുപോലെയാണു്. മുതിരപ്പരിപ്പുകൊണ്ടു സാധിക്കേണ്ട ചില സാധനങ്ങൾ അതിനുപകരം വെള്ളത്തുവരൻപയറുകൊണ്ടു നിറവേററാം. അല്പം ചുവപ്പുനിറംകലർന്ന തുവരൻപരിപ്പാണു് കറികൾക്കു ഉപയോഗിക്കേണ്ടതു്. നമ്മുടെ മിക്ക കടകളിലും ഒന്നാംതരം, രണ്ടാംതരം, വടക്കൻ, പാണ്ടി, എന്നി വ്യത്യസ്തരൂപങ്ങളിൽ തുവരപ്പരിപ്പ് പല ജാതിവച്ചിരിക്കുന്നതായി കാണാം:— അതിൽ പാണ്ടിപ്പരിപ്പ് ഉത്തമവും വടക്കൻ രണ്ടാംതരവും ആയിരിക്കും. ഇതുരണ്ടിലുംചേർന്നതല്ല വെള്ളപ്പരിപ്പ്. അതു ശരിയായി സൂക്ഷിച്ചില്ലെങ്കിൽ പെട്ടെന്നു ഉളുത്തുപോകുന്നുണ്ടു്.

തുവരപ്പയറിനെ പരിപ്പാക്കുന്നമാർഗ്ഗം:— ചുവന്ന തുവരപ്പയറു നല്ലവണ്ണം ഉണക്കിപാററി എടുക്കേണ്ടതു അത്യാവശ്യമാകുന്നു. പയറിൻെറ മൂന്നോ നാലോ ഇരട്ടിമണ്ണു (ചുവപ്പുനിറമുള്ള മണ്ണായിരുന്നാൽകൊള്ളാം) ശരിയായി വെള്ളം ഒഴിച്ചു ചവിട്ടിക്കുഴച്ചു പരുവപ്പെടുത്തി അതിൽ തുവരപ്പയറിട്ടു ഉരുളകളായി ഉരുട്ടി പയറിൻെറ അംശംപോലും കാണാതിരിക്കത്തക്കവണ്ണം നണ്ണു ശരിയായി പൂശ വയ്ക്കുക.

ഇപ്രകാരംചെയ്തു മൂന്നുദിവസംകഴിഞ്ഞെടുത്തു ആ മണ്ണോടുകൂടി വെയിലിൽ ഒരു പായിട്ടു അതിൽ ഇടണം. തുവരയിൽ പൊതിഞ്ഞിരിക്കുന്ന മണ്ണ് ഉണങ്ങുമ്പോൾ ഉതിർന്നുപോകുന്നതാണു്. ഉണങ്ങിക്കഴിഞ്ഞാൽ അവ കൈകൊണ്ടു ശരിയായിതേച്ചു പാററിഎടുത്താൽ പയർ മുഴവൻ തിരിഞ്ഞുവരും. വീണ്ടും ഒന്നുകൂടി ഉണക്കി ഉരലിൽഇട്ടു് കുത്തിപ്പാററി എടുത്താൽ നല്ലപരിപ്പായിത്തീരും. ഈ പ്രവൃത്തിക്കു "തുവരമുളംകട്ടുക" എന്നു പറയുന്നു. പയറു മണ്ണിൽ കുഴച്ചുവയ്ക്കുമ്പോൾ മുളയ്ക്കുന്നതിനായി കുതിർന്നു വീർക്കുന്നു. അപ്പോൾ അതിന്മേൽ പൊതിഞ്ഞിരിക്കുന്ന തൊലി പൊട്ടിപ്പോകും. വീണ്ടും ഉണക്കുമ്പോൾ പരിപ്പു ചുരുങ്ങി തൊലിയിൽനിന്നു വിട്ടുമാറുന്നതാണു്.

(തുടരും)


# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah of Travancore.)

**CHAIRMAN:- K. C. PANDALAI B. Sc. (LOND.)**

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 3 - 11.

Reserve and other Funds :- 2,23,500.

## HEAD OFFICE:- ALLEPPEY.

Branches TRIVANDRUM, CHANGANACHERRY, COCHIN & QUILON.

SUB-OFFICES: ERNAKULAM, KAYAMKULAM & KOTTAYAM.

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

or to the
CHAIRMAN
COLLEGE BUILDINGS
ESPLANADE, MADRAS.

C. KRISHNA MENON M.A.
MANAGER ALLEPPEY.

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## നോവൽഗ്രന്ഥങ്ങൾ.

### അഹിഭയം അഥവാ കേരളകാളിദാസൻ.

ഒന്നാംഭാഗം.

എം. ആർ. രാമക്കൈമ്മൾ, എം. ഏ. എൽ എൽ ബി.

ആയില്യംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ രാജ്യഭാരകാലത്തു നടന്ന ചില സംഭവങ്ങളെ ആസ്പദമാക്കി എഴുതിയ ഒന്നാന്തരം ഒരു നോവൽ. രസകരങ്ങളായ ഫലിതങ്ങൾ, വിജ്ഞാനപ്രദങ്ങളായ പ്രൗഢസന്ദർഭങ്ങൾ, നമ്പൂതിരിമാരുടെ സംഭാഷണരസികത്വങ്ങൾ, ധർമ്മതത്വങ്ങളെ ആധാരമാക്കിയുള്ള സദുപദേശങ്ങൾ മുതലായവ യഥോചിതം കലർത്തി ഭാവനാശക്തിയുടെ അനിയന്ത്രിതപ്രവാഹത്താൽ കാവ്യചമല്ക്കാരം സാധിച്ചിരിക്കുന്ന ഈ വിശിഷ്ടഗ്രന്ഥം വായിക്കുന്നവർക്കു നോവലെഴുത്ത് ഒരു കലാവിദ്യയാണെന്ന പരമാർത്ഥം മനസ്സിലാകുന്നതാണ്. ഇന്ദുലേഖയിലെ ശൃംഗാരരസമാധുര്യവും, മാർത്താണ്ഡവർമ്മയിലെ വീരകരുണാദിരസങ്ങളുടെ സ്വാരസ്യവും ഏകകാലത്ത് അനുഭവിക്കണമെന്നുള്ളവർ ഈ നോവൽമാത്രം വായിച്ചാൽ മതി.

വില രൂ 1 ണ 8.

### സത്യഗ്രാഹി

കെ. നാരായണക്കുരുക്കൾ, ബി. ഏ.

ഭാരതമാഹാത്മ്യത്തെ പ്രദർശിപ്പിക്കുന്ന ഒരു നവ്യകഥ. സർവോപനിഷൽസാരവിമർശങ്ങളടങ്ങീട്ടുള്ളതും ഗ്രന്ഥകർത്താവിന്റെ ചരിത്രം സംക്ഷിപ്തമായി വർണ്ണിച്ചിരിക്കുന്നതും ആയ ഈ ഗ്രന്ഥം സ്വയംഭരണാവകാശം, സ്വയംവരണാവകാശം, സ്വാത്മവിശ്വാസം, സ്വാത്മനിശ്ചയം തുടങ്ങിയ അഭിനവരാഷ്ട്രീയതത്വങ്ങളെ വ്യാഖ്യാനിക്കുന്ന ഒരു ഇതിഹാസമെന്നുതന്നെ പറയാം. സത്യഗ്രഹം, സഹകരണത്യാഗം എന്നുള്ള പ്രമാണങ്ങളെ ആസ്പദമാക്കിയുള്ള ഒരു പാരമാർത്ഥികജീവിതസമ്പ്രദായത്തെ വിശദമാക്കുന്ന ഒരു സത്യഗ്രാഹിയുടെ സുചരിതമത്രേ ഈ ആഖ്യായിക.

വില രൂ 1 ണ 8.

### ചമ്പകമാല അഥവാ

### വംഗദേശരാജ്യത്തിലെ ഒരു ഘാതകൻ

സി. എസ്സ്. സുബ്രഹ്മണ്യൻപോററി എം. ഏ.

ദുർഗ്ഗേശനന്ദിനിയുടെ നിത്യമധുരമായ കാവ്യസൗരഭ്യം അപ്പാടെ കേരളീയർക്ക് ആസ്വാദനവിഷയമാക്കിത്തന്ന സുപ്രസിദ്ധ ഗദ്യകാരനായ ഗ്രന്ഥകർത്താവിന്റെ കൃതിയാണെന്നുള്ളതിൽ കൂടുതലായി ഒരു വിവരണം ഈ ഗ്രന്ഥത്തിനു ആവശ്യമില്ല.

വായനക്കാരുടെ മനസ്സിനെ ഹഠാദാകർഷിക്കുന്ന കഥാഗതിയും, ആരെയും അത്ഭുതപരവശരാക്കുന്ന പരിണാമഗുപ്തിയും, അശിഥിലമായ കഥാഘടനയും, സരസകോമളമായ വർണ്ണനയും അമോഘങ്ങളായഗുണപാഠങ്ങളും, അത്യധികം ആനന്ദത്തെ ജനിപ്പിക്കുന്ന രചനാസൗകുമാര്യവും തികഞ്ഞ ഈ വിശിഷ്ടകൃതി മലയാളികളുടെ ആദരത്തെ അതിമാത്രം അർഹിക്കുന്ന ഒന്നാണ്.

വില അണ 10.

### കാലന്റെ കൊലയറ

എത്രയും സംഭ്രമജനകമായ ഒരു കഥ.

ഗ്രന്ഥകർത്താ:–
റാവുസാഹിബ്ബ് ഒ. എം. ചെറിയാൻ ബി. ഏ; എൽ. ടി.

ഒരു നാട്ടുരാജ്യത്തിലെ ദിവാൻ നരബലിപ്രധാനമായ ഒരു ആരാധനാപ്രകാരത്തിന്റെ പുരോഹിതമുഖ്യനായി നിന്നുകൊണ്ട് ഒരു കമ്മീഷണർദ്ധ്വരയുടെ പുത്രിയെ കാലനു ബലിയായി നല്കുവാൻ ഒരുങ്ങുന്നതും ആ സന്ദർഭത്തിൽ ഒരു കോടീശ്വരനും സഹചരനുംകൂടി ആ വനിതയെ രക്ഷപ്പെടുത്തുന്നതും എത്രയും സംഭ്രമജനകമായവിധത്തിൽ വർണ്ണിച്ചിരിക്കുന്നു. സംഭ്രമമുളവാക്കുന്ന സംഭവങ്ങൾ, ശക്തിയേറിയ വർണ്ണനകൾ, എന്നിവയാൽ സാഹിത്യഗുണം നിറഞ്ഞുവഴിയുന്ന ഒരു നോവൽ.

റഫ്കടലാസ് രൂ ൧. മേനിക്കടലാസ് രൂ ൧꠲.

### അനംഗനാചുംബനം.

വടയാററുകോട്ട കെ. പരമേശ്വരൻപിള്ള.

ഇംഗ്ലീഷുനോവൽഎഴുത്തുകാരിൽ അഗ്രഗണ്യനായ റെയിനാൾഡ്സ് എന്നമഹാന്റെ 'Virgins Kiss' എന്ന വിശിഷ്ടകൃതിയെ അനുകരിച്ചു രചിച്ചിട്ടുള്ളതാണ് പ്രസ്തുത നോവൽ. പുസ്തകം വായിച്ചുതുടങ്ങിയാൽ അവസാനം കാണാതെ മടക്കിവയ്ക്കുവാൻ മനസ്സുണ്ടാകാത്തവിധത്തിലുള്ള ഇതിലെ പരിണാമഗുപ്തിയും പിന്നെയുംപിന്നെയും ആദ്യന്തം വായിക്കണമെന്നു തോന്നത്തക്കവിധത്തിലുള്ള ഇതിലെ കഥാഘടനയിലുള്ള സൗകുമാര്യം, വർണ്ണനകളുടെതന്മയത്വം, സംഭവങ്ങളുടെ സ്വാഭാവികത തുടങ്ങിയ കാവ്യകലാനുരൂപമായ ഗുണപൗഷ്കല്യവും അന്യാദൃശമെന്നുമാത്രമേ പറവാനുള്ളു. "താൻ കുഴിച്ച കുഴിയിൽ താൻതന്നെ ചാടും" എന്നൊരു തത്വവും ഈ കഥ വെളിപ്പെടുത്തുന്നുണ്ട്.

മതഭക്തി, രാജഭക്തി, രാജ്യഭക്തി, ധർമ്മബോധം മുതലായവയെ ഉത്തേജിപ്പിച്ചും അനുരാഗത്തിന്റെ പരമപവിത്രതയെപ്പററി ബോധം ജനിപ്പിച്ചും പരമാനന്ദത്തെ നല്കുവാൻ പര്യാപ്തമായ സാഹിത്യഗുണം നിറഞ്ഞ ഈ വിശിഷ്ടഗ്രന്ഥം പുരുഷന്മാരുടെ ഇഷ്ടപത്നിയും, സ്ത്രീകളുടെ ഇഷ്ടതോഴിയും ആണെന്നു പറയുന്നത് ഒരു അതിശയോക്തിയായിരിക്കയില്ല.

മൂന്നുഭാഗങ്ങൾക്കുംകൂടി രൂ 2 ണ 8–മാത്രം.

### താരാഭായി.

അത്ഭുതജനകങ്ങളായ സംഭവങ്ങൾ, ആസ്വാദ്യങ്ങളായ വർണ്ണനകൾ എന്നിവയാൽ വായനക്കാരുടെ മനസ്സിനെ ഹഠാദാകർഷിക്കുന്ന ഈ നോവൽ സഹൃദയന്മാരായുള്ളവർ വായിച്ചിരിക്കേണ്ടതാണ്.

വില രൂപാ ൧.

കൂടാതെ ഭാഗവതം, ഭാരതം, രാമായണം ആദിയായ കിളിപ്പാട്ടുകൾ, പലമാതിരിയിലുള്ള ഗദ്യപുസ്തകങ്ങൾ, സംഗീതനാടകങ്ങൾ, ഊഞ്ഞാൽപ്പാട്ടുകൾ, തുള്ളക്കഥകൾ ആട്ടക്കഥകൾ മുതലായ എല്ലാപുസ്തകങ്ങളും വില്പനയ്ക്കു എപ്പോഴും തയാറുണ്ട്. കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ കാററ്ലാഗിനു അപേക്ഷിക്കുക.

# THE MALAYALA RAJYAM

10th DEC. 1934. **CHITRAVARIKA.** Vol. VII No 14


## ബാംബെ മെഡിക്കൽഹാൾ, കൊല്ലം.

### ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

അനവധി സർട്ടിഫിക്കറ്റുകൾ ലഭിച്ച ആരോഗ്യസുധ എന്ന

## കാമബാണ[illegible]



രക്തശുദ്ധിക്കും ശുക്ലവൎദ്ധനയ്ക്കും ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മറ്റെല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നതിന്ന് അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്ക് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ആഭാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചുടിൽ, അസ്ഥിസ്രുക്കം, മേഹപ്പോക്ക്, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിന്നു മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലർന്നുപോകുക, ഉഷ്ണപ്പുണ്ണ് മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിന്ന് ഓജസ്സും തേജസ്സും നൽകി, കോമളസൗകുമാര്യത്തെ പ്രദാനം ചെയ്യുന്നതിന്ന് ഇത്ര ശക്തിയുള്ള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

സ്നേഹിതന്മാരേ!

മേൽ പറഞ്ഞ രോഗങ്ങൾ പിടിപെട്ടവർ, കണ്ണുംകുഴിഞ്ഞു്, കവിളൊട്ടി, തോൾ ഇടിഞ്ഞുതാണു് കയ്യും കാലും മെലിഞ്ഞു്, വിളറിവെളുത്തു് എല്ലുംതോലുമായി, വിളവുകൾക്കു കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിന്റെ ദുർഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിന്റെ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്കയാലുള്ള വിഷമവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നിലും പ്രായംകുറഞ്ഞ ബാലന്മാരും തന്റെ സമപ്രായക്കാരും ഒരിക്കൽ തന്നേക്കാൾ എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും, ഇപ്പോൾ അവരോടു് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി ൧ രൂപാ വിലയുള്ള മാൻകൊമ്പുഭസ്മം കൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുള്ള ടിൻ ഒന്നുക്കു
വില രൂപാ 2.
(അഞ്ചൽകൂലി പുറമെ.)

## [illegible]ിത്ത[illegible]ന്തകൻ.

പിത്തരോഗികൾക്കു് ഒരു വലിയ അനുഗ്രഹം.



അതിദാഹം, ശരീരത്തിന്റെ മഞ്ഞളിപ്പു്, ദേഹം എല്ലായ്പോഴും വിയർക്കുക, ശരീരത്തിന്നു ചൂടുണ്ടാകുക, ക്ഷീണം, കോപശീലം, വായിൽനിന്നും പുളിപ്പും കൈപ്പും ഉള്ള വെള്ളം ഊറുക മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണു്. കണ്ണിന്റെ മലക്കം, ഹൃദയത്തിന്റെ അസ്വാസ്ഥ്യം, ശരീരത്തിന്റെ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി ചലിക്കുന്നതുപോലെ തോന്നുക, എപ്പോഴും കിടക്കത്തക്കവണ്ണം ശരീരത്തിന്നു തളച്ച് ബാധിക്കുക, എപ്പോഴും മയക്കം ഉണ്ടാവുക, ഉറക്കത്തിൽ ദുഃസ്വപ്നം കാണുക, മൂത്രം മഞ്ഞളിച്ചു പോവുക, കൈകാൽകഴപ്പു്, നടക്കാൻ വൈഷമ്യം തോന്നുക, ഭക്ഷണത്തിൽ അരുചി തോന്നിക്കുക മുതലായ പിത്തസംബന്ധമായ മററു സുഖക്കേടുകൾക്കും ഈ ഔഷധം കൈകണ്ട ഫലത്തെ ചെയ്യുന്നതാണു്.

30 നേരം സേവിക്കാനുള്ള മരുന്നടങ്ങിയ ഡപ്പി ഒന്നുക്കു
വില രൂപാ 2.

## [illegible]ൽ[illegible]ലതിക[illegible]കല്പതം

ശരീരസന്ധികൾ, അസ്ഥി, മജ്ജ ഇവകളെ ആശ്രയിച്ചുള്ള മാംസം; ത്വക് ഇവയെ ബാധിച്ചതുമായ രക്തദോഷം, കുഷ്ഠം, ഞരമ്പുകൾക്കുള്ളിലുണ്ടാകുന്നതായ നാഡീവ്രണം, അർബുദം ഭഗന്ദരം, ഗണ്ഡമാല, പാദചക്രം, പാദകണ്ടകം, വാതരക്തം മുതലായവകളേയും വിശിഷ്യ, കഴുത്തിന്നു മുകളിലുണ്ടാകുന്ന രക്തദുഷ്യവ്രണങ്ങളേയും ശമിപ്പിക്കും. ക്ഷയം, അരുചി, പീനസം, കാസം, ശോഷം, അർശസ്സ്, ശ്വാസംമുട്ട്, മേഹം, ക്ഷതം ഇവകളേയും ശമിപ്പിക്കും.

4 ഔൺസു കുപ്പി ഒന്നുക്കു വില രൂപാ 1. അണ 4.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശു് (തപാലിൽ ൩ ണ.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

**ബാംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവിതാംകൂർ.**

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.